

# സത്യദൂതൻ

2023 നവംബർ | ലക്കം 11

വില ₹ 30

## പശ്ചിമേഷ്യൻ സംഘർഷങ്ങൾ: പാശ്ചാത്യ സയണിസ്റ്റ് ഗൂഢാലോചന

## ഫലസ്തീൻ പ്രശ്നം: മതപരവും രാഷ്ട്രീയവുമായ മാനങ്ങൾ

## ഫലസ്തീൻ: ലോകം മുഴുവൻ പ്രതിധ്വനിക്കുന്ന നീതിയുടെ നിലവിളി

ഉടൻ പുറത്തിറങ്ങുന്നു!!

ഖുർആനിക ദർശനങ്ങളുടെ
അകം പൊരുൾ തുറന്നു കാട്ടുന്ന കൃതി.

# കേവലനീതി കാരുണ്യം ബന്ധുത്വം
# മൂന്ന് സക്രിയ തത്വങ്ങൾ

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
(ഖലീഫത്തുൽ മസീഹ് IV)

വിവ: എ. എം മുഹമ്മദ് സലീം

*മനുഷ്യനിലും പ്രകൃതിയിലും പ്രതിഫലിക്കുന്ന
ദൈവികഗുണങ്ങളുടെ
അസാധാരണവും അത്യുജ്ജ്വലവുമായ
ആവിഷ്ക്കാരം*



The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ


2023 നവംബർ
ഹി.ശ.1403 - നുബുവ്വത്ത്
1445 റ.ഉ.ആഖിർ - ജ. അവ്വൽ
പുസ്തകം 95 ലക്കം 11
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** **എഡിറ്റോറിയൽ**

**6** **യുഗശബ്ദം**
**ഇസ്‌ലാം മതത്തിന് സായുധ ജിഹാദിന്റെ ആവശ്യമില്ല**



**7**
ഖുത്‌ബ സംഗ്രഹം
**ഇസ്റയേൽ ഹമാസ് യുദ്ധം**
**ഖലീഫത്തുൽ മസീഹിന്റെ പ്രതികരണങ്ങൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
വിവിധ ജുമുഅ ഖുതുബകളിൽ ലോകത്തോടുള്ള ഖലീഫത്തുൽ മസീഹിന്റെ വിലപെട്ട ഉപദേശങ്ങളും നിർദേശങ്ങളും

**9**
**ഹാറൂത്തും മാറൂത്തും**
**ജൂത രഹസ്യ സംഘങ്ങളും**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**13**
**പശ്ചിമേഷ്യൻ സംഘർഷങ്ങൾ:**
**പാശ്ചാത്യ സയണിസ്റ്റ് ഗൂഢാലോചന**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**16**
**ഫലസ്തീൻ പ്രശ്നം:**
**മതപരവും രാഷ്ട്രീയവുമായ മാനങ്ങൾ**
എ.എം. മുഹമ്മദ് സലീം

**22**
**ഫ്രീമേയ്സൺ പ്രസ്ഥാനം**
എ. എം

**24**
**സംഗീതവും കലയും:**
**ഇസ്‌ലാമിക അദ്ധ്യാപനമെന്ത്?**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**28**
**അനന്തരാവകാശം**
ഡോ. ലുത്ഫുർറഹ്മാൻ

**32**
**തേനീച്ചകൂട്: പ്രകൃതിയിലെ**
**ശിൽപ്പ വിസ്മയം**
മൂസാ സത്താർ, ലണ്ടൻ യു. കെ

**33**
ഭാഗം - 43
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ**
**സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**39**
കുറിപ്പുകൾ
**ഫലസ്തീൻ: ലോകം മുഴുവൻ**
**പ്രതിദ്ധ്വനിക്കുന്ന നീതിയുടെ നിലവിളി**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ: 99460 21252**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 89071 82933**
Email-salimqld@gmail.com

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at A-One Offset Prints, Ramanattukara, Calicut, Kerala - 673 633.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

വിശ്വസിച്ചവരെ നിങ്ങൾ പരിപൂർണ്ണമായി നീതിപാലിക്കുന്നവരും അല്ലാഹുവിന്ന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവീൻ, അത് നിങ്ങൾക്ക് തന്നെയോ (നിങ്ങളുടെ) മാതാപിതാക്കന്മാർക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽ പോലും അയാൾ (ആ കക്ഷി) ധനികനോ ദരിദ്രനോ ആണെങ്കിൽ അല്ലാഹുവാണ് അവർ രണ്ടു പേരോടും (അനുകമ്പ കാണിക്കാൻ) കൂടുതൽ അവകാശപ്പെട്ടവൻ. അതിനാൽ നിങ്ങൾ സ്വേഛയെ പിൻപറ്റരുത് നിങ്ങൾ നീതി പാലിക്കുന്നതിന്ന് വേണ്ടിയാണിത്. (4:137)





## നബിവചനം

അബൂഹുറൈറയിൽ നിന്നും നിവേദനം ചെയ്യുന്നു: തിരുനബി (സ) ഇങ്ങനെ അരുൾ ചെയ്തു: ഏതൊരാൾ മനുഷ്യനോട് നന്ദി കാണിക്കുന്നില്ലയോ അയാൾ അല്ലാഹുവിനോടും നന്ദി കാണിക്കുകയില്ല. (തിർമിദി)

## വാഗ്ദത്ത മസീഹിന്റെ വചനം

### സ്വാതന്ത്ര്യം അനുവദിക്കുന്ന ഭരണകൂടത്തോട് സമരം അരുത്

ഇക്കാലത്ത് അമുസ്‌ലിം ഭരണാധികാരികൾ ഇസ്‌ലാമിന്റെ കാര്യത്തിൽ ഇടപെടുന്നില്ല എന്നത് പ്രത്യക്ഷമാണ്. ഇസ്‌ലാമിന്റെ അടിസ്ഥാന കർമ്മാനുഷ്ഠാനങ്ങളെ അവർ നിരോധിച്ചിട്ടില്ല. നവമുസ്‌ലിംകളെ അവർ കൊന്നുകളയുന്നുമില്ല. അവരെ തുറുങ്കിലടച്ചു ഭേദ്യം ചെയ്യുന്നില്ല. അങ്ങനെയിരിക്കെ ഇസ്‌ലാമിന്റെ വാൾ എന്തിന്ന് ചുഴറ്റപ്പെടണം? മത കാര്യങ്ങളിൽ ഇസ്‌ലാം ഒരിക്കലും ബലപ്രയോഗത്തെ അനുകൂലിച്ചിട്ടില്ല. വിശുദ്ധ ഖുർആനും ഹദീസുകളും ചരിത്രരേഖകളും സൂക്ഷ്മമായി പരിശോധിച്ചിരുന്നെങ്കിൽ മതധർമ്മം വളർത്താനായി ഇസ്‌ലാം വാൾ ചുഴറ്റി എന്ന ആരോപണം തികച്ചും അടിസ്ഥാനരഹിതമാണെന്ന് മനസ്സിലാക്കാൻ പ്രയാസമുണ്ടാകില്ല. (മസീഹ് ഹിന്ദുസ്ഥാൻ മെ)



എഡിറ്റോറിയൽ

# ഫലസ്തീൻ: ഇതിനൊറുതിയില്ലേ


അൽ ഖുദുസ് (പരമ പരിശുദ്ധം) ജെറുസലെം അഥവാ യെരുശലേം (സമാധാനത്തിന്റെ ആലയം) എന്നീ പേരുകളിൽ അറിയപ്പെടുന്ന നഗരവും ഫലസ്തീൻ എന്ന ദേശവും യഹൂദ ക്രിസ്ത്യൻ ഇസ്ലാം എന്നീ മൂന്ന് അബ്രഹാമിക് മതങ്ങളുടെ വിശുദ്ധ സ്ഥലങ്ങളാണ്. ചിരപുരാതന കാലം മുതൽ സവിശേഷമായ ചരിത്രമുള്ള ഈ ദേശം കുലപതികളായ ദൈവദൂതന്മാരുടെയും അധികാരസ്ഥരായ പ്രവാചകരുടെയും പരിവ്രാചകരായ അവധൂതന്മാരുടെയും പാദസ്പർശമേൽക്കുകയും അവരുടെ ആത്മ ദർശനങ്ങളിൽ പതിഞ്ഞതുമാണ്. അപ്രകാരം തന്നെ പടയോട്ടക്കാരായ വിശ്വസാമ്രാട്ടുകളും അധിനിവേശക്കാരും കുരിശ്യുദ്ധക്കാരും സാമ്രാജ്യത്വ ശക്തികളും സയണിസവും ഈ ദേശത്തെ ചരിത്രത്തിലുടനീളം കണ്ണീരിലും ചോരയിലും കുളിപ്പിച്ചിട്ടുണ്ട്. അങ്ങനെ സമ്മിശ്രമായ ചരിത്രധാരയുടെ രംഗഭൂമികൂടിയാണ് ഫലസ്തീൻ. ദിവ്യസ്മൃതികളുർത്തുന്ന ഇത്തരം തീർത്ഥാടന സ്ഥലികളാണ് മനുഷ്യന്റെ ആത്മീയ സംസ്ക്കാരത്തിന്റെ നാഴികക്കല്ലുകൾ. അവ ഉണർത്തുന്ന വിശുദ്ധ വികാരങ്ങളെ മൂലധനമാക്കി പ്രതിലോമ സംസ്ക്കാരം വളർത്തുന്നവരുമുണ്ട്. ഈ വിശുദ്ധ വികാരങ്ങളെ അധികാരത്തിന്റെയും അധിനിവേശങ്ങളുടെയും ഹിംസയുടെയും ഭൂമികയായി ഈ ദേശത്തെ ആധുനിക കാലത്ത് മാറ്റിയത് സയണിസമാണ്. അതിന് കൂട്ടുനിന്നത് അമേരിക്കയും ബ്രിട്ടനും ഫ്രാൻസും അടങ്ങുന്ന പാശ്ചാത്യ നാഗരികതയാണ്.

1948 ൽ ബൈബിൾ മിത്തിലും സയണിസ്റ്റ് വംശീയ വാദത്തിലുമാണ് ഇസ്റയേൽ രാഷ്ട്രം രൂപീകൃതമായത്. കൃത്രിമമായ ഈ രാഷ്ട്ര നിർമിതിക്ക് ശേഷമാണ് വംശഹത്യയുടെയും അധിനിവേശത്തിന്റെയും പുതിയ അദ്ധ്യായം ഫലസ്തീനിൽ ആരംഭിച്ചത്. കഴിഞ്ഞ ഏഴരപതിറ്റാണ്ടായി ദിനേനയെന്നോണം ഫലസ്തീനികളോട് യുദ്ധം ചെയ്തും അവരെ കൊലചെയ്തും അവരുടെ പാർപ്പിടങ്ങൾ തകർത്തും അവരുടെ സ്ഥലം കവർന്നും ഇസ്റയേൽ എന്ന സയണിസ് രാഷ്ട്രം വികസിച്ചു കൊണ്ടിരിക്കുകയാണ്. 2023 ഒക്ടോബർ 7 ന് ഹമാസ് നിരപരാധികളായ ഇസ്റയേലീ പൗരന്മാരുടെ മേൽ നടത്തിയ അക്രമണം തികച്ചും അപലപനീയവും ഇസ്ലാമിക മൂല്യങ്ങൾക്കും അദ്ധ്യാപനങ്ങൾക്കും കടക വിരുദ്ധവുമാണ്. ഒരവസരം കിട്ടിയത് പോലെ ഹമാസ് അക്രമണം നിമിത്തമാക്കി ഇസ്റയേൽ ഏറെ പതിറ്റാണ്ടുകാലമായി തുടർന്ന് വരുന്ന വംശഹത്യ അനുപാതവും പരിധിയുമില്ലാതെ വർദ്ധിപ്പിച്ചിരിക്കുകയാണ്. ലോകം മുഴുവൻ അഭ്യർത്ഥിച്ചിട്ടും അവർ അത് നിർത്താൻ തയ്യാറാവുന്നില്ല.

ആശുപത്രികളിൽ, യു എൻ അഭയാർത്ഥി ക്യാമ്പുകളിൽ, സ്കൂളുകളിൽ എല്ലാ യുദ്ധ നിബന്ധനകളും മര്യാദകളും കാറ്റിൽ പരത്തി ബോംബ് വർഷിച്ച് അവർ നാശം വിതക്കുകയാണ്. എന്തിനധികം ഇസ്റയേലിന് പിറവി നൽകിയ ഐക്യരാഷ്ട്ര സഭയുടെ സമാധാന പാലകരായ 102 ഉദ്യോഗസ്ഥരെയും ആയിരക്കണക്കിന് ഫലസ്തീനികൾക്കൊപ്പം ഈ ഭീകര രാഷ്ട്രം കൊലപാതക പരമ്പരകളുടെ രതി മൂർച്ചയിൽ വധിച്ചു കളഞ്ഞു. ഇനി എപ്പോഴാണ് അവർ ഈ മനുഷ്യഹത്യ നിർത്തുന്നതെന്ന് യാതൊരു ഊഹവുമില്ല ആർക്കും ഇസ്റയേലിനെ തടയാൻ സാധിക്കുന്നില്ല. ഈ മനുഷ്യക്കുരുതിക്ക് ഒരറുതിയില്ലേ?

മർദ്ദിതന് പ്രതിരോധിക്കാൻ അവകാശമുണ്ട്. നീതിമാന്മാർ അവരുടെ പക്ഷം ചേരുകയും വേണം എന്നാൽ അതൊരിക്കലും നിരപരാധികളെ അക്രമിച്ചു കൊണ്ടായിരിക്കരുത്. വിശുദ്ധ ഖുർആൻ ഈ അവസ്ഥയെ പറ്റി പറയുന്നു.

**തങ്ങളോട് അക്രമം ചെയ്യപ്പെട്ടതിന് ശേഷം വല്ലവരും ന്യായമായി സ്വയം പ്രതിരോധി ക്കുന്നതായാൽ അവരെ ആക്ഷേപിക്കാൻ ഒരു മാർഗ്ഗവുമില്ല. മനുഷ്യരെ ദ്രോഹിക്കുകയും നാട്ടിൽ അന്യായമായി അക്രമം പ്രവർത്തിക്കുകയും ചെയ്യുന്നവരുടെ പേരിൽ മാത്രമേ കുറ്റാരോപണത്തിന് മാർഗ്ഗമുള്ളൂ. അവർക്കാണ് വേദനാ ജനകമായ ശിക്ഷയുള്ളത്. (അശ്ശൂറാ 42: :43)**



ഹദ്റത്ത് അഹ്മദ് (അ)

# ഇസ്‌ലാം മതത്തിന് സായുധ ജിഹാദിന്റെ ആവശ്യമില്ല

ഈ രാജ്യത്തെ മുസ്‌ലിം ജനസാമാന്യത്തിന്റെ ധാർമിക ജീവിതത്തിൽ, ഏറെക്കാലമായി അനഭിലഷണീയവും വിഷമയവുമായ ദുഃസ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നതായും കാണപ്പെടുന്നു. സന്മാർഗ്ഗത്തിന്റെ അഭാവം, ദുഷ്ടവിചാരങ്ങൾ, ഹൃദയകാഠിന്യം അനുകമ്പയില്ലായ്മ എന്നിങ്ങനെയുള്ള ആത്മീയരോഗങ്ങൾ ഇത്തരം അടിസ്ഥാനരഹിതങ്ങളായ കഥകളിലും വിവരണങ്ങളിലും വിശ്വസിച്ചതിന്റെ ഫലമായി മിക്ക മുസ്‌ലിം കക്ഷികളിലും വ്യാപരിച്ചിരിക്കുകയാണ്. മാനുഷികമായ അനുകമ്പ, സഹതാപം, നീതിപ്രേമം, വണക്കം, വിനയബുദ്ധി തുടങ്ങിയ എല്ലാ സൽ ഗുണങ്ങളും ഈ സമുദായത്തോടു എന്നെന്നേക്കുമായി വിടചോദിച്ചു പിരിയുമെന്ന മട്ടിൽ, ദിവസംതോറും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഈ ഹൃദയകാഠിന്യവും ഈ അധാർമ്മികതയും അനേകം മുസ്‌ലിംകളെ കാട്ടുമൃഗങ്ങളെപ്പോലെയാക്കിമാറ്റിയിരിക്കുന്നു. ഒരു ജൈനനോ ഒരു ബുദ്ധമതക്കാരനോ ഒരു കൊതുകിനെയോ ഒരു ഈച്ചയെയോപോലും കൊല്ലാൻ പേടിക്കുമ്പോൾ, അന്യായമായ കൊലപാതകം നടത്തുന്നതിൽ സർവ്വശക്തനായ അല്ലാഹുവിനെപോലും– എല്ലാജീവജന്തുക്കളെക്കാളും മനുഷ്യജീവനു അവനാണ് ഏറ്റവും ഉയർന്ന വില കല്പിച്ചിട്ടുള്ളതെങ്കിലും ഇവർ ഭയപ്പെടുന്നില്ല. ഈ ഹൃദയകാഠിന്യവും ക്രൂരതയും അനുകമ്പാദാരിദ്ര്യവും എങ്ങനെയാണുണ്ടായിത്തീർന്നത്? അതിനു കാരണം ഇതാണ്: ചെറുപ്പത്തിൽത്തന്നെ ജിഹാദിനെ സംബന്ധിച്ച തെറ്റായ ധാരണക ളും കഥകളും അവരുടെ ശ്രവണപുടങ്ങളിൽ അലയടിക്കുകയും അങ്ങനെ അവരുടെ മനസ്സിൽ അത് രൂഢമൂലമാവുകയും ചെയ്യുകയാൽ സാവധാനത്തിൽ അവർ ധാർമ്മികമായി ശവപ്രായക്കാരായിത്തീരുകയും തങ്ങളുടെ നിഷ്ഠൂര ചെയ്തികളുടെ കൊടും ക്രൂരതയെക്കുറിച്ചു ബോധമറ്റവരായിത്തീരുകയും ചെയ്തു. നിരപരാധിയായ മറ്റൊരാളെ കൊലചെയ്യുന്ന ഒരാൾ കൊല്ലപ്പെടുന്ന ആളുടെ കുടുംബത്തിൽ നാശം വിതറിവെക്കുന്നുവെങ്കിലും അയാൾ താനൊരു നന്മ പ്രവർത്തിച്ചവനെപ്പോലെയാണ് സ്വയം കരുതുന്നത്; അഥവാ, സ്വസമുദായത്തിൽ പ്രിയങ്കരനായിത്തീരാനുള്ള ഒരവസരമുണ്ടാക്കിയെന്നു ധരിക്കുന്നു. ഇത്തരം കുറ്റകൃത്യങ്ങൾ തടയാനുള്ള ഉപദേശപ്രസംഗങ്ങളോ ഖുത്ബകളോ നമ്മുടെ നാട്ടിലെവിടെയും നിർവ്വഹിക്കപ്പെടുന്നില്ലാത്തതിനാൽ– അഥവാ അങ്ങനെ പ്രസംഗിക്കുന്നുവെങ്കിൽത്തന്നെ അല്പമൊരു കപടഭാവത്തോടെയാവാനേ തരമുള്ളൂ– സാധാരണക്കാർ ഇത്തരം ദുഷ്കൃത്യങ്ങൾക്ക് അംഗീകാരമുള്ളതായി കരുതും. ആകയാൽ, എന്റെ സ്വന്തം സമുദായക്കാരോടുള്ള അനുകമ്പ നിമിത്തം മുസ്‌ലിംകൾക്കിടയിൽ ജിഹാദിനെ സംബന്ധിച്ച് നിലനില്ക്കുന്ന വിശ്വാസങ്ങൾ–ഇതര സമുദായക്കാരുടെ നേരെ കടുത്ത വിരോധവും ശത്രുത്വവും പുലർത്തുന്ന രക്തക്കൊതിയനായ ഒരു ഇമാം വെളിപ്പെടുമെന്നുള്ള, ദീർഘദൃഷ്ടിയില്ലാത്ത ഉലമാക്കൾ പഠിപ്പിച്ചുപോന്ന തെറ്റായ വിശ്വാസങ്ങളാണെന്ന് വിവരിച്ചുകൊണ്ടുള്ള ഒട്ടേറെ പുസ്തകങ്ങൾ ഞാൻ അറബിയിലും ഉർദുവിലും പേർസ്യനിലും രചിച്ചിരിക്കുന്നു. മതവിശ്വാസകാര്യത്തിൽ വാളുപയോഗിക്കാൻ ഇസ്‌ലാം അനുവദിക്കുന്നേയില്ല; പ്രതിരോധയുദ്ധങ്ങളിലോ, ഒരു ഭീകരവാഴ്ചക്കാരനെ ശിക്ഷിക്കാനും സ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കാനുമുള്ള യുദ്ധങ്ങളിലോ മാത്രമേ വാളുപയോഗിച്ചുകൂടു. ഒരു എതിരാളി ജീവനുനേരെ ഭീഷണി ഉയർത്തുന്ന തരത്തിൽ ആക്രമണം നടത്തുമ്പോഴാണ് പ്രതിരോധയുദ്ധത്തിന്റെ ആവശ്യം നേരിടുന്നത്. ഇതാണ് ശരീഅത്ത്– ധർ മ്മശാസ്ത്രമനുവദിച്ചിട്ടുള്ള മൂന്നുതരം യുദ്ധങ്ങൾ. ഇതല്ലാതെ മതം പരത്താൻവേണ്ടി മറ്റൊരുതരത്തിലുള്ള യുദ്ധത്തിനും ഇസ്‌ലാം അനുമതി നല്കുന്നേയില്ല. ഞാൻ ഈ ഗ്രന്ഥങ്ങൾക്ക് ഒട്ടേറെ തുക ചെലവാക്കുകയും ഈ രാജ്യത്തും അറേബ്യ, സിറിയ, ഖുറാസാൻ തുടങ്ങിയ സ്ഥലങ്ങളിലും അവ പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി. എന്നാൽ, ദൈവാനുഗ്രഹത്താൽ ജനഹൃദയങ്ങളിൽനിന്ന് ഇത്തരം വിശ്വാസങ്ങളിൽ അത്ഭുതകരമായ മാറ്റം വരുത്തുവാൻ സഹായകമായിട്ടുള്ള വ്യക്തമായ സാഹചര്യത്തെളിവുകളും ചരിത്രരേഖകളും എന്റെ പക്കലുണ്ട്. സത്യങ്ങൾ മനസ്സിലാക്കിത്തുടങ്ങുന്നതോടെ ഇസ്‌ലാമിലെ സദ്‌വൃത്തന്മാരുടെ ഹൃദയങ്ങളിൽ വിനയത്തിന്റെയും വണക്കത്തിന്റെയും ദയാദാക്ഷിണ്യത്തിന്റെയും മധുരമനോഹരമായ നീരുറവകൾ ഒഴുകിത്തുടങ്ങുകയും രാജ്യത്താകെ ഗുണകരവും അനുഗ്രഹപൂർണ്ണവുമായ സ്വാധീനം ഉണ്ടാക്കുന്ന ആത്മീയ പരിവർത്തനം സംജാതമാകുകയും ചെയ്യും. ക്രിസ്തീയ ഗവേഷകന്മാരും സത്യത്തെ ഉറ്റു നോക്കുന്നവരും അതിനായി ദാഹിക്കുന്നവരും എന്റെ ഗ്രന്ഥത്തിൽനിന്ന് ഫലമെടുക്കുമെന്നും എനിക്ക് ദൃഢവിശ്വാസമുണ്ട്. മുസ്‌ലിംകളുടെയും ക്രിസ്ത്യാനികളുടെയും വിശ്വാസസംഹിതയുടെ ഭാഗമായിക്കഴിഞ്ഞിട്ടുള്ള അബദ്ധധാരണകൾ തിരുത്തുകയെന്നതാണ് ഈ പുസ്തക നിർമ്മിതിയുടെ പ്രധാന ഉദ്ദേശ്യം. (മസീഹ് ഹിന്ദുസ്ഥാൻ മെ)

# ഇസ്റയേൽ ഹമാസ് യുദ്ധം ഖലീഫത്തുൽ മസീഹിന്റെ പ്രതികരണങ്ങൾ

വിവിധ ജുമുഅ ഖുതുബകളിൽ ലോകത്തോടുള്ള ഖലീഫത്തുൽ മസീഹിന്റെ വിലപെട്ട ഉപദേശങ്ങളും നിർദേശങ്ങളും




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

**ദുആ ചയ്യുക**

**13.10.2023**

ഇന്നത്തെ ലോകത്തിന്റെ അവസ്ഥയെക്കുറിച്ച് ഈ സമയത്ത് ഞാൻ ദുആക്ക്വേണ്ടി പറയാൻ ആഗ്രഹിക്കുകയാണ്. ഈ യുദ്ധം കാരണം, ഇരുവശത്തും ഇപ്പോൾ സ്ത്രീകളും കുട്ടികളും പ്രായമായവരും വിവേചനരഹിതമായി കൊല്ലപ്പെടുകയാണ്; അല്ലെങ്കിൽ കൊല്ലപ്പെട്ടിരിക്കുന്നു.

യുദ്ധസാഹചര്യങ്ങളിൽപോലും സ്ത്രീകളെയും കുട്ടികളെയും യുദ്ധത്തിൽ പങ്കെടുക്കാത്തവരെയും കൊല്ലുന്നത് ഇസ്ലാം അനുവദിക്കുന്നില്ല. തിരുനബി(സ) ഇതിനെക്കുറിച്ച് വളരെ ശക്തമായി താക്കീദ് ചെയ്തിട്ടുണ്ട്. ലോകം പറഞ്ഞുകൊണ്ടിരിക്കുന്നതും ചില വസ്തുതകളും ഈ യുദ്ധത്തിന് ആരംഭം കുറിച്ചത് ഹമാസാണെന്നാണ്. ഇസ്റായേൽ സൈന്യം ഇതിനകം എത്ര നിരപരാധികളായ ഫലസ്തീനികളെ കൊന്നൊടുക്കി എന്നത് മറ്റൊരു കാര്യം. ഏതായിരുന്നാലും മുസ്ലിംകൾ ഇസ്ലാമിക അധ്യാപനങ്ങൾ പാലിക്കേണ്ടതാണ്. ഇസ്റായേൽ സൈന്യം ചെയ്ത അവരുടെ പ്രവൃത്തികൾക്ക് പ്രതികരിക്കാൻ മറ്റ് മാർഗങ്ങളുണ്ടായിരുന്നു. നിയമാനുസൃതമായ യുദ്ധമാണെങ്കിൽപോലും അത് സൈന്യത്തോടാണ് വേണ്ടിയിരുന്നത്; അല്ലാതെ സ്ത്രീകളോടും കുട്ടികളോടും നിരപരാധികളോടും അല്ല.

ഈ അർത്ഥത്തിൽ, ഹമാസിന്റെ നടപടികൾ തികച്ചും തെറ്റായിരുന്നു. അത് അവർക്ക് കൂടുതൽ ദോഷകരവുമായിരുന്നു. ഹമാസ് ചെയ്തതിനുള്ള പ്രതികാരം ഹമാസിനോട് മാത്രം ഒതുങ്ങിയാൽ നന്നായിരുന്നു. എന്നാൽ ഇസ്റായേൽ ഭരണകൂടം ചെയ്യുന്ന പ്രതികരണം വളരെ അപകടകരമാണ്. ഈ കാര്യങ്ങൾ ഇപ്പോൾ അവസാനിക്കില്ലെന്ന് തോന്നുന്നു. ഗാസയെ പൂർണമായി നശിപ്പിക്കുമെന്നായിരുന്നു ഇസ്റായേൽ ഭരണകൂടത്തിന്റെ പ്രഖ്യാപനം. ഇതിനായി അവർ ശക്തമായി ബോംബെറിഞ്ഞു; നഗരം മുഴുവൻ ചുട്ടുചമ്പലാക്കി. ഇപ്പോൾ ഉള്ള പുതിയ സാഹചര്യം എന്തെന്നാൽ ഒരു ലക്ഷത്തിലധികം ആളുകൾ

ഗാസ വിട്ടുപോകണമെന്ന് അവർ പറയുന്നു. ഇത് മനുഷ്യാവകാശ ലംഘനമാണെന്നും ഇത് തെറ്റാണെന്നും ഐക്യരാഷ്ട്രസഭയുടെ ശബ്ദം ഉയർന്നത് ചെറിയ രീതിയിലാണെങ്കിലും നല്ല കാര്യമാണ്. അത് തെറ്റാണെന്ന് കർശനമായി പറയുന്നതിനുപകരം, അവർ ഇപ്പോഴും അപേക്ഷിക്കുകയാണ് ചെയ്യുന്നത്.

## ലോക ശക്തികൾ പ്രശ്നത്തിൽ ഇടപെടണം ആളിക്കത്തിക്കരുത്

**20 . 10 . 2023**

ഇപ്പോൾ ലോകത്തിന്റെ നിലവിലെ അവസ്ഥയെ പരിഗണിച്ച് കൊണ്ട് ദുആചെയ്യണമെന്ന് പറയാൻ വീണ്ടും ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ ചില പാശ്ചാത്യ മാധ്യമ പ്രവർത്തകർ, അമേരിക്കൻ മാധ്യമപ്രവർത്തകർ പോലും, പ്രതികാര നടപടികൾക്കും ഒരു പരിധി വേണമെന്ന് തങ്ങളുടെ പത്രങ്ങളിൽ എഴുതിയിട്ടുണ്ട്. അതുകൂടാതെ അമേരിക്കയും മറ്റു പാശ്ചാത്യരാജ്യങ്ങളും ഇസ്റായേലിനെയും ഹമാസിനെയും യുദ്ധത്തിൽനിന്ന് തടയാനും അനുരഞ്ജനം നടത്താനും വെടിനിർത്താനും പരിശ്രമിക്കണം എന്നും അവർ അഭിപ്രായപ്പെടുന്നു. എന്നാൽ അതോടൊപ്പം അവർ പറയുന്നത് ഇവർ ഈ യുദ്ധം തടയുന്നതിന് പകരം യുദ്ധത്തിന്റെ തീ ആളിക്കത്തിക്കുകയാണ് അവർ ചെയ്യുന്നത്.

ഇതുപോലെ, നാം അതിരുകൾ ലംഘിച്ചിരിക്കുന്നു, നിരപരാധികളായ ഫലസ്തീൻ ജനതയോട് നാം അനീതി ചെയ്തിരിക്കുന്നു, ലോകശക്തികൾ ഈ കാര്യത്തിൽ ഇടപെടണം എന്ന് പറഞ്ഞ് വിദേശകാര്യ മന്ത്രാലയത്തിലെ ഒരു ഉന്നത ഉദ്യോഗസ്ഥൻ രാജിവെച്ചത് കഴിഞ്ഞ ദിവസം അമേരിക്കയിൽ വാർത്തയായിരുന്നു. ഇവരിൽ ഇപ്പോഴും മാന്യരായ ആളുകൾ ഉണ്ട്.

ജൂത റബ്ബിമാർ ഇടക്ക് മാധ്യമങ്ങളിൽ വന്ന് ഫലസ്തീന് വേണ്ടി സംസാരിക്കുകയും അധിനിവേശത്തെ അപലപിക്കുകയും ചെയ്യുന്നുണ്ട്. റഷ്യയുടെ വിദേശകാര്യ മന്ത്രി പറയുന്നത് രാജ്യങ്ങൾ ഈ രീതി തന്നെ തുടരുകയാണെങ്കിൽ ഈ യുദ്ധം ആ പ്രദേശമാകെ പടരും എന്നാണ്. എന്നാൽ ഇത് ലോകം മുഴുവൻ വ്യാപിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

ഇവർ തങ്ങളുടെ സുബോധത്തിലേക്ക് വരേണ്ടതുണ്ട്. ഞാൻ മുൻപും പറഞ്ഞത് പോലെ മുസ്ലിം രാജ്യങ്ങൾ ഏകാഭിപ്രായക്കാരായി ഒരുമിക്കണം. 53-54 മുസ്ലിം രാജ്യങ്ങളുണ്ട് എന്ന് പറയപ്പെടുന്നു. ഇവർ എല്ലാവരും ഒരേ ശബ്ദത്തിൽ പ്രതികരിക്കുകയാണെങ്കിൽ അത് ശക്തമായ ഒരു സ്വാധീനം ചെലുത്തുന്നതായിരിക്കും. അല്ലാത്തപക്ഷം ഓരോരുത്തരായി പ്രതികരിക്കുകയാണെങ്കിൽ അതിന് യാതൊരു വിലയും ഉണ്ടാകില്ല. ലോകത്ത് സമാധാനം സ്ഥാപിക്കാനും യുദ്ധം നിർത്തലാക്കാനും ഈ ഒരു വഴി തന്നെയാണ് ഉള്ളത്. ഈ ലോകത്തെ നാശത്തിൽ നിന്ന് സംരക്ഷിക്കാൻ മുസ്ലിം രാജ്യങ്ങൾ കഠിനമായി പരിശ്രമിക്കണം. അല്ലാഹു അവരെ ഇപ്രകാരം പ്രവർത്തിക്കാൻ പ്രാപ്തരാക്കുമാറാകട്ടെ.

എന്നിരുന്നാലും, നാം ആത്മാർത്ഥമായി ദുആ ചെയ്യണം. അല്ലാഹു ഈ യുദ്ധം അവസാനിപ്പിച്ച് നിരപരാധികളായ, അടിച്ചമർത്തപ്പെട്ട ഫലസ്തീനികളെ സംരക്ഷിക്കട്ടെ, അങ്ങനെ അവർ കൂടുതൽ അനീതികൾക്ക് വിധേയരാകാതിരിക്കട്ടെ, ലോകത്തിലെ എല്ലാ അനീതികളും അത് എവിടെയാണെങ്കിലും അല്ലാഹു അവസാനിപ്പിക്കട്ടെ. പ്രാർത്ഥിക്കാൻ അല്ലാഹു നമ്മെ പ്രാപ്തരാക്കട്ടെ.

## ലോക മഹായുദ്ധമാകാതിരിക്കാൻ ശ്രമിക്കുക പ്രാർത്ഥിക്കുക

**27 . 10 . 2023**

ഇപ്പോഴത്തെ അവസ്ഥകളെ പരിഗണിച്ച് കൊണ്ട് എല്ലാവരും ദുആ ചെയ്യേണ്ടതാണ്. ഹമാസിന്റെയും ഇസ്റായേലിന്റെയും ഇടയിൽ നടക്കുന്ന യുദ്ധത്തിൽ സ്ത്രീകളും കുട്ടികളും അടക്കം നിരപരാധികളായ ഫലസ്തീനികളുടെ ശഹാദത്തിന്റെ എണ്ണം വർധിച്ച് വരുകയാണ്. യുദ്ധത്തിന്റെ തീവ്രത വർധിച്ച് വരുന്ന സാഹചര്യത്തിൽ ഇസ്റയേലും ലോകത്തിലെ വലിയ ശക്തികളും സ്വീകരിക്കുന്ന നയത്തിന്റെ ഫലമായി ലോക മഹായുദ്ധം കൺമുന്നിലുള്ളത് പോലെയാണ്. ചില ഇസ്ലാമിക രാജ്യങ്ങളുടെ ഭരണാധികാരികളും റഷ്യയും ചൈനയും ചില പാശ്ചാത്യ നിരീക്ഷകരും ഇപ്പോൾ വ്യക്തമായും പറയുകയും എഴുതുകയും ചെയ്യുന്നത് ഈ യുദ്ധം കൂടുതൽ സ്ഥലങ്ങളിലേക്ക് പടർന്നുകൊണ്ടിരിക്കുകയാണ്, അതിനാൽ ഉടനെ തന്നെ യുദ്ധം നിർത്തലാക്കിയില്ലെങ്കിൽ ലോകം നശിക്കുന്നതിലേക്ക് കാര്യങ്ങൾ നീങ്ങുന്നതാണ് എന്നാണ്. എല്ലാ കാര്യങ്ങളും വാർത്തകളിൽ വരുന്നുണ്ട്. നിങ്ങളുടെ എല്ലാവരുടെ മുന്നിലും എല്ലാ സ്ഥിതിവിശേഷങ്ങളും ഉണ്ട്. അതിനാൽ അഹ്മദികൾ ദുആകളിൽ ഊന്നൽ നൽകേണ്ടതാണ്. വെറുതെ ഇരിക്കരുത്. ഓരോ നമസ്കാരത്തിലും കുറഞ്ഞത് ഒരു സജ്ദയോ അല്ലെങ്കിൽ ഏതെങ്കിലും ഒരു നമസ്കാരത്തിൽ ഒരു സജ്ദയെങ്കിലും ഇതിനു വേണ്ടി ദുആ ചെയ്യാനായി മാറ്റിവെക്കേണ്ടതാണ്. പാശ്ചാത്യ രാഷ്ട്രത്തലവന്മാർ, അത് ഏത് രാജ്യത്തെ രാഷ്ട്രത്തലവൻ ആയാലും ഈ കാര്യത്തിൽ നീതി പാലിക്കാൻ ആഗ്രഹിക്കുന്നില്ല. ഏത് രാജ്യത്തെ രാഷ്ട്രത്തലവനാണ് നല്ലത്, ആരാണ് നല്ലതല്ലാത്തത് എന്നീ തർക്കങ്ങളിൽ അഹ്മദികൾ ഇടപെടേണ്ട കാര്യമില്ല. ആരെങ്കിലും ധൈര്യം കാണിച്ച് യുദ്ധം നിർത്തലാക്കാനുള്ള ശ്രമം നടത്താത്തത് വരെ അവർ ലോകത്തെ നാശത്തിലേക്ക് തള്ളിവിടുന്നതിന്റെ ഉത്തരവാദിയാണ്. ദുആ

ശേഷം പേജ് 23 ൽ

# ഹാറൂത്തും മാറൂത്തും ജൂത രഹസ്യ സംഘങ്ങളും

ഹാറൂത്ത് മാറൂത്ത് എന്നീ രണ്ട് നാമങ്ങളെ ചുറ്റിപ്പറ്റി ഇതിഹാസ വർണ്ണങ്ങളും മിത്തുകളും ഇസ്‌ലാമിക സാഹിത്യങ്ങളിൽ ധാരാളം കാണം. വിശുദ്ധ ഖുർആനിലെ ഈ പരാമർശത്തെ കെട്ടുകഥകൾകൊണ്ടാണ് മിക്ക ഖുർആൻ വ്യാഖ്യാതാക്കളും വിശദീകരിച്ചിട്ടുള്ളത്. ബാബിലോൺ അടിമത്തകാലത്ത് വിമോചനത്തിനായി രൂപം കൊണ്ട യഹൂദന്മാരുടെ രഹസ്യസംഘങ്ങൾക്ക് രൂപം നൽകിയ രണ്ട് വിശുദ്ധ വ്യക്തികളായിരുന്നു ഹാറൂത്ത് മാറൂത്ത്. അഹ്‌മദിയ്യാ ഖലീഫ ഈ ഖുർആൻ വചനങ്ങൾക്ക് നൽകിയ യുക്തിസഹമായ വ്യാഖ്യാനമാണ് ഈ ലേഖനം.

**ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്‌മൂദ് അഹ്‌മദ് (റ)**

(ഖലീഫത്തുൽ മസീഹ് സാനി)

**സുലൈമാന്റെ ഭരണകൂടത്തിനെതിരെ പിശാചുക്കൾ (രാജ്യ ദ്രോഹികൾ) അനുവർത്തിച്ചിരുന്ന നയം ഇവർ (യഹൂദർ) പിന്തുടർന്നിരിക്കുകയാണ്. സുലൈമാൻ അവിശ്വസിച്ചിട്ടില്ല. എന്നാൽ പിശാചുക്കളാണ് അവിശ്വസിച്ചിട്ടുള്ളത്. അവൻ ജനങ്ങൾക്ക് വഞ്ചനാകൃത്യം പഠിപ്പിക്കാറുണ്ടായിരുന്നു. (ഈ യഹൂദരുടെ വാദപ്രകാരം) ബാബിലോണിയയിലെ രണ്ട് മലക്കുകളായ ഹാറൂത്ത് മാറൂത്ത് എന്നിവർക്ക് ഇറക്കപ്പെട്ടതിനേയും (അവർ പിൻപറ്റുന്നു). പക്ഷേ 'നിശ്ചയമായും ഞങ്ങൾ ഒരു പരീക്ഷണം മാത്രമാണ്. അതിനാൽ ഞങ്ങളെ (നിർദ്ദേശങ്ങളെ) നിരാകരിക്കരുത് എന്ന് പറഞ്ഞിട്ടല്ലാതെ അവർ രണ്ടുപേരും ആർക്കും ഒന്നും തന്നെ പഠിപ്പിച്ചിരുന്നില്ല. എന്നാൽ (ഈ യഹൂദന്മാർ) ഭാര്യ ഭർത്താക്കന്മാർക്കിടയിൽ ഭിന്നിപ്പുണ്ടാക്കുന്ന വിദ്യ അവർ രണ്ട് പേരിൽ നിന്നും (അവരുടെ ചരിത്ര സംഭവത്തിൽ നിന്നും) പഠിക്കുന്നു. യഥാർത്ഥത്തിൽ അവർ (ഹാറൂത്ത് മാറൂത്ത്) അല്ലാഹുവിന്റെ അനുമതികൂടാതെ അത്മൂലം ആർക്കും ഒരു ഉപദ്രവവും ഏൽപ്പിക്കാറുണ്ടയിരുന്നില്ല. (ഇതിനെതിരായി) തങ്ങൾക്ക് തന്നെ ഉപദ്രവകരമായതും ഉപകരിക്കാത്തതുമായ കാര്യങ്ങളാണ് അവർ (യഹൂദികൾ) പഠിപ്പിക്കുന്നത്. ഇത് (ഈ മാർഗ്ഗം) കൈകൊണ്ടിട്ടുള്ളവർക്ക് പരലോകത്ത് യാതൊരംശവുമില്ലെന്ന് അവർ നല്ലവണ്ണം അറിഞ്ഞിട്ടുണ്ട്. എന്തിനുപകരം അവർ സ്വന്തം ആത്മാക്കളെ വിറ്റിരിക്കുന്നുവോ അതെത്ര നികൃഷ്ടം!. അവർ ഇത് ഗ്രഹിച്ചിരുന്നുവെങ്കിൽ' (വിശുദ്ധ ഖുർആൻ 2:103)**

ഈ ഖുർആനിക വചനത്തോടനുബന്ധിച്ച് ഖുർആനുമായും ഹദീസുമായും ബന്ധമില്ലാത്തതും ചിലപ്പോൾ അതിന് വിരുദ്ധവുമായ ഇതിഹാസ കഥകൾ പ്രചാരത്തിലുണ്ട്. ആ മിത്തുകളെ അടിസ്ഥാനമാക്കി ഈ ഖുർആനിക വചനങ്ങളെ വ്യാഖ്യാനിക്കുന്നത് അയുക്തികമാണ്. യഥാർത്ഥത്തിലുള്ള വ്യാഖ്യാനത്തിൽ ഖുർആന്റെ പുറത്തുനിന്നുള്ള യാതൊരു തെളിവും ആവശ്യമില്ല. ഖുർആനിക വചനങ്ങൾ തന്നെ അവ സ്വയം വിശദീകരിക്കുന്നതാണ്. ഈ ഖുർആനിക വചനങ്ങളിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. സുലൈമാൻ നബി (അ) യുടെ കാലത്തും ബാബിലോൺ പ്രവാസകാലത്തും ആയിരുന്നത് പോലെ റസൂൽ തിരുമേനി(സ) യുടെ കാലത്തെ യഹൂദരും ചില രാജ്യദ്രോഹ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടായിരുന്നു. സുലൈമാൻ നബി (അ) യുടെ കാലത്ത് ദ്രോഹ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവർ ചില രാജ്യദ്രോഹികൾ (ശൈത്താൻ അഥവാ വിപ്ലവകാരികൾ) എന്നാണ് ഖുർആൻ സൂചിപ്പിക്കുന്നത്. അവർ അവിശ്വാസികളായിരുന്നു. ആ രാജ്യദ്രോഹികൾക്കാണ് വിശ്വാസത്തിന്റെ കുറവുണ്ടായിരുന്നത്.

സുലൈമാൻ നബി(അ)ക്കല്ല എന്നാണ് ഖുർആൻ പറയുന്നത്. വീണ്ടും ഖുർആൻ പറയുന്നു: ഈ ആളുകൾ അവരുടെ പങ്കാളികൾക്ക് ചില രഹസ്യ ചിഹ്നങ്ങൾ പഠിപ്പിക്കാറുണ്ടായിരുന്നു. സാധാരണ വിവക്ഷിക്കപ്പെടുന്ന അർത്ഥമായിരുന്നില്ല അവർ കാണിക്കുന്ന ചിഹ്നങ്ങൾക്കുണ്ടായിരുന്നത്. ഇത് അവരുടെ രഹസ്യ പ്രവർത്തനം മറ്റുള്ളവരിൽ നിന്നും വഞ്ചനാത്മകമായി ഒളിപ്പിച്ചു വെക്കാനുള്ള ഒരു രീതിയായിരുന്നു. സുലൈമാൻ നബി(അ)ക്കെതിരെ അദ്ദേഹത്തിന്റെ ശത്രുക്കൾ നടത്തിയ നിഗൂഢപദ്ധതികളെ പറ്റിയാണ് ഈ ഖുർആനിക വചനങ്ങൾ സൂചിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ സാമ്രാജ്യം ചിഹ്നഭിന്നമാക്കാനായിരുന്നു അവരുടെ പദ്ധതി. സുലൈമാൻ നബി (അ) എതിരെ പ്രവർത്തിച്ച് അതേ ഗൂഢാലോചന തന്നെയായിരുന്നു റസൂൽ തിരുമേനി (സ) യുടെ കാലത്തെ ഈ ജൂതന്മാരും പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നതെന്ന് ഖുർആൻ ഇവിടെ സൂചിപ്പിക്കുന്നു.

ഈ വചനത്തിന് നിരവധി ചരിത്ര സംഭവങ്ങളുടെ പശ്ചാത്തലമുണ്ട്. അവ വിവരിക്കുന്നത് ഉചിതമായിരിക്കും. ഇസ്‌ലാമിന്റെ ശക്തി അപ്രതിരോധ്യമാംവിധം അറബ് നാടുകളിൽ ക്രമേണ വ്യാപിക്കുന്നത് ജൂതന്മാർ കാണുന്നുണ്ടായിരുന്നു. മുസ്‌ലികളുടെ ഈ അജയ്യമായ പുരോഗതി തടയാൻ ജൂതന്മാർ പുറത്തുള്ളവരെ പ്രേരിപ്പിക്കുകയുണ്ടായി. ആ കാലഘട്ടത്തിൽ അറേബ്യക്ക് തൊട്ട് ചേർന്ന രണ്ട് സാമ്രാജ്യങ്ങളാണ് ഉണ്ടായിരുന്നത്. ഒന്ന് ബൈസാന്തിയം സാമ്രാജ്യം അഥവാ കിഴക്കൻ റോമാസാമ്രാജ്യം. രണ്ടാമത്തേത് പേർഷ്യൻ സാമ്രാജ്യം. റോമക്കാർ നിരന്തരം ബുദ്ധിമുട്ടിച്ചുകൊണ്ടിരുന്നതിനാൽ അവരുമായി യഹൂദർ ശത്രുതയിലായിരുന്നു. ഇസ്‌ലാമിനെതിരെ ഗൂഢാലോചനക്കായി ഈ യഹൂദികൾക്ക് പിന്നെ സമീപിക്കാനുണ്ടായിരുന്നത് പേർഷ്യൻ സാമ്രാജ്യത്തെയായിരുന്നു. റോമാക്കാരുടെ പീഢനത്തെ തുടർന്ന് അവർ പേർഷ്യൻ സാമ്രാജ്യത്തിൽ അഭയം തേടുകയും ചെയ്തിട്ടുണ്ടായിരുന്നു. അവിടെ അവർ മതസ്വാതന്ത്ര്യം അനുഭവിച്ചുവന്നു. അതിനാൽ അവർ തങ്ങളുടെ മതകേന്ദ്രം ജൂദിയായിൽ നിന്നും ജെറുസലേമിൽ നിന്നും ബാബിലോണിയയിലേക്ക് മാറ്റിയിട്ടുണ്ടായിരുന്നു. (Hatchinson's History of the Nations. p. 550.) റസൂൽ തിരുമേനി (സ) ജീവിച്ച ക്രി. വ. ഏഴാം നൂറ്റാണ്ടിൽ ക്രിസ്ത്യാനികളായ കിഴക്കൻ റോമാക്കാരുടെ കൈളാൽ അതിക്രൂരമായ പീഢനങ്ങളായിരുന്നു യഹൂദർ അനുഭവിച്ചുവന്നിരുന്നത്. പോക്കാസും ഹെറാക്ലിയസ്സുമായിരുന്നു യഹൂദരുടെ മഹാപീഢകർ ജൂതമതം ഇല്ലാതാക്കാനും സാധ്യമെങ്കിൽ ആ ജനതയെ തന്നെ ഉന്മൂലനം ചെയ്യാനും ഹെറാക്ലിയസ്സ് ക്രൂരമായ പീഢനമുറകൾ തന്റെ അധികാര പരിധിയിലഴിച്ചുവിട്ടുവെന്ന് മാത്രമല്ല യഹൂദരെ നിർബന്ധിച്ച് മതം മാറ്റുകയും ജൂതമതാചാരങ്ങൾ നിരോധിക്കുകയും ചെയ്യുക എന്നത് അദ്ദേഹം ഒരു നയമായി സ്വീകരിക്കുകയും ചെയ്തു. റസൂൽ തിരുമേനി (സ) യുടെ കാലത്ത് യഹൂദർക്ക് സഹായം ലഭിച്ചിരുന്ന ഒരേയൊരു രാജ്യം പേർഷ്യയായിരുന്നു. അവരുടെ സഹമത സമൂഹങ്ങളും മത സ്വാതന്ത്ര്യം അനുവദിച്ചിരുന്നു. പ്രത്യേകിച്ച് ഖിസ്റാ രണ്ടാമന്റെ ഭരണകാലത്ത് (Jew. Encyclopeadia IX P. 648)

ഇസ്‌ലാം മതത്തിന്റെ വളർച്ച തടഞ്ഞു നിർത്താൻ ആവുന്നതെല്ലാം ശ്രമിച്ചിട്ടും അതെല്ലാം പരാജയമായി കലാശിച്ചപ്പോൾ റസൂൽ തിരുമേനി (സ) ക്കെതിരെ പേർഷ്യ ഭരണാധികാരിയെ സ്വാധീനിക്കാൻ യഹൂദർ പല വിധ ഉപചാപങ്ങളും നടത്തി അതിന്റെ ഫലമായി പേഷ്യൻ ചക്രവർത്തി കോറസ് രണ്ടാമൻ യമനിലെ ഗവർണ്ണറോട് അറേബ്യയിലെ പ്രവാചകവാദിയെ ബന്ധിയാക്കി തന്റെ മുന്നിൽ കൊണ്ടുവരാൻ ആജ്ഞാപിക്കുകയുണ്ടായി. യമനിലെ ഗവർണ്ണറുടെ കൽപ്പനയുമായി റസൂൽ തിരുമേനി (സ) സമീപിച്ച പ്രതിനിധിയോട് തന്നെ അടുത്ത ദിവസം വന്ന് കാണുവാൻ അവിടുന്ന് പറഞ്ഞു. പ്രതിനിധി വന്നപ്പോൾ നിങ്ങളുടെ രാജാവ് കൊല്ലപ്പെട്ടതായി ദൈവം എന്നെ അറിയിച്ചിരിക്കുന്നതായി റസൂൽ തിരുമേനി (സ) അവരോട് പറഞ്ഞു. പ്രതിനിധി മടങ്ങുകയും ഈ വിവരം യമൻ ഗവർണ്ണറെ അറിയിക്കുകയും ചെയ്തു. കുറച്ച് ദിവസങ്ങൾക്ക് ശേഷം ഗവർണർക്ക് ഖിസ്റ രണ്ടാമന്റെ പുത്രനായ സിറോസിൽ നിന്ന് ഒരു കത്ത് ലഭിക്കുകയുണ്ടായി. തന്റെ പിതാവിന്റെ സ്വേഛാഭരണം മൂലം അദ്ദേഹം കൊല്ലപ്പെട്ടുവെന്നും അതിനാൽ യമനിലെ ഗവർണ്ണറായ താങ്കൾ എനിക്ക് വേണ്ടി യമനിലെ എല്ലാ അധികാരികളിൽ നിന്നും അനുസരണ പ്രതിജ്ഞ പുതുക്കി വാങ്ങണമെന്നും അറേബ്യയിലെ ദൈവനിയുക്ത വാദിയെപറ്റിയുള്ള തന്റെ പിതാവിന്റെ കൽപ്പന റദ്ദാക്കിയതായി കണക്കാക്കണമെന്നുമായിരുന്നു കത്തിലെ ഉള്ളടക്കം. (അബരി– III P. 1573 - 1574)

പേർഷ്യൻ രാജാവിനെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു കൊണ്ട് റസൂൽ തിരുമേനി(സ) ഒരു കത്തയച്ചിരുന്നു. അത്കൊണ്ടാണ് പേർഷ്യൻ രാജാവ് റസൂൽ തിരുമേനി (സ) അറസ്റ്റ് ചെയ്യാൻ കൽപ്പിച്ചതെന്ന് തബരി അടക്കം ചില ചരിത്രകാരന്മാരുടെ അഭിപ്രായം. പക്ഷേ മേൽ പ്രസ്താവിച്ച രണ്ട് സംഭവങ്ങളുടെ തിയ്യതികൾ പരിശോധിക്കുമ്പോൾ ഈ വീക്ഷണത്തിൽ പിഴവുണ്ടെന്ന് കാണം.– സുർഖാനി (11:211–212) സുർഖാനിയുടെ കൃതിയിൽ നാം വായിക്കുന്നത് റസൂൽ തിരുമേനി (സ) പേർഷ്യൻ രാജാവിന്നയച്ച കത്ത് ഹിജ്റ വർഷം മുഹറത്തിലാ

ണെന്നാണ്. ഈ തീയതി ക്രി. വ 628 ഏപ്രിൽ 12 ന് തുല്യമാണ് (ഘമില -ഹിജ്റ എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയത്) എന്നാൽ റസൂൽ തിരുമേനി (സ) യെ അറസ്റ്റ് ചെയ്യാൻ ആജ്ഞ പുറപ്പെടുവിച്ച ഖിസ്റ രണ്ടാമൻ വധിക്കപ്പെടുന്നത് ക്രി. വ 628 ഫ്രിബ്രവരി 29 നാണ് (Historians History of the world VIII 95) അതുകൊണ്ട് റസൂൽ തിരുമേനി (സ)യുടെ കത്താണ് അവിടുത്തെ അറസ്റ്റ് ചെയ്യാൻ ചക്രവർത്തിയെ പ്രേരിപ്പിച്ചത് എന്ന വാദം വസ്തുത കൾക്ക് നിരക്കുന്നതല്ല. ഖിസ്റയുടെ ഈ പ്രസ്താവനക്ക് കാരണം യഹൂദരുടെ വിദ്വേഷം നിറഞ്ഞ ഉപചാപങ്ങളാണ്. വില്യം മൂയിറും ഇത് അംഗീകരിക്കുന്നു (Life of the Mohammedp. 310) യഹൂദരുടെ ഈ പ്രവർത്തനമാണ് വിശുദ്ധ ഖുർആൻ ഇവിടെ സൂചിപ്പിക്കുന്നത്

അവരുടെ ഈ പ്രവർത്തനം വിജയിക്കുമെന്ന മൗഢ്യവിശ്വാസ ത്തിലാണ് യഹൂദികൾ എന്ന കാര്യ വും വിശുദ്ധ ഖുർആൻ ചൂണ്ടിക്കാ ട്ടുന്നു. ചരിത്രത്തിൽ ഇത്തരത്തിൽ രണ്ട് തവണ അവർ രഹസ്യ ഗൂഢാലോചന നടത്തിയതിന്റെ ഉത്തരവാദിത്തം യഹൂദികൾക്കാ ണെന്ന വസ്തുതയിലേക്ക് അവരു ടെ ശ്രദ്ധ ഖുർആൻ ക്ഷണിക്കുന്നു. ഒന്നാമത്തേത് സുലൈമാൻ നബി (അ) ക്കെതിരെയായിരുന്നു അദ്ദേഹ ത്തിന്റെ സമുദായമായ യഹൂദരിൽ നിന്ന് ചില ആളുകൾ സുലൈമാൻ (അ) അവിശ്വാസി എന്ന് പ്രഖ്യാപി ച്ചു കൊണ്ട് ജനങ്ങൾക്കിടയിൽ വിദ്വേഷം ജനിപ്പിക്കാൻ ഒരു ഗൂഢാലോചന നടത്തുകയുണ്ടയി. വാസ്തവത്തിൽ അദ്ദേഹത്തെ എതിർത്തവരായിരുന്നു അവിശ്വാ സികൾ. അദ്ദേഹത്തിന്നെതിരെ ദുരാരോപണങ്ങൾ ഉയർത്തിക്കൊ ണ്ട് അവർ രഹസ്യ സംഘടനകളു ണ്ടാക്കി. അവരെ ഗൂഢചിഹ്നങ്ങ ളും പ്രതീകങ്ങളും അഭ്യസിപ്പിക്കു കയും ചെയ്തു. യഹൂദരുടെ ഈ പ്രവർത്തനത്തിന്റെ ഫലം അവർ അനുഭവിക്കുകയുണ്ടായി. അവരു ടെ അധികാരശക്തി ശിഥിലീ കരിക്കപ്പെടുകയും നിസ്സഹായാവ സ്ഥയിൽ ബാബിലോണിയയിലേക്ക് പ്രവാസികളായി പോകേണ്ടി വരികയും ചെയ്തു. യഹൂദ രഹസ്യ സംഘങ്ങളുടെ ചതി പ്രയോഗങ്ങളെ കുറിച്ച് ഗൂഢാലോചനകളെ കുറി ച്ചുമാണ് ഈ വചനം സൂചിപ്പിക്കു ന്നത്. ബൈബിളിലെ 1 രാജാക്കന്മാർ 11:1–6 വചനം കാണുക. അവർ സോളമനെതിരെ ബിംബാരാധന ആരോപിക്കുകയും അത് പ്രചരിപ്പി ക്കുന്നതുമായി കാണാം. അദ്ദേഹ ത്തിന്റെ ഒരു ശത്രുവിന്റെ കഥ ബൈബിൾ രാജാക്കന്മാർ 11:14, 23–26 എന്നീ വചനങ്ങളിലും II ദിന വൃത്താന്തം 10:2–4 ലും പ്രതിപാദി ക്കുന്നു. സോളമന്റെ മരണത്തിന് ശേഷം അദ്ദേഹത്തിന്റെ കഠിന ശത്രുവായിരുന്ന ഹെറോഹോബാമി ന്റെ അടുക്കലേക്ക് യഹൂദർ ആളെ അയച്ചതായി ഈ വചനത്തിൽ കാണാം. അപ്രകാരം സോളമന്റെ മകൻ റഹബയാം ഈ കുഴപ്പക്കാ രുടെ ചില ആവശ്യങ്ങൾ സിംഹാ സനത്തിലേറുന്നതിന് മുമ്പായി അംഗീകരിച്ചതായും ബൈബിൾ രേഖപ്പെടുത്തുന്നു.


ബൈബിളിന്റെ ഈ സാക്ഷ്യം കൂടാതെ തന്നെ സോളമന്റെ കാലത്ത് അദ്ദേഹത്തിന്നെതിരെ രഹസ്യ സംഘങ്ങൾ പ്രവർത്തിക്കു ന്നുണ്ടായിരുന്നു എന്നതിന് മറ്റു തെളിവുകളുണ്ട്. ഫ്രീമേയ്സണെ ന്ന രഹസ്യ സംഘടനയുടെ മദ്ധ്യ കാലഘട്ടത്തിലെ ഒരു പാരമ്പര്യ കഥയിൽ ഹൂറാം എന്ന വാസ്തു ശിൽപ്പിയുടെ അതിബുദ്ധിയിൽ സോളമന് അസൂയ ഉണ്ടായിരുന്നു വെന്ന് സൂചനയുണ്ട്. ഹൂറാം എന്നയാളാണ് ജെറുസലേമിലെ സോളമന്റെ ആരാധനാലയം പണി കഴിപ്പിച്ച മുഖ്യ ശിൽപ്പി. ഉരുകിയ പിത്തല ലോഹമുള്ള പാത്രത്തിലേ ക്ക് ഈ മുഖ്യശിൽപ്പിയെ തള്ളിയിട്ട് വകവരുത്താൻ സോളമൻ ശ്രമിച്ച തായി ഈ പാരമ്പര്യ പുരാവൃത്ത കഥകളിൽ പറയപ്പെടുന്നു. പക്ഷേ ഹൂറാമിന്റെ പൂർവ്വികനായ കായന്റെ ആത്മചൈതന്യത്താൽ അദ്ദേഹം രക്ഷപ്പെടുകയാണുണ്ടായതെന്നും ഈ പാരമ്പര്യ കഥയിൽ പറയുന്നു. ഹൂറാമിന്റെ പ്രവചന പ്രകാരം അദ്ദേഹത്തിന്റെ ആളുകൾ ശത്രു വായ സോളമനെ അതിജയിക്കു മെന്ന പ്രവചനമുണ്ടായിരുന്നു. സോളമൻ അവസാനം ശിൽപ്പിയെ കൊന്നു. മരണത്തിനു മുമ്പ് ചില നിഗൂഢമുദ്രകൾ തന്റെ കൂട്ടാളി കൾക്ക് അദ്ദേഹം പഠിപ്പിച്ചതായി പറയപ്പെടുന്നു. (Secret Societyies of the World Voliume II P. 1-8) ഇതിന്റെ മൂലകൃതി കിട്ടാനില്ല. ഈ പരാമർശം മൂലകൃതിയുടെ ഉറുദു തർജ്ജമയിൽ നിന്നെടുത്തതാണ്. നമുക്ക് ഈ പുസ്തകത്തിൽ നിന്ന് അറിയാൻ കഴിഞ്ഞത് സോളമന്റെ കാലത്ത് ഉപയോഗിച്ചിരുന്ന അതേ ഗൂഢ ചിഹ്നങ്ങൾ തന്നെയാണ് ഫ്രീമേയ്സണറി (Freemasonary) ഇക്കാലത്തും എല്ലാ ലോഡ്ജുകളി ലും (Lodges) ഉപയോഗിക്കുന്നുവെ ന്നതാണ്. (Ibid p. 11). ഫ്രീമേയ്സ ണറിയിൽ അംഗമായി ചേരുന്ന ഒരാൾക്ക് ഈ ഹിറാം സംഭവം വിശദീകരിച്ചു കൊടുക്കാറുണ്ട്. (Ibid p. 29, 30) ഈ കഥകൾ എത്രതന്നെ വിശ്വസനീയമായിരു ന്നാലും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഇവയെല്ലാം വിരൽ ചൂണ്ടുന്നത് നിഗൂഢ പ്ര സ്ഥാനങ്ങൾ സോളമന്റെ കാലത്ത് വളരെ വ്യാപകമായിരുന്നുവെന്നാ ണ്. ഖുർആൻ വചനം നൽകുന്ന സൂചനയനുസരിച്ച് യഹൂദികളെ രണ്ടാമത്തെ രഹസ്യസംഘങ്ങളുടെ പ്രവർത്തനം ബാബിലോണിയൻ അടിമത്ത കാലത്താണ് ഉണ്ടാവുന്ന ത്. പക്ഷേ ഈ സമയത്ത് അവർ ഒരു പ്രവാചകനെതിരെയാണ് പ്രവർത്തിച്ചത്. ദൈവാജ്ഞകൾക്ക് വിധേയരായി പ്രവർത്തിക്കുന്ന ആത്മപ്രചോദിതരായ രണ്ട് വ്യക്തി കളുടെ നേതൃത്വത്തിലായിരുന്നു അവർ പ്രവർത്തിച്ചത്. ഇസ്രായേലി കളെ അടിമത്തത്തിൽ നിന്നും മോചിപ്പിക്കാനായിരുന്നു അവരുടെ ദൗത്യം. അവരെ അടിമകളാക്കി

വെച്ച ബാബിലോണിയയെ നെടുകെ പിളർക്കലും (ഹാറൂത്ത്) തകർക്കലും (മാറൂത്ത്) അവരുടെ ദൗത്യം. ഇവരുടെ രഹസ്യ സംഘത്തിലേക്ക് പുതിയ ആളുകൾ അംഗങ്ങളാവുമ്പോൾ നേതൃത്വത്തിലിരിക്കുന്ന ഈ വിശുദ്ധ വ്യക്തികൾ തങ്ങൾ ഒരു തരത്തിലുള്ള ദൈവിക പരീക്ഷണത്തിലാണെന്ന് പറയുമായിരുന്നു. നന്മയും തിന്മയും വേർതിരിച്ചറിയാനുള്ള വിവേചന ബുദ്ധിയെ പറ്റി അവർ ഉപദേശിക്കാറുണ്ടയിരുന്നു. അവർ പറയുന്ന കാര്യം അവിശ്വസിക്കാൻ പാടില്ലായിരുന്നുവെന്ന് അവർ ഉപദേശിച്ചു. അതിലെ നിരാസം അവരെ അവിശ്വാസത്തിലേക്ക് നയിക്കുമായിരുന്നു. ഈ രണ്ട് വിശുദ്ധന്മാരുടെ അദ്ധ്യാപനങ്ങളെയും പുരുഷന്മാരെയും സ്ത്രീകളെയും കർശനമായി വേർതിരിച്ചിരുന്നു. പുരുഷന്മാർക്ക് മാത്രമായിരുന്നു ഈ സംഘത്തിൽ അംഗത്വം കൊടുത്തിരുന്നത്. (സ്ത്രീകളെ ഒഴിവാക്കുക എന്നത് എല്ലാ രഹസ്യ സംഘങ്ങളുടെ പാരമ്പര്യ സ്വഭാവമാണ്.) ഈ വിശുദ്ധ വ്യക്തികളുടെ പ്രവർത്തനങ്ങൾ ദൈവിക ആജ്ഞ പ്രകാരമായിരുന്നുവെന്നും ഖുർആനിക വചനം പറയുന്നു.

ഈ വിവരണത്തിൽ നബുക്കദ് നസർ രാജാവ് യഹൂദരെ ബാബിലോണിയയിലേക്ക് തന്റെ അടിമത്തത്തിനു കീഴിൽ കൊണ്ടു വരുന്നതിനെ കുറിച്ച് വിശുദ്ധ ഖുർആൻ സൂചിപ്പിക്കുന്നു. അവിടെ ദീർഘകാലം അവരെ അടിമകളാക്കി നിർത്തി. ഈ ഖുർആൻ വചനങ്ങളിൽ പ്രതിപാദിക്കുന്ന രണ്ട് വിശുദ്ധന്മാർ പ്രവാചകനായ അദ്ദായിയും ഇദ്ദേയുടെ പുത്രനായ സഖര്യായും (എബ്രാ 5:1) ആണെന്ന് ബൈബിൾ വ്യക്തമാക്കുന്നു. സൈറസ് ചക്രവർത്തി പേർഷ്യ-മീഡീയ സാമ്രാജ്യത്തിന്റെ ചക്രവർത്തിയായി വന്നപ്പോൾ ഇസ്റായേലികൾ അദ്ദേഹവുമായി ഒരു രഹസ്യ ധാരണയിലെത്തുകയുണ്ടായി. സൈറസ് ചക്രവർത്തിക്ക് ഈ രഹസ്യ ധാരണ വഴി ബാബിലോണിയായെ എളുപ്പത്തിൽ കീഴടക്കാൻ സാദ്ധ്യമായി. യഹൂദികൾ ചെയ്തത് ഈ സഹായത്തെ സൈറസ് ചക്രവർത്തി അവരെ ബാബിലോൺ അടിമത്തത്തിൽ നിന്ന് മോചിപ്പിച്ച് ജറുസലേമിലേക്ക് പോകാൻ അനുവദിച്ചു എന്ന് മാത്രമല്ല, നശിപ്പിക്കപ്പെട്ട ജെറുസലേം ദേവാലയം പുതുക്കി പണിയാൻ എല്ലാ സഹായവും ചെയ്തു കൊടുത്തു. (Historians History of the world II P. 126)

സുലൈമാൻ നബി (അ) യുടെ കാലത്തെ രാജ്യദ്രോഹികളായ ആളുകൾ ചെയ്ത അതേ പാതയിൽ തന്നെയാണ് റസൂൽ തിരുമേനി (സ) യുടെ കാലത്തെ യഹൂദന്മാരും സഞ്ചരിക്കുന്നതെന്ന് പ്രതിപാദിച്ചതിന് ശേഷം പിന്നീട് യഹൂദമാർ നല്ലവരായ രണ്ട് വിശുദ്ധന്മാരുടെ നേതൃത്വത്തിൽ ബാബിലോണിയയിൽ പ്രവർത്തിച്ചതിനെ സംബന്ധിച്ചും വിശുദ്ധ ഖുർആൻ പറയുന്നു. റസൂൽ തിരുമേനി (സ) ക്ക് എതിരെ യഹൂദർ പ്രവർത്തിക്കുന്നതിന്റെ ഫലം ഖുർആൻ ഇവിടെ പറയേണ്ടത് ആവശ്യമായിരുന്നു. കാരണം മുൻകാലങ്ങളിൽ രണ്ട് ഘട്ടങ്ങളിൽ അവരുടെ വ്യത്യസ്തമായ പ്രവർത്തനങ്ങൾക്ക് വ്യത്യസ്ത രീതിയിലുള്ള ഫലങ്ങളാണുണ്ടായത്. ഒന്നാമത്തെ തവണ അവരുടെ ഗൂഢാലോചന ഒരു പ്രവാചകനെതിരെ ആയിരുന്നു. അത് അവരുടെ അന്തസ്സിനെ പൂർണ്ണമായും നശിപ്പിച്ചു. അവസാനം ബാബിലോണിയയിൽ അടിമത്തത്തിലുമായി. രണ്ടാം തവണ അവർ തങ്ങളുടെ രഹസ്യ പ്രവർത്തനം രണ്ട് പരിശുദ്ധ വ്യക്തികളുടെ ആജ്ഞക്ക് കീഴിലാണ് നടത്തിയത്. അത് വിജയത്തിൽ കലാശിക്കുകയും ചെയ്തു. അതായത് ജൂതന്മാർ റസൂൽ തിരുമേനി (സ) ക്ക് എതിരെ എന്ത് വിധത്തിലുള്ള ശ്രമങ്ങൾ നടത്തിയാലും സുലൈമാൻ നബി (സ) യുടെ കാലത്ത് ഉണ്ടായത് പോലെ അത് ഒടുവിൽ പരാജയത്തിൽ കലാശിക്കുന്നതായിരിക്കും. അവർ ബാബിലോണിയയിൽ ചെയ്തത് പോലെ ദൈവിക മാർഗ്ഗത്തിൽ പ്രവർത്തിച്ചാൽ അത് വിജയം കണ്ടെത്തുകയും ചെയ്യും. തങ്ങൾക്ക് തന്നെ ഉപദ്രവകരമായതും ഉപകരിക്കാത്തുമായ കാര്യങ്ങളാണ് ഇവർ (ഈ യഹൂദികൾ) പഠിക്കുന്നത് എന്ന ഖുർആന്റെ പ്രസ്താവന സൂചിപ്പിക്കുന്നത്. ബാബിലോണിയയിലേത് പോലെ ഇവർ അറേബ്യയിൽ വിജയിക്കില്ല എന്നാൽ റസൂൽ തിരുമേനി (സ) ക്ക് എതിരെയുള്ള അവരുടെ ശത്രുതാപരമായ പ്രവർത്തനത്താൽ അവരുടെ സഹായിയായിരുന്ന പേർഷ്യയിലെ ഖിസ്റ രണ്ടാമൻ തന്റെ പുത്രനാൽ കൊല്ലപ്പെടുകയുണ്ടായി. ഉമറിന്റെ കാലത്ത് യഹൂദികൾ സ്വയം തന്നെ അറേബ്യയിൽ നിന്ന് പുറത്ത് പോകേണ്ടിയും വന്നു. അവസാനമായി ഖുർആൻ ഈ വചനം ഉപസംഹരിക്കുന്നത് എന്തിനു പകരം അവർ സ്വന്തം ആത്മാക്കളെ വിറ്റിരിക്കുന്നുവോ അതെത്ര നികൃഷ്ടം. ഇതിന്റെ അർത്ഥം ഒരു നീചനായ ഗൂഢാലോചനക്കാരൻ ഒരിക്കലും തന്നെ അന്തിമ വിജയം കണ്ടെത്തുകയില്ല എന്നാണ്. അവസാനമായി **'അവർ അത് ഗ്രഹിച്ചിരുന്നുവെങ്കിൽ'** എന്ന വചനം ദൈവം തന്റെ ദാസന്മാർ എപ്പോഴും സന്മാർഗ്ഗത്തിന്റെ പാത അവലംബിക്കണമെന്നും ദ്രോഹബുദ്ധികളാൽ അവർ നയിക്കപ്പെടരുതെന്നും ആഗ്രഹിക്കുന്നുവെന്നതിലേക്ക് ഉജ്ജ്വലമായ തോതിൽ വെളിച്ചം വീശുന്നു.

(The Holy Quran with English Translation and Commentry . By Hadrath Mirza Bashiruddin Mahmood Ahmad )



# പശ്ചിമേഷ്യൻ സംഘർഷങ്ങൾ: പാശ്ചാത്യ സയണിസ്റ്റ് ഗൂഢാലോചന

1990 ആഗസ്ത് 2ന് സദ്ദാം ഹുസൈന്റെ കുവൈറ്റ് അധിനിവേശത്തെ തുടർന്നുണ്ടായ ഗൾഫ് യുദ്ധകാലത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ചെയ്ത 17 ഖുത്ബകളിലൊന്നിന്റെ പ്രസക്ത ഭാഗമാണിത്. 1 ഫെബ്രവരി 1991ൽ ചെയ്ത ഈ ഖുത്ബ ഇസ്റയേൽ ഫലസ്തീൻ സംഘർഷങ്ങളുടെ അഗാധതകളിലേക്കും അടിവേരുകളിലേക്കും വെളിച്ചം വീശുന്നു.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**

(ഖലീഫത്തുൽ മസീഹ് നാലാമൻ)

കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനത്തിലാണ് യഥാർത്ഥത്തിൽ ഈ പ്രശ്നം ആരംഭിക്കുന്നത്. ഇന്ന് നാം കാണുന്ന യുദ്ധത്തിന് അഗാധമായ വേരുകളുണ്ട്. തീർച്ചയായും ദാവീദിന്റെ രാജ്യം ഒരിക്കൽ സ്ഥാപിതമാകും എന്ന് ഉറച്ചു വിശ്വസിക്കുന്ന ഒരു കൂട്ടം യഹൂദർ 1897 സിയോണിസ്റ്റ് തത്വങ്ങൾ പ്രാവർത്തികമാക്കാൻ ഒരു സമിതി രൂപീകരിക്കുകയുണ്ടായി. 'ഇസ്റായേലീസ്' എന്നും 'സിയോണിസ്റ്റ്' എന്നുമായിരുന്നു അവർ അറിയപ്പെട്ടിരുന്നത്. അങ്ങനെ സിയോണിസ്റ്റ് സമിതി രൂപീകൃതമാവുകയും അതിന്റെ പ്രഖ്യാപനം നടക്കുകയും ചെയ്തു. ഇതിന്റെ വിശദ വിവരങ്ങളിലേക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല.

ഏതാണ്ട് ഇതേ കാലഘട്ടത്തിൽ തന്നെ മറ്റൊരു ജൂത രഹസ്യ രേഖയും ആദ്യമായി ലോകത്ത് വെളിപ്പെടുകയുണ്ടായി. സിയോൺ പ്രമാണിമാരുടെ ഔപചാരിക രേഖ (The Protocol of the Elders of Zion) എന്നാണ് അത് അറിയപ്പെട്ടത്. ഞാൻ മുമ്പേ പറഞ്ഞ ഇസ്റായേലിന് വേണ്ടി നിലകൊള്ളുന്ന അതേ സിയോൺ തന്നെയാണ് ഇതും. സിയോൺ (Zion) എന്നത് ദാവീദിന് വാഗ്ദാനം ചെയ്യപ്പെട്ട ഒരു മലയുടെ പേരാണ്. സയണിസത്തിൽ വിശ്വസിക്കുന്ന ഇസ്റായേലികളിലെ ഉന്നത നേതാക്കളുടെ പദ്ധതിയായിരുന്നു ഇത്. ലോകത്ത് എങ്ങനെ ആ പദ്ധതി സ്ഥാപിക്കാം അതിന് വേണ്ടി എന്ത് പ്രവർത്തിക്കണം, പ്രവർത്തന രീതി എങ്ങനെ ആയിരിക്കണം, എന്തൊക്കെ മാർഗ്ഗങ്ങൾ അതിന്നായി സ്വീകരിക്കണം. എന്നൊക്കെ ആ രേഖയിൽ വിശദീകരിച്ചിരിക്കുന്നു.

അതൊരു ചെറിയ ലഘു ലേഖയായിരുന്നു. അത് പ്രസിദ്ധീകരിച്ച തീയതി കൃത്യമായി എനിക്കോർമ്മയില്ല. എങ്കിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ, ഏറെ കുറെ 1897 ലാണ് ഈ രേഖ ആദ്യമായി ഒരു റഷ്യൻ സ്ത്രീ കണ്ടെത്തിയത്. അവർ 'പ്രോട്ടോകോൾ ഓഫ് എൽഡേഴ്സ് ഓഫ് സിയോൺ' ന്റെ ജർമ്മനിലുള്ള ഓഫീസിൽ സെക്രട്ടറിയായി ജോലിചെയ്യുകയായിരുന്നു. യാദൃശ്ചികമായി ഒരു ദിവസം രാത്രി അവർ ഒരു സുഹൃത്തിനെ കാത്ത് അയാളുടെ വീട്ടിൽ ഇരിക്കുകയായിരുന്നു. അയാൾ വരാൻ വൈകിയപ്പോൾ വെറുതേ നേരം പോക്കാൻ വേണ്ടി അവർ മേശയിൽ കണ്ട ഒരു കൈയ്യെഴുത്ത് രേഖ എടുത്ത് വായിച്ചു നോക്കി. എൽഡേഴ്സ് ഓഫ് സിയോണിന്റെ ഔപചാരിക രേഖയായിരുന്നു അത്. ലോകം കീഴടക്കാനുള്ള വിവിധ പദ്ധതികൾ അതിൽ എഴുതിയിരിക്കുന്നത് വായിച്ച് അവർ സ്തംബ്ദയായി പോയി. ഉടൻ തന്നെ അവിടെ നിന്നു ഓടി രക്ഷപ്പെട്ട് അത് റഷ്യയിലേക്ക് കടത്തി. അവിടെയാണ് ആദ്യമായി അത് പ്രസിദ്ധീകരിച്ചത്. അതിന്റെ ഇംഗ്ലീഷ് പരിഭാഷ പുറത്ത് വന്നത് 1905 ൽ ആണ്. ഇത്തരം ഒരു രഹസ്യ പദ്ധതി തങ്ങൾക്ക് ഉണ്ടായിരുന്നതായും അത് പിന്നീട് വെളിപ്പെട്ട് പോയതായും ജൂതന്മാർ തന്നെ സമ്മതിച്ചിട്ടുണ്ട്.

അവരുടെ രണ്ടാമത്തെ പദ്ധതി ഒരു ആഗോള രാഷ്ട്രീയ ഐക്യം (യുണൈറ്റഡ് നേഷൻസ്) രൂപീകരിക്കുക എന്നതായിരുന്നു. (അപ്പോൾ ലീഗ് ഓഫ് നേഷൻസോ യുണൈറ്റഡ് നേഷൻസോ അഥവാ ഐക്യ രാഷ്ട്ര സഭയോ നിലവിൽ വന്നിരു

ന്നില്ല. പക്ഷേ ഈ രേഖയിൽ അതിനുള്ള എല്ലാ ചേരുവകളും ഉണ്ടായിരുന്നു.) ഈ ഐക്യരാഷ്ട്ര സഭയുടെ നിയന്ത്രണമേറ്റെടുത്ത് കൊണ്ട് ലോകത്തെ മുഴുവൻ തങ്ങളുടെ വരുതിയിൽ കൊണ്ടുവരികയായിരുന്നു അവരുടെ പദ്ധതി. അത് നടപ്പിലാക്കാൻ ഒരു ദീർഘകാലയളവ് ആവശ്യമായിരുന്നു. ആ പദ്ധതി അപ്രകാരമാവുകയും ചെയ്തു. ഏതാണ്ട് അവർ ഉദ്ദേശിച്ചത് പോലെ കാര്യങ്ങൾ നടന്നു.

അതിന്റെ ആവിഷ്ക്കർത്താക്കൾ തങ്ങളല്ലെന്നും ഇത് തങ്ങളുടെ മേൽ വ്യാജമായി കെട്ടി വെക്കപ്പെട്ടതാണെന്നും പറഞ്ഞ് ജൂതന്മാർ ഒഴിഞ്ഞ്മാറാൻ ശ്രമിക്കാറുണ്ട്. പക്ഷേ അഭിജ്ഞരായ നിരീക്ഷകരും രാഷ്ട്രീയ വിചക്ഷണന്മാരും ലോകവ്യാപകമായി തന്നെ ഈ വാദഗതിയെ ഖണ്ഡിച്ചിട്ടുണ്ട്. പല കോടതികളിലും ഇത് സംബന്ധിച്ച് വ്യവഹാരങ്ങൾ നടന്നിട്ടുണ്ട്. ജൂതന്മാരുടെ ഈ ഒഴിഞ്ഞുമാറ്റത്തെ നിശിതമായി വിമർശിച്ചു കൊണ്ട് ഒരു ബ്രിട്ടീഷ് എഴുത്തുകാരൻ വെള്ളം കിഴക്കോട്ട് ഒഴുകുന്നു (Water's Flowing Eastwards) എന്ന പേരിൽ ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ടായിരുന്നു. അത് ഈ പദ്ധതിയുടെ മുഴുവൻ വീക്ഷണങ്ങളും വിശകലനം ചെയ്യുന്നുണ്ട്. ഇരുപത് വർഷങ്ങൾക്ക് മുമ്പ് ആ പുസ്തകം ഞാൻ വായിച്ചിരുന്നു. പക്ഷേ പിന്നീട് ആരോ അത് എന്റെ കൈയ്യിൽ നിന്ന് വാങ്ങുകയും കൈമാറി കൈമാറി തിരിച്ചു കിട്ടാത്തവിധം അത് അപ്രത്യക്ഷമാകുകയും ചെയ്തു. ഈ പുസ്തകം ഞാൻ ലണ്ടനിലും അന്വേഷിച്ചുവെങ്കിലും കിട്ടുകയുണ്ടായില്ല.

പെട്ടെന്ന് തന്നെ ഈ പുസ്തകം ജൂതന്മാർ കമ്പോളത്തിൽ നിന്നും അപഹരിച്ചുകളയുമെന്ന് പ്രസ്തുത പുസ്തകത്തിൽ തന്നെ പ്രതിപാദനമുണ്ട്. എന്ത്തന്നെയായാലും യഹൂദന്മാർ ചെയ്തത് തന്നെയാണെങ്കിലും മറ്റാരെങ്കിലും ചെയ്തതാണെങ്കിലും ആ പുസ്തകം ഇപ്പോൾ വാങ്ങാൻ കിട്ടുന്നില്ലെന്നതാണ് വാസ്തവം. ഞങ്ങൾ അക്കാര്യത്തിൽ അനുഭവസ്ഥരാണ്. അത് വിപണിയിൽ നിന്ന് അപ്രത്യക്ഷമായിരിക്കുന്നു!! അത് കൊണ്ട് തന്നെ ആ ഗ്രന്ഥത്തിലെ അനർഘ പദങ്ങൾ ഉദ്ദരിക്കാൻ എനിക്ക് നിർവ്വാഹമില്ല. എങ്കിലും ആ വിഷയവുമായി ബന്ധപ്പെട്ട എന്റെ പ്രസ്താവനകൾ മൗലികമായി വസ്തുതാപരമായിരിക്കും. പ്രസ്തുത പുസ്തകത്തിന്റെ കർത്താവ്, ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ഡിസ്റയേലിനോട് ജൂതന്മാരുടെ മേൽ ആരോപിക്കപ്പെടുന്ന ഈ പദ്ധതി യഥാർത്ഥത്തിൽ അവർ തന്നെ അസൂത്രണം ചെയ്തതാണോ അതല്ല അവരെ അപകീർത്തിപെടുത്താൻ വേണ്ടി മാത്രമുള്ള ഒരു ഗൂഢാലോചനയാണോ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പ്രതിവചിച്ചത് ഇപ്രകാരമായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ രണ്ട് സാദ്ധ്യതകളാണുള്ളത്. ഒന്നുകിൽ ഈ പദ്ധതി ആരുടെമേൽ ആരോപിക്കപ്പെടുന്നുവോ അവർ തന്നെ ആവിഷ്ക്കരിച്ചതാണ്. അനന്തര സംഭവ വികാസങ്ങൾ കൃത്യമായും അതിലേക്കാണ് സൂചന നൽകുന്നത്. അല്ലായിരുന്നുവെങ്കിൽ ആ പ്ലാനിൽ പറഞ്ഞ പ്രകാരം ഇത്ര കണിശതയിലും വ്യക്തതയിലും കാര്യങ്ങൾ നടക്കില്ലായിരുന്നു. അല്ലെങ്കിൽ ഒരുവേള ദൈവത്തിൽ നിന്ന് വെളിപാടുകൾ കിട്ടുന്ന ഒരു പ്രവാചകൻ ദൈവിക അറിയിപ്പുകൾ അനുസരിച്ച് ഭാവി കാര്യങ്ങൾ രേഖപ്പെടുത്തിയ ഒരു വെളിപാടു പുസ്തമായിരിക്കണം ഇത്.

അതായത് രണ്ട് സാദ്ധ്യതകൾ മാത്രമാണ് ഡിസ്റയേൽ കണ്ടത്. ഒന്നുകിൽ ഈ പദ്ധതി ഇപ്പോൾ അതിന്റെ കർതൃത്വം നിഷേധിക്കുന്നവർ തന്നെ രൂപം നൽകിയതാണ്. അല്ലെങ്കിൽ ഇത്തരം കാര്യങ്ങൾ ഭാവിയിൽ സംഭവിക്കുമെന്ന് ദൈവം മുന്നറിയിപ്പ് നൽകിയതനുസരിച്ച് ഒരു യഥാർത്ഥ പുണ്യവാളൻ രചിച്ചതായിരിക്കാം.

നാം ഇപ്പോൾ പിന്നീട്ടു കൊണ്ടിരിക്കുന്നത് അവരുടെ പദ്ധതിയുടെ പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിൽ കൂടിയാണ്. റഷ്യയും അമേരിക്കയും തമ്മിൽ സൗഹൃദങ്ങൾ പുനസ്ഥാപിച്ചപ്പോഴും ബെർലിൻ മതിൽ തകർക്കപ്പെട്ടപ്പോഴും ഞാൻ ഈ പദ്ധതിയെ കുറിച്ചോർത്തു. ആ അപകടകരമായ ഘട്ടം അടുത്തെത്തിപ്പോയോ എന്ന് തോന്നിപ്പോയി. ഭൗതിക സംഭവ വികാസങ്ങൾ കാണുമ്പോഴുണ്ടാകുന്ന സ്വാഭാവികമായ ഒരു ആശങ്ക എന്നതിൽ കവിഞ്ഞ് ഈ പദ്ധതിയുടെ അന്ത്യം തികച്ചും പരാജയമായിരിക്കും എന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു.

## വാഗ്ദത്ത മസീഹിന്നുണ്ടായ വെളിപാട്

എന്റെ ശുഭാപ്തി വിശ്വാസത്തിന് ഉപോൽബലകം വാഗ്ദത്ത മസീഹി(അ)ന്നുണ്ടായ ഒരു ദൈവിക വെളിപാടാണ്.

1905ൽ ഹദ്റത്ത് അഹ്മദ് (അ)ന് ഫ്രീമേസണിന് നിയന്ത്രണം ലഭ്യമാകില്ല എന്ന ഒരു ദിവ്യവെളിപാട് ലഭിക്കുകയുണ്ടായി. ഈ പദ്ധതിയുടെ ഇംഗ്ലീഷ് പരിഭാഷ പുറത്തിറങ്ങിയതും ഇതേ 1905 ൽ തന്നെയായിരുന്നു. അക്കാലത്ത് ഫ്രീമേസണെ പറ്റി ആർക്കും തന്നെ അറിയില്ലായിരുന്നു. ആ സന്ദർഭത്തിൽ ഇന്ത്യയിലെ ഖാദിയാൻ എന്ന കുഗ്രാമത്തിൽ വസിക്കുന്ന ആ മഹാത്മാവിന് ലോകത്ത് ശക്തമായ പ്രകമ്പനം കാഴ്ച്ചവെക്കുന്ന ഈ രഹസ്യ പദ്ധതിയുടെ പരാജയത്തെ കുറിച്ച് അല്ലാഹു അറിയിച്ചു കൊടുത്തു. അത്കൊണ്ട് തന്നെ ഈ പ്ലാനിന്റെ ആത്യന്തികമായ പരാജയത്തിൽ ഞാൻ ഉറച്ച ശുഭാപ്തി വിശ്വാസിയാണ്. എങ്കിലും പരാജയത്തിന് മുമ്പായി അത്യന്തം മാരകമായ അതിന്റെ വിഷജ്വാലകൾ ലോകം മുഴുവനും ചീറ്റാനും അത്മൂലം നിരവധി രാഷ്ട്രങ്ങളിൽ കുഴപ്പങ്ങളും പൊട്ടിത്തെറികളും സംഭവിക്കാനും കാരണമായേക്കും.

വമ്പിച്ച ഒരു പദ്ധതി അതിന്റെ തന്നെ ഭാരം താങ്ങാനാവാതെ

തകർന്നു വീഴുന്ന അത്യന്തം ഭീകരമായ ഒരു കാലഘട്ടത്തി ലൂടെയാണ് നാം കടന്നു പോകു ന്നത്. ഈ പ്ലാൻ നശിക്കുക എന്നത് അല്ലാഹു വിധിച്ചുപോയ കാര്യമാ ണ്. അത് തകരുകതന്നെ ചെയ്യും. പക്ഷേ നാം കരുതിയിയിരിക്കണം. മനുഷ്യ സമൂഹം അങ്ങേയറ്റം പരീക്ഷണങ്ങളിൽ കൂടിയും പ്രയാ സങ്ങളിൽ കൂടിയും കടന്നു പോ കേണ്ടിവന്നേക്കാം അഹ്മദികളും ഭാഗികമായി അതിൽ ഭാഗവാക്കാ കേണ്ടിവരും. കാരണം ലോകവ്യാപ കമായി ദുരിതങ്ങളും ക്ലേശങ്ങളും അനുഭവപ്പെടുമ്പോൾ സത്യ പ്ര സ്ഥാനത്തിൽ ഉൾപ്പെട്ടവർ പൂർണ്ണ മായും അതിൽ നിന്ന് ഒഴിവാക്ക പ്പെടും എന്നത് അസംഭവ്യമാണ്. ഒരു പരിധിവരെ അവരും അത് പങ്കിടേണ്ടി വരും.

എങ്കിലും അതിന് ശേഷം ഇസ്‌ലാമിക പ്രചരണത്തിന്റേയും വിജയത്തിന്റെയും അഹ്മദി യത്തിന്റെയും പ്രഭാവത്തിന്റെ നാളുകൾ വരും. ഈ അന്തിമ വിധി സംഭവിക്കേണ്ടത് അനിവാര്യം തന്നെയാണ്. അത് തന്നെയായി രിക്കും നവലോക ക്രമം (New Worl Order) . അല്ലാതെ നവലോക ക്രമമെന്ന പേരിൽ ലോകത്തെ വിറ്റ് കാശാക്കാമെന്ന് അമേരിക്കൻ പ്രസിഡണ്ട് വ്യാമോഹിച്ചിരിക്കുന്ന നവീനലോകവ്യവസ്ഥയല്ല അത്.

## ജൂത പദ്ധതി പ്രവർത്തനപഥത്തിൽ

തൽക്കാലം വിഷയം ഇവിടെ അവസാനിപ്പിച്ച് ഞാൻ ആദ്യം പറഞ്ഞ വിഷയങ്ങളിലേക്ക് തന്നെ കടക്കട്ടെ. ഇസ്റയേൽ രാഷ്ട്രം സ്ഥാപിക്കാൻ ആരംഭിച്ചതോടെ അവർ രണ്ടാമത്തെ ഘട്ടത്തിലേക്ക് കടന്നു. ബ്രിട്ടീഷ് വിദേശ കാര്യ സെക്രട്ടറിയായ ബാൾഫർ ജൂത സമുദായത്തിലെ സ്വാധീനമുള്ള ഒരു ധനിക അംഗമായ രോത്ത് ഷീൽ ഡിന് ഒരു എഴുത്ത് എഴുതിയ തോടെയാണ് അത് ആരംഭിച്ചത്.

സയണിസത്തിന്റെ പ്രഥമ ലോക സമ്മേളനം ചേർന്നത് 1897 ലാണെങ്കിലും അതിലെടുത്ത തീരുമാനങ്ങൾ ലോകം അറിഞ്ഞത് 1917 ആഗസ്ത് മാസത്തിൽ മാത്രമാണ്. അതിന് ഒരു വർഷം മാത്രം മുമ്പ് 1917 ൽ ബ്രിട്ടീഷ് സർക്കാറിനെ പ്രതിനിധാനം ചെയ്ത് കൊണ്ട് മിസ്റ്റർ മക്മോഹൻ, ഹിജാസിന്റെ അതായത് മക്ക-മദീനയുടെ ഗവർണ്ണരായ മക്കയു ടെ ശരീഫിന് (ഇദ്ദേഹത്തെ തുർക്കി യുടെ പ്രതിനിധിയായി അവർ കിഴക്കൻ ജോർദ്ദാനിലെ ഒരു രാജ കുടുംബത്തിൽ നിന്നും നിശ്ചയി ക്കുന്നതാണ്) ഒരു എഴുത്തെഴുതി അതിന്റെ ചുരുക്കം നിങ്ങൾ ഞങ്ങളോട് സഹകരണത്തോടും അനുകമ്പാ പൂർവ്വവുമായ ഒരു സമീപനം സ്വീകരിക്കുകയാണെ ങ്കിൽ അതിന് പ്രത്യുപകാരമായി തുർക്കിയുടെ നിഷ്ഠൂര വാഴ്ച്ചയിൽ നിന്നും നിങ്ങളെ മോചിപ്പിച്ച് ഒരു സ്വതന്ത്ര അറബ് രാഷ്ട്രം സ്ഥാപി ക്കാൻ സഹായിക്കാമെന്നായിരു ന്നു. ഒരു ഭൂപടത്തിൽ ഇംഗ്ലീഷ് ഫ്രഞ്ച് കോളനികൾ പ്രത്യേകം പ്രത്യേകം അടയാളപ്പെടുത്തി കാണിക്കുകയും ചെയ്തിരുന്നു. ചുരുക്കത്തിൽ ആ നിബന്ധ പ്രകാരം അതായത് സ്ഥലത്തെ വിദേശനയങ്ങൾ രൂപീകരിക്കുന്നത് യഥാക്രമം ബ്രിട്ടനും ഫ്രാൻസു മായിരിക്കും. ഹിജാസിന് എന്തെങ്കി ലും തീരുമാനമെടുക്കണമെങ്കിൽ തന്നെ ബന്ധപ്പെട്ട രാഷ്ട്രങ്ങളുടെ അനുമതി വാങ്ങിയായിരിക്കണം. എത്രത്തോളമെന്നാൽ ഒരു യൂറോ പ്യൻ നിരീക്ഷകനെയോ ഉപദേ ഷ്ടാവിനെയോ അങ്ങോട്ട് ക്ഷണിക്ക ണമെങ്കിൽ പോലും അനുമതി വാങ്ങിയിരിക്കണം

മക്കയുടെ ശരീഫുമായി ഇത്ത രം ചർച്ചകൾ പുരോഗമിച്ചു കൊണ്ടിരിക്കേ തന്നെ ഏതാനും വർഷങ്ങൾക്കകം ഒരു ആസൂത്രിത അക്രമണത്തിലൂടെ അവർ അദ്ദേഹ ത്തെ സ്ഥാന ഭ്രഷ്ഠനാക്കി.

1915-17 കാലഘട്ടത്തിൽ ഒരു ഭാഗത്ത് മക്കയുടെ ശരീഫിനെ ഇത്തരം സൂചനകൾ നൽകി പ്രലോഭിപ്പിച്ചു കൊണ്ടിരിക്കേ തന്നെ ബ്രിട്ടനും ഫ്രാൻസും റഷ്യയും ചേർന്ന് ഒരു ത്രിരാഷ്ട്ര രഹസ്യ ഉടമ്പടി രൂപീകരിച്ചിരുന്നു. ഓട്ടോ മൻ സാമ്രാജ്യത്തെ വിഭജിക്കുവാ നും ഏതേത് രാജ്യങ്ങൾ ബ്രിട്ടൻ ഏറ്റെടുക്കണമെന്നും ഏത് ഫ്രാൻസ് ഏറ്റെടുക്കണമെന്നും ഏത് റഷ്യ ഏറ്റെടുക്കണമെന്നുമായിയിരുന്നു ആ രഹസ്യ ഉടമ്പടി. ഇതിനു പുറമെ അറബ് രാജ്യങ്ങളെ വിഘടിപ്പിച്ച് വിഴുങ്ങാനുള്ള മറ്റൊരു ആംഗ്ലോ -ഫ്രഞ്ച് ഉടമ്പടിയും രൂപം കൊണ്ടിരുന്നു. ചുരുക്കത്തിൽ ഈ പദ്ധതി മുഖേന ആ ഭൂവിഭാഗം മുഴുവനും മൂന്ന് വൻ ശക്തി കളുടെ കൈകളിൽ വന്ന്ചേരുക എന്നതായിരുന്നു അവരുടെ നിഗൂ ഢ ലക്ഷ്യം. ഫ്രഞ്ച്-ഇംഗ്ലീഷ് കുത്തകകളുടെ മേൽക്കോയ്മക്ക് വിധേയപ്പെടാൻ അറബ് രാഷ്ട്ര ങ്ങൾ സന്നദ്ധരായി. അനന്തരം നടന്ന യുദ്ധങ്ങളും അവയിൽ രണ്ട് രാഷ്ട്രങ്ങൾ വഹിച്ച പങ്കും ഭൂതകാല ചരിത്രത്തിൽ നിന്ന് എളുപ്പം ഗ്രഹിക്കാവുന്നതാണ്.

സമകാലിക സംഭവികാസ ങ്ങൾ ഈ പരിപ്രേക്ഷ്യത്തിൽ വീക്ഷിക്കുകയാണെങ്കിൽ പല ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും വ്യക്ത മാവുന്നതാണ്. അതിലേക്ക് കടക്കു ന്നതിന് മുമ്പേ ഈ വിഷയവുമായി അഗാധമായി ബന്ധപ്പെട്ടു കിടക്കു ന്ന മറ്റൊരു ദുർഗ്രഹതയിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണി ക്കുകയാണ്. മദ്ധ്യ പൗരസ്ത്യ ദേശം ഭൂമിയിൽ ഏറ്റവും സമ്പന്ന മായ പ്രദേശമാണ്. എണ്ണ സമ്പത്തി ന്റെ 60% ഈ ഭാഗത്ത് കേന്ദ്രീകരി ച്ചിരിക്കുന്നു. അതേ സമയം പ്രതി രോധ ശേഷിയുടെ കാര്യത്തിൽ ഏറ്റവും ദുർബലവുമാണ് ഈ പ്രദേശം. വ്യാവസായികമായും പിന്നിലാണ്. എന്താണ് ഇതിന്റെ നിഗൂഢത? എന്തുകൊണ്ട് സമ്പത്തി ന്റെ ഈ മേഖലക്ക് കാവലേർ പ്പെടുത്തുന്നില്ല. ഒരു ബേങ്കിൽ കുറച്ച് സ്വർണ്ണ ഉരുപ്പടിയുണ്ടെങ്കിൽ കർശന സുരക്ഷാ സംവിധാനങ്ങൾ

ശേഷം പേജ് 43 ൽ

# ഫലസ്തീൻ പ്രശ്നം: മതപരവും രാഷ്ട്രീയവുമായ മാനങ്ങൾ

ഫലസ്തീൻ പ്രശ്നം ഒക്ടോബർ 7 ന് ഹമാസ് ആക്രമണത്തോടെ ആരംഭിച്ചതല്ല. നാലായിരം വർഷം പഴക്കമുള്ള ബൈബിൾ കഥയുമായും അതിന് ബന്ധമില്ല. ഏഴ് പതിറ്റാണ്ടുകളായി രക്തപങ്കിലമായി നടന്നു കൊണ്ടിരിക്കുന്ന ഇസ്റയേലീ ഫലസ്തീൻ പ്രശ്നം പത്തൊമ്പതാം നൂറ്റാണ്ടിൽ സയണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടെ ആരംഭിച്ചതും പാശ്ചാത്യ സാമ്രാജ്യത്വം വളർത്തിക്കൊണ്ടുവന്നതുമാണ്.

എ. എം. മുഹമ്മദ് സലീം

നാലായിരം വർഷങ്ങൾക്ക് മുമ്പ് അബ്രഹാമിന് അവരുടെ യഹോവ വാഗ്ദാനം ചെയ്ത ഭൂമിയാണ് ഫലസ്തീൻ എന്ന് പറഞ്ഞ് ബൈബിൾ മിത്തുമായി കൂട്ടിക്കലർത്തി നിക്ഷിപ്ത താൽപര്യക്കാർ ഫലസ്തീൻ പ്രശ്നം പ്രചരിപ്പിക്കുന്നുണ്ട്. ബൈബിൾ വായനക്കാരായ കോടിക്കണക്കിന് ക്രിസ്ത്യൻ-യഹൂദ വിശ്വാസികളുടെ മതവികാരങ്ങളെ തൊട്ടുണർത്തി ഒരു പ്രതിലോമ ചരിത്രബോധം സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. സത്യവും യാഥാർത്ഥ്യവുമായി അതിന് യാതൊരു ബന്ധവുമില്ല. വാസ്തവത്തിൽ ഫലസ്തീൻ പ്രശ്നം ആരംഭിക്കുന്നത് ആധുനിക ദേശീയ രാഷ്ട്രത്തിന്റെ രീതിയിലുള്ള ഒരു യഹൂദ മതരാഷ്ട്രം സാക്ഷാത്ക്കരിക്കാൻ വേണ്ടി 1897 ൽ തിയോഡർ ഹെർഡ്സ് സ്ഥാപിച്ച സയണിസത്തിന്റെ ആവിർഭാവത്തോടെയാണ്.

യൂറോപ്പ് ക്രിസ്തുമതത്തിന്റെ അധീശാധിപത്യത്തിലമർന്നിരുന്ന കാലം യഹൂദരുടെ അഗ്നി പരീക്ഷണങ്ങളുടെ കാലമായിരുന്നു. മദ്ധ്യകാലഘട്ടത്തിൽ നിന്നും ആധുനിക കാലത്തേക്കുള്ള ലോകത്തിന്റെ രാഷ്ടീയ പരിവർത്തനത്തെ കുറിക്കാൻ ചരിത്രകാരന്മാർ ഉപയോഗിക്കുന്ന നിർണ്ണായക സംഭവമാണ് ഫ്രഞ്ച് വിപ്ലവം. ഫ്രഞ്ച് വിപ്ലവത്തിന് ശേഷം യൂറോപ്പ് മതപരമായ ശാക്തീകരണത്തിലേക്കും തിയോക്രസിയിലേക്കും ഫ്യൂഡലിസത്തിലേക്കും തിരിച്ചുപോയില്ല. പകരം ദേശീയതയുടെ അടിസ്ഥാനത്തിൽ രാഷ്ട്രങ്ങൾ പുനർ നിർമ്മിക്കപ്പെടുകയും രാഷ്ട്രവും പൗരനും തമ്മിലുള്ള ബന്ധം ദേശീയാടിസ്ഥാനത്തിൽ നിർവ്വചിക്കപ്പെടുകയും ചെയ്തു. യൂറോപ്യൻ സമൂഹത്തിൽ നിന്നും വിമോചിതരായ യഹൂദികൾ (Emancipated Jews) ദേശീയ ധാരയിലേക്ക് സ്വാംശീകരിക്കപ്പെട്ടു (Assimilation). യൂറോപ്യൻ രാഷ്ട്രങ്ങളുടെ ദേശീയമായ സത്വരൂപീകരണം യഹൂദ സമൂഹത്തേയും ആവേശഭരിതമാക്കുകയുണ്ടായി. അവർ യൂറോപ്പിൽ മിക്കയിടത്തും രണ്ടാംകിട പൗരന്മാരായിട്ടായിരുന്നു ജീവിച്ചത്. പൗരാവകാശങ്ങൾ വകവെച്ചു കൊണ്ടുള്ള പുതിയ ദേശീയത യഹൂദരുടെ ദുരിതപൂർണ്ണമായ ചരിത്രഭാഗധേയത്തിന്ന് ശമനം വരുത്തി.

പൗരത്വത്തെ സംബന്ധിച്ച് മതപരമായ പക്ഷപാതിത്വങ്ങളില്ലാത്ത ദേശീയതയുടെ വസന്തകാലം യൂറോപ്പിലെ യഹൂദികൾ തുടക്കത്തിൽ ആത്മാർത്ഥമായി സ്വാഗതം ചെയ്തു. കമ്മ്യൂണിസം സോഷ്യലിസം മുതലായ അക്കാദമീയവും രാഷ്ട്രീയവുമായ തത്വശാസ്ത്രങ്ങളുടെ നിർമ്മിതിയിലും പ്രയോഗത്തിലും യഹൂദരുടെ സാന്നിദ്ധ്യം കാണാം. പക്ഷേ സെമിറ്റിക്ക് വിരോധത്തിന്റെ ഇരുണ്ട നൂറ്റാണ്ടുകൾ യഹൂദ മനസ്സിനെ വേട്ടയാടിക്കൊണ്ടിരുന്നു. യഹൂദ വിരോധത്തിന്റെ സുനാമി തരംഗങ്ങൾ ഏത് സമയത്താണ് ക്രിസ്ത്യൻ യൂറോപ്പിൽ പൊട്ടിപുറപ്പെടുക എന്നത് അപ്രവചനീയമായിരുന്നു.

യൂറോപ്യൻ രാജ്യങ്ങൾ ദേശീയ രാഷ്ട്രങ്ങളായി മാറിക്കൊണ്ടിരിക്കുമ്പോൾ ലോകത്തിലെ ഏതൊരു ജനതയേക്കാളും മതഗോത്ര ബോധം ഗ്രസിച്ചിരുന്ന യഹൂദികളുടെ ദേശീയ ബോധത്തിന്ന് തീപിടിക്കാൻ അധികം താമസമുണ്ടായില്ല. തങ്ങളുടെ സുരക്ഷക്ക്വേണ്ടിയുള്ള ഒരു രക്ഷാ ഗേഹത്തെ പറ്റി യൂറോപ്പിന്റെ പുതിയ പശ്ചാത്തലത്തിൽ യഹൂദികൾ ചിന്തിച്ചു തുടങ്ങി. യഹൂദ ദേശീയതക്കനുകൂലമായ ശക്തമായ ഒരു വൈകാരിക പശ്ചാത്തലം യഹൂദി സമുദായത്തിന്നുണ്ടായിരുന്നു. പുരാതനകാലത്ത് തികച്ചും മതപരവും തീർത്ഥാടന പരവുമായ ഒരു അദ്ധ്യാത്മിക പ്രസ്ഥാനമായിരുന്നു സയണിസം. ജെറുസലേമിന്റെ പര്യായമായി യഹൂദ സാഹിത്യങ്ങളിൽ ഉപയോഗിച്ചിരുന്ന സിയോണിനെ കേന്ദ്രമാക്കിയുള്ള ഈ മതകീയ ബോധത്തെ യഹൂദ ദേശീയതയുടെ വാക്താക്കൾ ഒരു രാഷ്ട്രീയ യാഥാർത്ഥ്യമാക്കി മാറ്റാൻ ഉപയോഗിച്ചു. സയണിസ്റ്റ് പ്രസ്ഥാനത്തിന്ന് അദ്ധ്യാത്മികമായ ഒരു പ്രാഗ് ഘട്ടവും രാഷ്ട്രീയമായ ഒരു ദ്വിത്തീയ ഘട്ടവുമുണ്ട്. ഹംഗേറിയൻ ജൂതനും ജേഴ്ണലിസ്റ്റുമായ തിയോഡർ ഹെർസൽ ആണ് സയണിസ്റ്റ് പ്രസ്ഥാനത്തിന് രൂപം നൽകിയത്. 1896 ൽ അദ്ദേഹം The Jewish State എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. 1897 ൽ സ്വിറ്റ്സർലണ്ടിലെ ബാസലിൽ യഹൂദർക്ക് ഒരു ജന്മഗേഹം വേണമെന്ന മുദ്രാവാക്യം മുൻനിർത്തി സിയോണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആദ്യയോഗം വിളിച്ചു ചേർത്തു.

## വാഗ്ദത്ത ഭൂമിലേക്കുള്ള തിരിച്ചുപോക്ക്

ദൈവത്തിനുപോലും അപമാനകരമായ രീതിയിൽ ബൈബിളിലെ വാഗ്ദാന കഥയുമായി കൂട്ടികുഴച്ചാണ് അവർ ഇസ്റയേൽ സ്റ്റേറ്റിന്റെ രൂപീകരണം ചരിത്രമായി അവതരിപ്പിച്ചത്. സയണിസത്തിന്റെ ജൂതജന്മഗേഹത്തിനു വേണ്ടിയുള്ള ആവശ്യം സാമ്രാജ്യത്വ ശക്തികളുടെയും പാശ്ചാത്യ രാജ്യങ്ങളുടെയും പിന്തുണയോടെ അനീതിയുടെയും കുടില തന്ത്രങ്ങളുടെയും അകമ്പടിയോടെ പ്രാവർത്തികമാക്കിയതാണ് ഫലസ്തീൻ പ്രശ്നത്തിന് നിദാനം. അവരുടെ ഒന്നാമത്തെ വാദം ഫലസ്തീൻ യഹൂദർക്ക് യഹോവ വാഗ്ദാനം ചെയ്ത ഭൂമിയാണ് എന്നതാണ്. അത്കൊണ്ട് മറ്റൊരു ജനതക്കും അവിടെ പാർക്കാൻ അനുവാദമില്ല. എത്രത്തോളം നീതിരഹിതവും വംശീയവുമാണ് ഈ വാദം. നിറയെ ജനവാസമുള്ള ഫലഭൂയിഷ്ടമായ ഫലസ്തീൻ ഭൂമിയെ കുറിച്ച് 'ഭൂമിയില്ലാത്ത ജനതക്ക് ജനങ്ങളില്ലാത്ത ഭൂമി' എന്ന മുദ്രാവാക്യവും അവർ പ്രചരിപ്പിച്ചു.

ബൈബിളിൽ ഇറാഖിലെ ഊർ എന്ന സഥലത്ത് ജീവിച്ചിരുന്ന സെമറ്റിക്ക് മതങ്ങളുടെ പൂർവ്വ പിതാവായ അബ്രഹാമിന് ദൈവം നൽകിയ വിചിത്രമായ ഒരു വ്യാഖ്യാനമാണ് ഇസ്റയേൽ രാഷ്ട്രവാദത്തിന്റെ അടിസ്ഥാനം. അത് ഇതാണ്: **'നിന്റെ (അബ്രഹാം) സന്തതിക്ക് ഞാൻ മിസ്രയീം നദി മുതൽ ഫ്രാത്ത് നദിയായ മഹാനദി വരെ ഈ ദേശത്തെ തന്നിരിക്കുന്നു. കേനിയർ, കെനിസിയർ, കദ്മേനിയർ, ഹിത്തിയർ, പെരിസിയർ, രെഫായിമിയർ, അമോരിയർ, കനാനിയർ, ഗിർഗശിയർ, യെബൂസിയർ എന്നിവരുടെ ദേശം.' (ഉൽപത്തി: 15:18)** അതായത് നാലായിരം കൊല്ലം മുമ്പ് യഹോവ വാഗ്ദാനം ചെയ്ത ഭൂമിയിൽ അക്കാലത്ത് തന്നെ 10 ഗോത്രങ്ങൾ വസിച്ചു വരികയാണ്. സിയോണിസ്റ്റുകൾ തങ്ങൾക്ക് യഹോവ വാഗ്ദാനം നൽകിയതാണ് പലസ്തീൻ ഭൂമി എന്ന് പറയുമ്പോൾ ആധുനിക കാലത്ത് അവിടെ 8 രാജ്യങ്ങളുണ്ട് എന്ന് നാം ഓർക്കണം. ഇസ്റയേൽ, ഗസ്സ, വെസ്റ്റ് ബാങ്ക്, ജോർദ്ദാൻ, സിറിയ, ലബനാൻ, ഈജിപ്ത് ഇറാഖ്. എന്നിട്ട് അവിടെ താമസിക്കുന്ന ജനതയോട് അനുവർത്തിക്കേണ്ട നയവും യഹോവ വ്യക്തമാക്കുന്നുണ്ട്. **'എതിരിടുന്ന ജനതയിൽ സംഭ്രാന്തിയുണ്ടാക്കും....നീ പെരുകി രാജ്യത്തു നിറയുംവരെയും പടിപടിയായി അവരെ ഞാൻ പുറന്തള്ളും. നിന്റെ ദേശം ചെങ്കടൽ മുതൽ ഫെലിസ്തീയരുടെ കടൽ വരെയും മരുഭൂമി മുതൽ യൂഫ്രട്ടീസ് നദിവരെയും ആയിരിക്കും. തദ്ദേശവാസികളെ ഞാൻ നിങ്ങളുടെ കയ്യിൽ അകപ്പെടുത്തും നീ അവരെ നിന്റെ മുമ്പിൽ നിന്ന് നീക്കിക്കളയണം.'(പുറപ്പാട്:23:32)**

ഇങ്ങിനെയുള്ള നിരവധി വചനങ്ങൾ ബൈബിളിലുണ്ട്. അതായത് യഹൂദ ജനത മാത്രമാണ് ദൈവത്തിന്റെ സ്വന്തം ജനത. മറ്റുള്ളവർ യഹൂദരുടെ ദൈവത്തിന്ന് രണ്ടാം കിടക്കാരാണ്. പുരാതനകാലം മുതൽ യഹൂദർ ഫലസ്തീൻ ഉപേക്ഷിച്ച് മറ്റിടങ്ങളിൽ ജീവിച്ചാലും ആയിരക്കണക്കിന് വർഷങ്ങളായി തുടർച്ചയായി ഫലസ്തീനിൽ ജീവിക്കുന്ന യഹൂദരല്ലാത്ത മറ്റു ജനതകൾക്ക് ഫലസ്തീൻ മണ്ണിൽ യാതൊരു അവകാശവുമില്ല. യഹൂദർ വന്നാൽ തദ്ദേശവാസികളായ ജനങ്ങൾ യഹൂദർക്കായി നാടൊഴിഞ്ഞു കൊടുക്കണം.!! അതിന്നുള്ള പ്രമാണ രേഖയാകട്ടെ അവരുടെ വിശുദ്ധ ബൈബിളും.!!. വാസ്തവത്തിൽ മറ്റുള്ളവരുടെ ദേശമാണ് യഹോവ യഹൂദർക്ക് വാഗ്ദാനം ചെയ്തതെന്ന് ബൈബിളിൽ തന്നെ വ്യക്തമായി പറയുന്നു. അത്കൊണ്ടാണ് യഹൂദരെ മാത്രം സ്നേഹിക്കുന്ന അവരുടെ ദൈവം ഒരു വംശീയ ദൈവമാണ് എന്ന് പറയുന്നത്.

യഹൂദർ ഇത്രയധികം കൊട്ടിഘോഷിക്കുന്ന അവരുടെ വാഗ്ദത്ത ഭൂമിയിൽ 4000 വർഷത്തെ ചരിത്രത്തിനിടയിൽ അവർ ഐക്യ ഇസ്റയേൽ ഭരിച്ചത് ബി.സി 1047 മുതൽ ബി.സി 930 വരെ കേവലം 117 വർഷം മാത്രമാണ്. മൂന്ന് രാജാക്കന്മാർ ശൗൽ (താലൂത്ത്) ഡേവിഡ് (ദാവൂദ് നബി(അ)),

സോളമൻ (സുലൈമാൻ നബി (അ)). പിന്നീട് സാമ്രാജ്യം രണ്ടായി പിളർന്നു ചിഹ്നഭിന്നമായി. ബിസി. 721 അസീറിയൻ രാജാവ് സാർഗ ണും തുടർന്ന് ബാബിലോണിയൻ ചക്രവർത്തി നെബുക്കദ് നസർ എന്നീ സാമ്രാട്ടുകൾ ഇസ്റയേലി ലെ പന്ത്രണ്ട് ഗോത്രങ്ങളേയും ബാബിലോണിയയിലേക്ക് പിടിച്ചു കൊണ്ടുപോയി അടിമകളാക്കി. യഹൂദരുടെ അഭിമാന സ്തംഭമായ സോളമന്റെ ആരാധനാലയം തകർ ത്ത് തരിപ്പണമാക്കി. അങ്ങനെ 12 ഗോത്രങ്ങളെയും പൂർണ്ണമായും ഫലസ്തീനിൽ നിന്നും നിഷ്ക്രമിച്ചു യഹൂദ വിമുക്തമായി. പിന്നിട് ബാബിലോണിയ കീഴടക്കിയത് മീദിയാ-പേർഷ്യൻ സാമ്രാട്ടായ മഹാനായ സൈറസ് ചക്രവർത്തി യാണ്. ഖുർആൻ അദ്ദേഹത്തെ വിശേഷിപ്പിച്ചത് ദുൽക്കർണൈൻ എന്നാണ്. പടിഞ്ഞാറ് ഈജിപ്ത് മുതൽ കിഴക്ക് ഇന്ത്യയിലെ സിന്ധു നദിവരെ വ്യാപിച്ചു കിടക്കുന്ന പുരാതന ലോകത്തെ ഏറ്റവും വലിയ സാമ്രാജ്യമായിരുന്നു സൈറസിന്റേത്. യഹൂദരോട് അനുഭാവമുണ്ടായിരുന്ന സൈറസി നെ അഭിഷിക്തൻ എന്നാണ് ബൈബിൾ വിശേഷിപ്പിക്കുന്നത് (യെശയ്യാ45:1) അദ്ദേഹത്തിന്റെ കാലത്താണ് എസ്റാ (ഉസൈർ നബി), നെഹമിയാ എന്നീ പ്രവാച കന്മാരുടെ നേതൃത്വത്തിൽ യഹൂദ, ബെന്യാമിൻ എന്നീ രണ്ടു ഗോത്ര ങ്ങളിൽ പെട്ട 50,000 യഹൂദന്മാരെ ബാബിലോണിയൻ പ്രവാസകാല ത്ത് ഫലസ്തീനിലേക്ക് മടങ്ങി വരാൻ അനുവദിച്ചത്. മാത്രമല്ല ബാബിലോണിയൻ രാജാവ് നെബുക്കദ് നസർ നശിപ്പിച്ച സോള മന്റെ ആരാധനാലയം പുനർനിർമ്മി ക്കാനുള്ള എല്ലാ സഹായങ്ങളും ചെയ്തത് സൈറസാണ്. യേശു ജനിക്കുന്നതിന് അഞ്ചര നൂറ്റാണ്ടു മുമ്പ് ബി. സി 588 ലാണ് യഹൂദരില്ലാത്ത ഫലസ്തീനിലേക്ക് ഈ രണ്ട് ഗോത്രങ്ങളുടെ മടക്കം. പിന്നീട് ബിസി 332 ൽ ഫലസ്തീൻ ഗ്രീക്കു ചക്രവർത്തിയായ അലക് സാണ്ടർ കീഴടക്കുകയുണ്ടായി. ഗ്രീക്ക് പിന്തുടർച്ചയിൽ ടോളമിമാർ ഈജിപ്ത് ഭരിക്കുമ്പോൾ യഹൂദർ ക്ക് പരിമിതമായ ആനുകൂല്യങ്ങൾ നൽകിയിരുന്നുവെങ്കിലും കടുത്ത യവനവത്ക്കരണത്തിന് അവർ വിധേയരായി. ഏകദൈവ വിശ്വാസി കളായ യഹൂദരെ ഗ്രീക്ക് ബിംബ ങ്ങളെ ആരാധിക്കാൻ അവർ നിർബ ന്ധിച്ചു. ഇതിനെതിരെ മത്തിയാസ് എന്ന യഹൂദ പുരോഹിതന്റെ മകനായ യൂദാസ് മക്കാബിയാൾ ബി. സി 165 ൽ ഒരു വിപ്ലവം നടത്തി അവിടെ യഹൂദ ഭരണം സ്ഥാപിച്ചു ബൈബിൾ പഴയ നിയമത്തിലെ മക്കാബിയർ എന്ന രണ്ട് അദ്ധ്യായ ങ്ങളിൽ ഈ കഥ വിവരിക്കുന്നുണ്ട്. സോളമന് ശേഷം ഹാസ്മോണി യൻ രാജവംശം എന്ന പേരിൽ യൂദായിൽ യഹൂദ ഭരണം കാഴ്ച്ച വെച്ച രോമാഞ്ച ജനകമായ ഈ ചരിത്രം യഹൂദർക്ക് ആവേശകര മാണ്. പിന്നീട് ബി സി 63 ൽ റോമാ സാമ്രാജ്യമാണ് ഫലസ്തീനെ യഹൂദ ഭരണം അവസാനിപ്പിച്ച് കീഴടക്കിയത്. യേശു ജനിക്കുമ്പോ ൾ യഹൂദർ റോമാ സമ്രാജ്യത്തിന്റെ കീഴിലായിരുന്നു.

മടങ്ങിവന്ന 'യഹൂദ' എന്ന ഗോത്രത്തിൽ പെട്ട മറിയയുടെ പുത്രനായി കൊണ്ടാണ് ബനീ ഇസ്റായേൽ മിശിഹ ആയി വന്ന ഹദ്റത്ത് യേശു ജനിച്ചത്. വളർത്ത ച്ഛനായ ജോസഫും അതേ ഗോത്ര ക്കാരനാണ്. ഒരു പ്രവാചകനും തന്റെ സ്വന്തം ദേശത്ത് സ്വീകരിക്ക പ്പെട്ടില്ല എന്ന് യേശുതന്നെ ബൈ ബിളിൽ പറഞ്ഞത് പോലെ അദ്ദേഹത്തെ ഫലസ്തീൻ യഹൂദർ ക്രൂരമായി നിരാകരിച്ചു. ക്രൂശി ക്കാൻ ധൃഷ്ടരായി. പക്ഷേ അദ്ദേഹം കുരിശിൽ മരിച്ചില്ല. കുരിശ് പീഢനത്തിൽ നിന്നും രക്ഷപ്പെട്ട യേശു 'കാണാതെ പോയ ഇസ്റ യേൽ ഗോത്രങ്ങൾക്കിടയിലേക്ക ല്ലാതെ എന്നെ അയക്കപ്പെട്ടിട്ടില്ല' എന്ന ബൈബിൾ വാക്യ പ്രകാരം ആ ഗോത്രങ്ങളെ തേടി അവർ ചിതറിത്തെറിച്ച് പാർക്കുന്ന കിഴക്കൻ രാജ്യങ്ങളിലേക്ക് യാത്രയാവുകയാണ് ചെയ്തത്. ബൈബിൾ പുതിയ നിയമത്തിൽ ഇത് കാണാം. **'നിങ്ങൾ എന്നെ അന്വേഷിക്കും എന്നാൽ കണ്ടെ ത്താൻ കഴിയുകയില്ല. ഞാൻ എവിടെയാണോ അവിടെ നിങ്ങൾ ക്ക് വരാൻ സാദ്ധ്യമല്ല. യഹൂദർ പരസ്പരം ചോദിച്ചു നമുക്ക് കണ്ടെത്താൻ കഴിയാത്ത വിധം ഈ മനുഷ്യൻ എവിടേക്ക് പോകാ ൻ ഉദ്ദേശിക്കുന്നു.'(യോഹന്നാൻ 7: 35)**

## ഇസ്റയേലിലേക്ക് മടങ്ങി വരാത്ത യഹൂദർ

മദ്ധ്യേഷ്യയിലെയും ഇന്ത്യയു ടെ വടക്ക് പടിഞ്ഞാറ് അഫ്ഘാനി സ്ഥാനിലും കാശ്മീരിലുമുള്ള പല യഹൂദ ഗോത്രങ്ങളും യേശുവിനെ രാജോചിതം സ്വീകരിച്ചു. യേശുവി നെ സ്വീകരിച്ച അവർ പിന്നീട് ഇസ്ലാം മതവും സ്വീകരിക്കുകയു ണ്ടായി. ചിലർ സ്വാഭാവികമായും പ്രവാസ ജീവിതത്തിനിടയിൽ മറ്റു ജാതികളിലും മതങ്ങളിലും ലയിച്ചു ചേരുകയാണുണ്ടായത്. ഈ പ്രതിഭാ സത്തെയാണ് ഡയസ്പോറ (ചിതറി തെറിക്കൽ) എന്ന് പറയുന്നത്. യഹൂദരിൽ വലിയ വിഭാഗം തിരിച്ചു വരാത്തവിധം വിദൂര ദിക്കുകളിലേ ക്ക് പലായനം ചെയ്ത വസ്തുത വിശുദ്ധ ബൈബിളും വിശുദ്ധ ഖുർആനും വിവരിക്കുന്നുണ്ട്. ബൈബിളിൽ **'ഒടുവിൽ ഇസ്റായേ ലിനെ തന്റെ സന്നിധിയിൽ നിന്നും നീക്കിക്കളഞ്ഞു' (രാജാക്കന്മാർ 17:23) 'അവർ അറിഞ്ഞിട്ടില്ലാത്ത ജനതകളുടെ ഇടയിലേക്ക് ഒരു ചുഴലിക്കാറ്റുകൊണ്ട് അവരെ ചിതറിച്ചു കളഞ്ഞു. അങ്ങനെ അവർ വിട്ടുപോയ ദേശം ശൂന്യമാ യി. അവിടെ വരവും പോക്കും ഇല്ലാതെയായി. മനോഹരമായ ആ ദേശം തരിശായി.' (സെഖര്യാവ് 7:14)** വിശുദ്ധ ഖുർആൻ പറയുന്നു **'നാം അവരെ (യഹൂദരെ) വിവിധ ജനത യായി പിരിച്ച് വ്യാപിപ്പിച്ചു. അവരി ൽ സൽക്കർമ്മകാരികളുമുണ്ട്. അല്ലാത്തവരുമുണ്ട്'(സൂറ: അഅ്റാ**

ഫ് 7: 169)

## ഇസ്റായേലിനെതിരെ റോമൻ ആക്രമണം

യേശു ഫലസ്തീനിൽ നിന്നും പോയതിന് ശേഷം എ. ഡി 70 ലാണ് നിർണ്ണായകമായ റോമൻ ആക്രമണമുണ്ടാകുന്നത്. റോമിനെതിരെ ജെറുസലേം കേന്ദ്രീകരിച്ച് യഹൂദന്മാർ വിപ്ലവത്തിന്നൊരുമ്പെട്ടു എന്നതായിരുന്നു അവർക്കെതിരെയുള്ള കുറ്റം. യേശുവിന്റെ കാലംതൊട്ട് യഹൂദരിൽ രാഷ്ട്രീയ മോഹങ്ങളും വിപ്ലവ പ്രവണതയും പ്രബലമായിരുന്നു. ഈ സമയത്ത് റോമിൽ അരക്ഷിതാവസ്ഥയും അധികാര വടംവലിയും മുറുകുകയായിരുന്നു. റോം ഭരിച്ചിരുന്ന നീറോ ആത്മഹത്യ ചെയ്തു. അവിടെ വെസ്പേഷ്യൻ എന്ന പരാക്രമിയായ റോമൻ ചക്രവർത്തി അധികാരമേറ്റു. മഹാ പരാക്രമശാലിയും റോമിന്റെ ഭാവി ചക്രവർത്തിയുമായ വെസ്പേഷ്യന്റെ മകൻ ടൈറ്റസാണ് യഹൂദരുടെ ഫലസ്തീനിലെ ജെറുസലേം കലാപം അടിച്ചമർത്താൻ നിയോഗിക്കപ്പെട്ടത് അദ്ദേഹം അപ്പോൾ ഈജിപ്തിൽ ഒരു സൈനിക ദൗത്യത്തിലായിരുന്നു. എൺപതിനായിരം സേനാനികളുമായി ജെറുസലേം വളഞ്ഞ റോമൻ പട്ടാളം വെട്ടുകിളികളെ പോലെയാണ് ഫലസ്തീനിലേക്ക് ഇരച്ചുകയറിയത്. മാസങ്ങളോളം ജെറുസലേം നഗരം അവർ ഉപരോധിച്ചു. എ.ഡി 70 ലാണ് കീഴടക്കിയത്. പതിനായിരക്കണക്കിന് യഹൂദർ ആ റോമൻ അക്രമണത്തിൽ കൊല്ലപ്പെട്ടു എന്നാണ് ചരിത്രം പറയുന്നത്. സോളമൻ ക്ഷേത്രം കല്ലിന്മേൽ കല്ല് ഇല്ലാത്ത വിധം നശിപ്പിച്ചു. കലാപ ശ്രമങ്ങളെ തുടർന്ന് എ. ഡി 130 ൽ ഫലസ്തീൻ സന്ദർശിച്ച റോമിലെ ഹർദ്രിയാൻ ച്രക്രവർത്തി ജൂതന്മാരെ ജെറുസലേം നഗരത്തിൽ കാലുകുത്തുന്നത് നിരോധിച്ചു.

റോമൻ ചക്രവർത്തി കോൺസന്റയിൻ നാലാം നൂറ്റാണ്ടിൽ ക്രിസ്തുമതം സ്വീകരിച്ചപ്പോൾ മർദ്ദിതരായ ക്രിസ്ത്യാനികൾക്ക് ജെറുസലേം നഗരകവാടങ്ങൾ തുറന്നു കൊടുത്തു. കോൺസന്റയിന്റെ അമ്മ ഹെലനയാണ് സെപൾക്കർ ചർച്ച് (തിരുപിറവിപള്ളി) അടക്കം പല ക്രിസ്തുമത സ്മാരകങ്ങളും പണിതത്. ജെറുസലേം ഒരു ക്രിസ്തീയ നഗരമാക്കി. എ. ഡി 527 മുതൽ 565 വരെ ഭരിച്ചിരുന്ന ജസ്റ്റീനിയൻ ചക്രവർത്തി അവശേഷിക്കുന്ന യഹൂദന്മാർ ഉണ്ടാക്കാൻ ശ്രമിച്ച യഹൂദ കലാപം അടിച്ചമർത്തുകയും ജെറുസലേമിൽ പ്രവേശിക്കുന്ന യഹൂദരെ വധശിക്ഷക്ക് വിധേയമാക്കുമെന്ന് ശാസനയിറക്കുകയും ചെയ്തു. .

## ഫലസ്തീൻ മുസ്‌ലിം ഭരണത്തിനു കീഴിൽ

6-ാം നൂറ്റാണ്ടിൽ ഇസ്‌ലാമിന്റെ ആവിർഭാവമുണ്ടായി. അതിന് മുമ്പ് തന്നെ ജെറുസലേം മിക്കവാറും യഹൂദ മുക്തമായിരുന്നു. ഇസ്‌ലാം മതത്തിന്റെ അനിഷേധ്യമായ ഒരു പ്രത്യേകത അത് പൂർവ്വികമായ എല്ലാ ദിവ്യമായ അദ്ധ്യാത്മിക പാരമ്പര്യങ്ങളേയും സ്വാംശീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു എന്നതാണ്. അത്കൊണ്ട് ദൈവശാസ്ത്രപരമായ സൗഹൃദത്വം മറ്റു മതങ്ങളുമായി പ്രത്യേകിച്ച് സെമിറ്റിക് മതങ്ങളുമായി അടിസ്ഥാനപരമായി ഇസ്‌ലാം പുലർത്തിയിരുന്നു. ബനീ ഇസ്റായേലിലെ എല്ലാ പ്രവാചകന്മാരും തങ്ങളുടെ സ്വന്തം പ്രവാചകന്മാരായി ആദരിക്കുകയും അവരുടെ യഥാർത്ഥ വേദങ്ങളെ തങ്ങളുടെ വേദമായി ബഹുമാനിക്കുകയും ചെയ്തിരുന്ന മുസ്‌ലിംകൾ വളരെ ആദരപൂർവ്വമാണ് ജെറുസലേമിനെ കണ്ടത്. ബൈത്തുൽ മുഖദ്ദസ്, അൽ ഖുസ്ദ് എന്നിങ്ങനെ ബഹുമാനപുരസ്സരമാണ് ആ നഗരത്തെ നാമകരണം ചെയ്തത്. വിശുദ്ധ ഖുർആനിൽ **'തന്റെ ദാസനെ മസ്ജിദുൽ ഹറാമിൽ നിന്നും മസ്ജിദുൽ അഖ്സയിലേക്ക് അതിന്റെ പരിസരങ്ങളെ നാം അനുഗ്രഹീതമാക്കിയിരിക്കുന്നു, രാത്രിയിൽ പ്രയാണം ചെയ്യിച്ചവൻ' (17:2)** കഅബ അടുത്തുണ്ടായിട്ടും 17 മാസം പിന്നിട്ടപ്പോഴാണ് കഅബ ഖിബ്‌ലയായി പ്രഖ്യാപിച്ചത്. അത് വരെ മുസ്‌ലിംകൾ ബൈത്തുൽ മുഖദ്ദസിലേക്കായിരുന്നു പ്രാർത്ഥനക്കായി തിരിഞ്ഞത്.

രണ്ടാം ഖലീഫ ഉമർ ബ്നു ഖത്താബിന്റെ (റ) കാലത്താണ് റോമക്കാർ ഭരിച്ചിരുന്ന ഫലസ്തീൻ വിമോചനത്തിന്നായി അംറ്ബ്നു ആസ് അബൂ ഉബൈദ് തബ്നുൽ ജർറാഹിനെയും നിയോഗിച്ചത്. എ.ഡി 15/636 ൽ ഫലസ്തീനിൽ റോമൻ ഗവർണർ മുസ്‌ലിം സൈന്യത്തോട് പരാജയപ്പെടുകയും ഖുദ്സ് പാത്രിയാക്കീസ് സഫർനിയൂസ് ഉമർ (റ) ന് കീഴടങ്ങാമെന്നും വിളംബരം ചെയ്തു. ഉമർ നടന്നും ഭൃത്യൻ ഒട്ടകപ്പുറത്തിരുന്ന് തുന്നിക്കൂട്ടിയ കുപ്പായമിട്ടും ഫലസ്തീനിൽ പ്രവേശിച്ചത് ചരിത്ര പ്രസിദ്ധമാണ്. ഈ ഫലസ്തീൻ സന്ദർശനത്തിൽ ഖലീഫ തിരുമനസ്സ് കാണിച്ച അവധാനതയും ചരിത്രബോധവും അത്യുന്നതവും മാതൃകാ പരവുമാണ്. ക്രിസ്ത്യാനികൾക്ക് സമ്പൂർണ്ണ മതസ്വാതന്ത്ര്യവും അവരുടെ ജീവനും സ്വത്തിനും പരിപൂർണ്ണ സംരക്ഷണവുമാണ് ഉമർ (റ) അനുവദിച്ചത്. ബൈത്തുൽ മുഖദ്ദസ് സന്ദർശിക്കാനിറങ്ങിയ ഖലീഫ അൽഖിയാമ ചർച്ച് (സെപൾക്കർ ചർച്ച്) സന്ദർശിച്ചുകൊണ്ടിക്കുമ്പോൾ നമസ്ക്കാരത്തിന് സമയമായി കൂടെയുള്ള പുരോഹിതൻ ചർച്ചിൽ വെച്ച് തന്നെ നമസ്ക്കാരിക്കാനായി ഖലീഫയെ ക്ഷണിച്ചു. പക്ഷേ ഉമർ ആ ക്ഷണം സ്നേഹപൂർവ്വം നിരസിക്കുകയും ചർച്ചിന്റെ പടവിൽ നിന്ന് നമസ്ക്കരിക്കുകയും ചെയ്തു. പിന്നീട് മുസ്‌ലിംകൾ ചർച്ചിന്മേൽ അവകാശ വാദം ഉന്നയിക്കുമോ എന്ന് ഭയന്നാണ് ഞാൻ ചർച്ചിനുള്ളിൽ വെച്ച് നമസ്കരിക്കാത്തത്. ഇനിമേൽ ചർച്ചിന്റെ പടവിൽ വെച്ചും മുസ്‌ലിംകൾക്ക് നമസ്ക്കരിക്കാൻ അനുവാദമുണ്ടാ

യിരിക്കുകയില്ല എന്ന് അദ്ദേഹം പ്രസ്താവിച്ചു. റസൂൽ തിരുമേനി ക്രിസ്ത്യാനികളെ ചർച്ചിൽ വെച്ച് പ്രാർത്ഥിക്കാൻ ആദര പൂർവ്വം ക്ഷണിച്ചതും അവർ പ്രാർത്ഥന നിർവ്വഹിച്ചതും സ്മരിക്കുക. മതപരമായ സൗഹൃദവും കൂടെ ഉണ്ടാവേണ്ട ചരിത്രബോധത്തിന്റെയും രണ്ട് ഉത്തമമായ ഉദാഹരണങ്ങളാണിവ. റസൂൽ തിരുമേനി (സ) മിഅ്റാജിന്ന് പോയ സ്ഥത്ത് ഒരു പാറയുണ്ടായിരുന്നു അവിടെയാണ് ഖുബ്ബത്തു സുഖറാ (ഡോം ഓഫ് റോക്ക്) ഉമർ ഫലസ്തീൻ സന്ദർശന വേളയിൽ പണിയാൻ നിർദ്ദേശം നൽകിയത്. മസ്ജിദുൽ അഖ്സ നിർമിച്ചതും ഹദ്റത്ത് ഉമറാണ്.

പിന്നീട് പതിനൊന്നാം നൂറ്റാണ്ടിൽ മുസ്‌ലിംകൾ ശിഥിലവും ദുർബലവുമായപ്പോൾ കുരിശ് യുദ്ധകാലത്ത് 90 വർഷം ബൈത്തുൽ മുഖദ്ദസ് കുരിശു പടയാളികൾ കൈവശം വെച്ചു. 1187 ൽ മഹാനായ സലാഹുദ്ദീൻ അയ്യൂബിയാണ് ബൈത്തുൽ മുഖദ്ദസിനെ ക്രിസ്ത്യാനികളുടെ കൈയ്യിൽനിന്നും മോചിപ്പിച്ചത്. ഇവിടെയൊന്നും തന്നെ യഹൂദർ രംഗത്തില്ല. ക്രിസ്ത്യാനികളുടെ കയ്യിൽ നിന്നാണ് രക്തരഹിതമായി ഖലീഫാ ഉമറും (റ) സുൽത്താൻ സലാഹുദ്ദീൻ അയ്യൂബിയും ഫലസ്തീൻ മോചിപ്പിച്ച് മുസ്‌ലിംകൾക്ക് നൽകിയത്.

പിന്നീട് ഇരുപതാം നൂറ്റാണ്ടിൽ ഉസ്മാനിയാ ഖിലാഫത്തിന്റെ മേൽക്കോയ്മയിലാണ് ഫലസ്തീൻ ഉണ്ടായിരുന്നത്.

## ഒന്നാം ലോക മഹായുദ്ധവും മൂന്ന് കരാറുകളും

1914 മുതൽ 1918 വരെ നടന്ന ഒന്നാം ലോക മഹായുദ്ധമാണ് ഫലസ്തീൻ വിഷയത്തിൽ നിർണ്ണായകമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുന്നത്. മുസ്‌ലിം ഖിലാഫത്തിന്റെ പ്രാതിനിധ്യം വഹിച്ചിരുന്ന തുർക്കിയും ജർമ്മനിയും ഇറ്റലിയും അടങ്ങുന്ന കേന്ദ്രീയ ശക്തികൾ (The Central Powers) ഒരു വശത്തും, ബ്രിട്ടൻ, ഫ്രാൻസ്, റഷ്യ അടങ്ങിയ സഖ്യ കക്ഷികൾ (The Allied Powers) മറുവശത്തുമായിരുന്നു യുദ്ധം. യുദ്ധ ജേതാക്കളായ സഖ്യകക്ഷികൾ സയണിസ്റ്റുകളുമായി ചേർന്നു നടത്തിയ ഗൂഢാലോചനയും അനീതിയും വഞ്ചനയുമാണ് ഫലസ്തീൻ പ്രശ്നം ഇത്രമാത്രം രക്തപങ്കിലമാക്കിയത്.

ഒന്നാം ലോക മഹായുദ്ധകാലത്ത് ബ്രിട്ടനും ഫ്രാൻസും റഷ്യയും അടങ്ങിയ സഖ്യകക്ഷികൾ വിവിധ കക്ഷികളുമായി പരസ്പര വിരുദ്ധമായ മൂന്നു കരാറുകളിൽ ഏർപ്പെടുകയുണ്ടായി. അതെന്താണെന്ന് ആദ്യം വിവരിക്കാം. ഒന്നാമത്തെ കരാർ യുദ്ധവേളയിൽ അറബികൾക്ക് വേണ്ടി മക്കയിലെ ശരീഫ് ഹുസൈനും ബ്രിട്ടീഷ് ഹൈക്കമ്മീഷണറായ സർ ഹെൻട്രി മക്മോഹനുമായിട്ടുള്ള കരാറായിരുന്നു. സ്വന്തം ഖിലാഫത്തായ തുർക്കിയുടെ കോഴ്മ അംഗീകരിച്ചവരായിരുന്നു ആ മേഖലയിലെ അറബ് ഭരണാധികാരികൾ. അവർ അറബ് ദേശീയതയാൽ പ്രചോദിതരായി യുദ്ധത്തിൽ തുർക്കിക്കെതിരെ ബ്രിട്ടനെ സഹായിച്ചു. അവരോട് ബ്രിട്ടൻ കരാറിലൂടെ നൽകിയ വാഗ്ദാനം യുദ്ധം ജയിക്കുകയാണെങ്കിൽ തുർക്കിയുടെ ഭരണ പ്രദേശങ്ങൾ തദ്ദേശീയരായ അറബികൾക്ക് നൽകുമെന്നായിരുന്നു. ലോറൻസ് ഓഫ് അറേബ്യ എന്ന പേരിലറിയപ്പെട്ടിരുന്ന ടി. എസ്സ്. ലോറൻസ് എന്ന ബ്രിട്ടീഷ് ചാരനാണ് അതിന് പിന്നിൽ പ്രവർത്തിച്ചത്.

രണ്ടാമത്തെ കരാർ യുദ്ധജേതാക്കളായ ബ്രിട്ടനും ഫ്രാൻസും സാറിസ്റ്റ് റഷ്യയും കൂടി രഹസ്യമായി ഒപ്പുവെച്ച കരാറായിരുന്നു. അറബികൾക്ക് നൽകാമെന്ന് പറഞ്ഞ ഉഥ്മാനിയ്യാ ഖിലാഫത്തിന്റെ ഭരണ പ്രദേശങ്ങൾ സ്വന്തമായി വീതം വെച്ച് അറബികളെ വഞ്ചിച്ചു കൊണ്ടുള്ള കരാറായിരുന്നു അത്. 1916 മെയ് മാസത്തിൽ ഒപ്പ് വെച്ച ഈ കരാറിനെയാണ് സൈക്സ് പിക്കോട്ട് കരാർ (Sykes Picot Agreement) എന്ന് വിളിക്കപ്പെടുന്നത്. ബ്രിട്ടീഷ് പ്രതിനിധിയായ Sir Mark Sykes ഫ്രഞ്ച് പ്രതിനിധി Georges Picot ചേർന്ന് രൂപം കൊടുത്ത കരാറായത് കൊണ്ടാണ് ഈ പേരുവന്നത്. അതിൽ സാറിന്റെ റഷ്യയും ഒരു മൈനർ പാർട്ട്ണർ ആയിരുന്നു. ഈ രഹസ്യകരാർ പ്രകാരം സിറിയ, ലബനാൻ, തുർക്കി, സിലിഷിയ എന്നീ പ്രദേശങ്ങൾ ഫ്രാൻസിനും, ഇറാഖ്, ഫലസ്തീൻ, ജോർദാൻ, പേഴ്സ്യൻ ഗൾഫിന് ചുറ്റുമുള്ള പ്രദേശങ്ങൾ എന്നിവ ബ്രിട്ടനുമായി കോളനികളാക്കാൻ തക്കവണ്ണം നിയന്ത്രണാവകാശം ലഭിക്കുന്ന രീതിയിലായിരുന്നു ആ രഹസ്യകരാർ. കരാർ പ്രകാരം ജറുസലേം ഒരു ഇന്റർനാഷ്ണൽ അഡ്മിനിസ്ട്രേഷന്റെ കീഴിലായിരിക്കും. റഷ്യക്ക് ലഭിച്ച ചെറുപങ്കിൽ തുർക്കിയുടെ കീഴിലുണ്ടായിരുന്ന അർമീനിയയും കുർദ്ദിന്റെ വടക്ക് ഭാഗത്തിന്റെ നിയന്ത്രണാധികാരവും ലഭിച്ചു. ഇതായിരുന്നു രഹസ്യകരാറിലെ വ്യവസ്ഥ. തദ്ദേശീയരായ അറബികൾക്ക് നൽകിയ വാഗ്ദാനം നിൽക്കേയാണ് അതിനു വിരുദ്ധമായ ഈ രഹസ്യകരാർ. 1916 ലെ സൈക്സ് പിക്കോട്ട് രഹസ്യകരാർ പിന്നീട് പുറത്തായതിന് പിന്നിൽ ഒരു ചരിത്രമുണ്ട്. റഷ്യ സാർ ചക്രവർത്തിയുടെ കാലത്താണ് കരാറിൽ ഒപ്പിട്ടത്. പിറ്റത്തെ വർഷം 1917 ലാണ് റഷ്യയിൽ കമ്മ്യൂണിസ്റ്റ് ബോൾഷെവിക്കുകൾ വിപ്ലവം നടത്തി സോവ്യറ്റ് റഷ്യ രൂപീകരിച്ചത്. കമ്മ്യൂണിസ്റ്റ് റഷ്യ കരാർ പ്രകാരം തങ്ങൾക്ക് ലഭിച്ച തുർക്കി ഭരണ പ്രദേശങ്ങളിൽ അവകാശവാദമുന്നയിച്ചതിനെ ആംഗ്ലോ-ഫ്രാൻസ് സഖ്യം നിഷേധിച്ചു. അപ്പോഴാണ് റഷ്യൻ പ്രസിഡണ്ടായിരുന്ന ലെനിൻ അവരുടെ രഹസ്യരേഖാ ശേഖരത്തിലുണ്ടായിരുന്ന സൈക്സ് പിക്കോട്ട് കരാർ 1917 നവംബർ 23ന് പരസ്യപ്പെടുത്തിയത്. അതായത് ബാർഫർ പ്രഖ്യാപനം കഴിഞ്ഞ് കൃത്യം മൂന്ന് ആഴ്ചകൾക്ക് ശേഷം. അറബികളും

ലോകവും അപ്പോഴാണ് ഒന്നാം ലോക മഹായുദ്ധം നയിച്ച ആംഗ്ലോ ഫ്രാൻസ് സഖ്യം തങ്ങൾക്ക് നൽകാമെന്ന് വാഗ്ദാനം ചെയ്ത സ്ഥലങ്ങൾ തരാതിരിക്കാനുള്ള ഗൂഢാലോചനയും മഹാ വഞ്ചനയും തിരിച്ചറിഞ്ഞത്.

മൂന്നാമത്തെ നിഗൂഢമായ കരാർ യഹൂദരുമായുണ്ടാക്കിയതാണ്. ഒന്നാം ലോക മഹായുദ്ധത്തിൽ സ്ഫോടക വസ്തുക്കൾ നിർമ്മിച്ചു നൽകിയ ഇംഗ്ലണ്ടിലെ സയണിസ്റ്റ് നേതാവ് ബയിം വീസ്മാനും ബ്രിട്ടീഷ് ഗവൺമെന്റും തമ്മിൽ 1914 ൽ ഉണ്ടാക്കിയ ഒരു കരാറായിരുന്നു അത്. ആ കരാർ പ്രകാരം ഫലസ്തീനും ഗസ്സയും ജോർദ്ദാനും സയണിസ്റ്റുകൾക്ക് പ്രതിഫലമായി നൽകാമെന്ന് ബ്രിട്ടൻ സമ്മതിച്ചു. ആ കരാറാണ് 1917 ലെ ബാൽഫർ പ്രഖ്യാപനത്തോടെ ബ്രിട്ടൻ നിറവേറ്റിയത്.

## ഇസ്റയേൽ രൂപീകരണം ഐക്യരാഷ്ട്ര സഭയിൽ

അമേരിക്കൻ പ്രസിഡണ്ട് ഹാരി എസ്. ട്രൂമാന്റെ ശക്തമായ സമ്മർദ്ദവുമുണ്ടായിരുന്നു. ഇസ്റായേൽ രൂപീകരണ സമയം ഇന്ത്യയിൽ ദേശീയ പ്രസ്ഥാനം കൊടുമ്പിരിക്കൊള്ളുന്ന നാളുകളായിരുന്നു. കോൺഗ്രസ്സ് നേതാക്കന്മാരെല്ലാം ഫലസ്തീൻ ജനതയോട് പൂർണ്ണ അനുഭാവമുള്ളവരും ഇസ്റയേൽ രൂപീകരണത്തോട് കടുത്ത വിയോജിപ്പുള്ളവരുമായിരുന്നു. മഹാത്മാ ഗാന്ധി ഇസ്റയേൽ സ്റ്റേറ്റ് സ്ഥാപനത്തെ രൂക്ഷമായ ഭാഷയിലാണ് എതിർത്തത്. 1938 നവംബർ 11ന് ഹരിജനിൽ അദ്ദേഹം എഴുതി : 'എന്റെ അനുഭാവം മുഴുവനും യുഹൂദരോടാണ്. .... പക്ഷേ നീതിയുടെ താൽപര്യങ്ങൾക്ക് മുന്നിൽ എന്റെ അനുഭാവം അന്ധമാവില്ല. യഹൂദർക്ക് ഒരു ദേശീയ ഗേഹത്തിന് വേണ്ടിയുള്ള അഭ്യർത്ഥനകൾ എന്നിൽ യാതൊരു ചലനവും സൃഷ്ടിക്കുന്നില്ല. ഫലസ്തീനിൽ യഹൂദർ തിരിച്ചെത്തുന്നതിൽ കാണിക്കുന്ന മർക്കടമുഷ്ഠിയും ബൈബിളിൽ അതിന്റെ സാധുത തേടുന്നതിനോടും ഞാൻ വിയോജിക്കുന്നു. ഒരു രാജ്യത്ത് ജനിക്കുകയും ജീവസന്ധാരണം ആ രാജ്യത്ത് നിർവ്വഹിക്കുകയും ചെയ്യുന്നവരാണ് ഭൂമിയിലെ മറ്റു ജനങ്ങൾ, അവർ ആ രാജ്യത്തെ ജന്മഗേഹമാക്കുന്നത് പോലെ എന്തുകൊണ്ട് യഹൂദർക്ക് ആവാൻ കഴിയുന്നില്ല.'

ഐക്യരാഷ്ട്ര സഭയിൽ അറബ് മുസ്ലിം രാജ്യങ്ങളിലെ പ്രതിനിധികൾ പൊതുവേ ദുർബലമായ ന്യായങ്ങൾ നിരത്തിയായിരുന്നു ഫലസ്തീൻ വിഭജനത്തെ നേരിട്ടത്. ആ സന്ദർഭത്തിൽ പുതുരാജ്യമായ പാകിസ്താന്റെ പ്രതിനിധിയായി ഐക്യരാഷ്ട്ര സഭയിൽ എത്തിയ സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ ഗർജ്ജിക്കുന്ന സിംഹത്തെ പോലെ പാശ്ചാത്യ സയണിസ്റ്റ് ലോബിയെ ഗംഭീരമായി നേരിടുകയുണ്ടായി. അന്താരാഷ്ട്രാ നിയമങ്ങളിൽ അഗാധ വിജ്ഞാനമാർജ്ജിച്ചയാളും ഫലസ്തീൻ ചരിത്രത്തിൽ ആധികാരിക പണ്ഡിതനും വാദപ്രതിവാദത്തിൽ അജയ്യനുമായ സഫറുല്ലാഹ് ഖാന്റെ വാദമുഖങ്ങൾക്ക് മുമ്പിൽ പാശ്ചാത്യ സയണിസ്റ്റ് ലോബിയുടെ എല്ലാ ന്യായവാദങ്ങളും പരാജയപ്പെടുകയായിരുന്നു. സഫറുല്ലാഹ് ഖാന്റെ ഈ ഉജ്ജ്വല പ്രകടനത്തെ പറ്റി അന്നത്തെ ഡൽഹി സ്റ്റേറ്റ്മാൻ പത്രം എഴുതുന്നു.:

'ആഗോള പ്രാധാന്യമുള്ളതും ആളിക്കത്തുന്നതുമായ ഒരു വിഷയത്തിൽ ആദ്യമായാണ് ഐക്യരാഷ്ട്ര സഭയുടെ കൗൺസിലിൽ പാകിസ്താൻ പ്രതിനിധിയുടെ ശബ്ദം കേൾക്കുന്നത്. ചൊവ്വാഴ്ച്ചത്തെ ലേക്കിൽ ചേർന്ന ഫലസ്തീൻ കമ്മിറ്റിയെ പാകിസ്താൻ പ്രതിനിധി സർ സഫറുല്ലാഹ് ഖാനായിരുന്നു അഭിസംബോധന ചെയ്തത്. വലിയ വിജയമായിരുന്നു അത്. ഫലസ്തീൻ വിഭജനത്തിന്റെ വാക്താക്കളെ പുറം മോഡിയുള്ള വാചോടാപങ്ങളെ തുണ്ടം തുണ്ടമാക്കുന്ന ഹൃദയ സ്പൃക്കായ പ്രഭാഷണമായിരുന്നു അത്. വിഭജിക്കാനുള്ള പ്ലാൻ ഭൗതികമായും ഭൂമിശാസ്ത്രപരമായും ഒരു പൈശാചിക കൃത്യമാണ് എന്ന വെറും ഒരു വാദമവതരിപ്പിക്കുകയല്ല അദ്ദേഹം ചെയ്തത്. തന്റെ വാദം തെളിയിക്കാൻ അനിഷേധ്യമായ തെളിവുകൾ അദ്ദേഹം നിരത്തുകയുണ്ടായി. സ്ഥലം മാറ്റപെട്ട ജൂതന്മാർ ഫലസ്തീനിലേക്ക് കുടിയേറാൻ ആഗ്രഹിക്കുന്നത് കൊണ്ട് അത് അനുവദിക്കണം എന്നതായിരുന്നു അവരുടെ വാദം. ഈ വാദത്തെ ഖണ്ഡിച്ചു കൊണ്ട് പാകിസ്താൻ പ്രതിനിധി ചോദിച്ചു. മറ്റു രാജ്യങ്ങളിലെ സ്ഥലം മാറ്റപെട്ട ജനങ്ങൾ, അവർ അമേരിക്കയിലേക്ക് വരാൻ ആഗ്രഹിക്കുകയാണെങ്കിൽ അവരെ കുടിയിരുത്താൻ അമേരിക്ക തങ്ങളുടെ കുടിയേറ്റ നിയമങ്ങൾ ഉദാരമാക്കുകയോ റദ്ദാക്കുകയോ ചെയ്യുമോ? പഞ്ചാബിലെ അഞ്ച് ലക്ഷം വരുന്ന സ്ഥലം മാറ്റപ്പെട്ട ജനത തങ്ങളുടെ ദുരിതമയമായ സ്ഥലത്ത് നിന്ന് അമേരിക്കയിലേക്ക് വരാനാഗ്രഹിച്ചാൽ അവരെ സ്വീകരിക്കാൻ അമേരിക്ക തയ്യാറാകുമോ? അറബികൾ തങ്ങളെ പ്രതിരോധിക്കാനായി പാകിസ്താൻ പ്രതിനിധി അതിശക്തമായുയർത്തിയ വാദങ്ങളിൽ ആഹ്ലാദം കൊള്ളുന്നതായി ഞങ്ങൾക്ക് തോന്നുന്നു'. (The Statesman, Delhi, dated October 8, 1947)

അവസാനം വിഭജന പ്രമേയം പരാജയപ്പെട്ടുപോകും എന്ന ഭീതിയിൽ പ്രമേയത്തിന്മേലുള്ള വോട്ടെടുപ്പ് മൂന്ന് ദിവസം നീട്ടി വെക്കുകയുണ്ടായി. അതിനിടയിൽ പല രാജ്യങ്ങളുടെയും പ്രതിനിധികളുടെമേൽ അവരുടെ മനസ്സാക്ഷിക്ക് വിരുദ്ധമായി വിഭജനത്തിന്ന് അനുകൂലമായി വോട്ടു ചെയ്യാൻ വമ്പിച്ച നയതന്ത്ര സമ്മർദ്ദങ്ങൾ നടത്തിയും ചെറിയ രാജ്യങ്ങളെ ഭീഷണിപ്പെടുത്തിയും പ്രലോഭിപ്പി

ശേഷം പേജ് 31 ൽ

# ഫ്രീമേയ്സൺ പ്രസ്ഥാനം

എ. എം




തുടക്കകാലം മുതൽ തന്നെ ദുരൂഹതകളും അവ്യക്തതകളും നിറഞ്ഞു നിൽക്കുന്ന ഒരു ആഗോള രഹസ്യ പ്രസ്ഥാനമാണ് ഫ്രീമേയ്സൺ. ഇസ്റയേൽ പ്രവാചകനും രാജാവുമായ സോളമന്റെ ജെറുസലേം ആരാധനാലയം പണികപണികഴിപ്പിച്ച മുഖ്യ ശിൽപ്പിയായ (ചീഫ് മേയ്സൺ) ആയ ഹുറാം ആബി കൊല്ലപ്പെട്ട സംഭവത്തിൽ നിന്നുമാണ് ഈ പ്രസ്ഥാനത്തിന്റെ ആരംഭം. വാസ്തു ശിൽപ്പകലയുടെ നിഗൂഢ രഹസ്യങ്ങൾ സൂക്ഷിക്കുന്ന ഒരു സംഘത്തിലെ അംഗമായിരുന്നു ഹൂറാം ആബി. സോളമനാണ് ഹൂറാമിനെ വധിച്ചതെന്ന വിചാരത്തിൽ പ്രതികാരം ചെയ്യാൻ നിഗൂഢ രഹസ്യങ്ങൾ സൂക്ഷിക്കുന്ന ഈ കെട്ടിട നിർമ്മാണ വിദഗ്ദർ ചേർന്ന് ഒരു രഹസ്യ സംഘടനയുണ്ടാക്കി. അതാണ് ഫ്രീ മേയ്സൺ പ്രസ്ഥാനത്തിന്റെ ആദിമരൂപം എന്ന് ഊഹിക്കപ്പെടുന്നു.

പല കാലഘട്ടങ്ങളിലും പല രൂപങ്ങളിൽ നിഗൂഢമായി നിലനിന്നിരുന്ന ഈ പ്രസ്ഥാനം ജൂത താൽപര്യങ്ങൾക്ക് വേണ്ടിയുള്ള ഒരു രഹസ്യ പ്രസ്ഥാനമാണെന്ന് പറയപ്പെടുന്നു. മദ്ധ്യകാലഘട്ടങ്ങളിൽ ഭദ്രാസന പള്ളികളും മറ്റു കെട്ടിടങ്ങളുടെയും നിർമ്മാണത്തിലേർപ്പെട്ട കൽപ്പണിക്കാരുടെ സംഘങ്ങളിലൂടെയാണ് ഈ പ്രസ്ഥാനം വളർന്നത്. ക്രിസ്ത്യാനികളുടെ കൊടിയ മർദ്ദനങ്ങളിൽ നിന്നും രക്ഷപ്പെടാൻ യഹൂദർ ഫ്രീമേയ്സണറിയിലൂടെ പല നീക്കങ്ങളും നടത്തിയിട്ടുണ്ട്. ക്രിസ്തു സഭക്ക് രാഷ്ട്രീയത്തിനുമേലുള്ള അധികാരകുത്തക തകർത്ത ഫ്രഞ്ച്-അമേരിക്കൻ വിപ്ലവങ്ങൾ ഫ്രീമേയ്സണിന്റെ സൃഷ്ടിയാണ് എന്ന് ചില ചരിത്രകാരന്മാർ ചൂണ്ടികാട്ടിയിട്ടുണ്ട്.

ഫ്രീമേയ്സൺ പ്രസ്ഥാനം പൂർണ്ണമായും ഒരു മതപ്രസ്ഥാനമല്ല. എങ്കിലും മതത്തിന്റെ രീതിയിൽ ചില ധാർമിക പാഠങ്ങളും ആചാരാനുഷ്ഠാനങ്ങളുമുണ്ട്. ഒരു ഉന്നതമായ പരാശക്തിയിലും ആത്മാവിന്റെ അനശ്വരതയിലും ഫ്രീമേയ്സൺ അംഗങ്ങൾ വിശ്വസിക്കണം. പക്ഷേ അതിന് വിശദീകരണങ്ങളോ വിവക്ഷകളോ വ്യാഖ്യാനങ്ങളോ ഇല്ല. ക്രിസ്ത്യാനികൾക്കും ഹിന്ദുക്കൾക്കും മുസ്ലിംകൾക്കും അവരുടെ ദൈവമായി കരുതി അതിനെ ആരാധിക്കാം. പല രാജ്യങ്ങളിലും പല രീതികളിലുമാണ് അവർ പ്രവർത്തിക്കുന്നത്. കടുത്ത മതശാസനകളിലോ പൗരോഹിത്യത്തിലോ വിശ്വാസമില്ല. ലോഡ്ജിൽ രാഷ്ട്രീയം, മതം എന്നീ വിഷയങ്ങൾ ചർച്ച ചെയ്യാൻ പാടില്ല. മതത്തെ അവഗണിച്ചു കൊണ്ട് ദൈവത്തെ മാത്രം ആരാധിക്കുന്ന ദേയിസം (Deism) ആണ് ഫ്രീമേയ്സണിന്റെ ആരാധനാ സമ്പ്രദായം.

ആധുനിക കാലത്ത് ഫ്രീമേയ്സൺ പ്രസ്ഥാനത്തിന്റെ ചരിത്രം ആരംഭിക്കുന്നത് 1717 ജൂൺ 24 ന് ഇംഗ്ലണ്ടിലെ നാല് ലോഡ്ജുകൾ യോജിച്ചുകൊണ്ട് ഒരു ഗ്രാന്റ് ലോഡ്ജ് രൂപീകരിച്ചതോടെയാണ്. പ്രിന്നീട് ബ്രിട്ടീഷ് കോളനികളിലാകെ ഇതിന്റെ ശാഖകൾ നിലവിൽ വരികയുണ്ടായി. ഫ്രീമേയ്സണിന്റെ അടിസ്ഥാന പ്രവർത്തക യൂണിറ്റിന് ലോഡ്ജ് (Lodge) എന്നാണ് പറയുക. ഇന്ന് 60 ലക്ഷം അംഗങ്ങളുള്ള ഒരു ആഗോള പ്രസ്ഥാമാണ് ഫ്രീമേയ്സൺ. ജീവകാരുണ്യം അതാത് രാജ്യത്തെ നിയമത്തെ അനുസരിക്കൽ എന്നിവ അവരുടെ അദ്ധ്യാപനമാണ്. വാസ്തു ശിൽപ്പകലയിലെ ചില ചിഹ്നങ്ങളും പ്രതീകങ്ങളും മറ്റു നിഗൂഢമായ കോഡുകളുമാണ് അവർ ആശയ വിനിമയത്തിന് ഉപയോഗിക്കുന്നത്. പ്രത്യേക രീതിയിലുള്ള ഹസ്തദാനവും ഫ്രീമേയ്സണുകളുടെ രീതിയാണ്. നിർമ്മാണകലയെ സൂചിപ്പിക്കുന്ന കോമ്പസ്സും സ്ക്വയറുമാണ് ഫ്രീ

മേയ്സൺന്റെ പ്രതീകം. ദീർഘകാലത്തെ നിരീക്ഷണത്തിന് വിധേയമാക്കി മറ്റംഗങ്ങളുടെ സമ്മതത്തോടെയാണ് ഫ്രീമേയ്സൺ ലോഡ്ജിലേക്ക് അംഗങ്ങളെ ചേർക്കുക. മിക്ക രാജ്യങ്ങളിലും ഫ്രീമേയ്സണുകൾ മുഖ്യമായും മൂന്ന് തരം സ്ഥാന ങ്ങളാണ് നൽകുക. തൊഴിൽ പരിശീലിക്കുന്നയാൾ (Apprentice) തൊഴിൽ സഹയാത്രികൻ (Fellow) കൽപ്പണിയുടെ ഗുരു സ്ഥാനീയൻ (Master Mason) തൊഴിൽ ഗുരു.

റോമൻ കത്തോലിക്ക സഭയും പ്രൊട്ടസ്റ്റന്റ് സഭയുമാണ് ഫ്രീമേയ്സൺ പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ ശത്രുക്കൾ. ഹിറ്റ്ലർ യഹൂദരേയും ഫ്രീമേയ്സൺ പ്രസ്ഥാനക്കാരേയുമാണ് വേട്ടയാടിയത്. ഫ്രീമേയ്സണിനെതിരെ വത്തിക്കാന്റെ നിരവധി മതശാസനകൾ നിലവിലുണ്ട്. ജൂതനിയന്ത്രണത്തിൽ ലോകത്തെ കൊണ്ടുവരുവാനുള്ള ശ്രമമാണ് ഫ്രീമേയ്സൺ പ്രസ്ഥാനം നടത്തുന്നതെന്നാണ് ആക്ഷേപം. സിയോണിസ്റ്റുകളുടെ മേൽ ആരോപിക്കപ്പെടുന്ന The Protocols of the Elders of Zion എന്ന രഹസ്യ രേഖ നടപ്പാക്കാനുള്ള ഒരു വേദിയാണ് ഫ്രീമേയ്സൺ പ്രസ്ഥാനങ്ങൾ എന്നും ആരോപിക്കപ്പെടുന്നു. ജുഡീഷ്യറി, ഐക്യരാഷ്ട്ര സഭ, ലോക ഭരണകൂടങ്ങൾ, രാഷ്ട്രീയ പ്രസ്ഥാനം എന്നീ സ്ഥാപനങ്ങളെയെല്ലാം സ്വാധീനിച്ച് വരുതിയിലാക്കാൻ ഫ്രീമേയ്സൺ പ്രസ്ഥാനം ഗൂഢമായി ശ്രമിക്കുന്നതായി ചില നിരീക്ഷകർ ചൂണ്ടികാട്ടുന്നു. ഇതെല്ലാം ഗൂഢാലോചനാ സിദ്ധാന്തങ്ങളാണെന്ന് വിലയിരുത്തുന്നവരുമുണ്ട്.

പേജ് 8 ൽ നിന്ന് തുടർച്ച

ചെയ്യുന്നതോടൊപ്പം നിങ്ങൾ നിങ്ങളുടെ ചുറ്റുപാടിൽ അക്രമം തടയാനുള്ള പ്രചാരണവും നടത്തുക. ഏതെങ്കിലും അഹ്മദിക്ക് എന്തെങ്കിലും ബന്ധമുണ്ടെങ്കിൽ അവരെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുക.

ഹമാസ് ഞങ്ങളുടെ നിരപരാധികളായ പൗരൻമാരെ വധിച്ച കാരണത്താൽ ഞങ്ങൾ പ്രതികാരം ചെയ്യും എന്നാണ് ഇസ്റായേൽ പറയുന്നത്. എന്നാൽ ഈ പ്രതികാരം ഇപ്പോൾ എല്ലാ സീമകളും ലംഘിച്ചിരിക്കുന്നു. ഇസ്റായേലി ജനങ്ങളുടെ ജീവന് നഷ്ടം സംഭവിച്ചതിനേക്കാൾ നാലോ അഞ്ചോ ഇരട്ടി ഫലസ്തീനിലെ നിരപരാധികളായ ജനങ്ങളുടെ ജീവൻ നഷ്ടമായിട്ടുണ്ട്. ഹമാസിനെ ഇല്ലാതാക്കുകയാണ് ലക്ഷ്യമെങ്കിൽ അവരോടാണ് യുദ്ധം ചെയ്യേണ്ടത്. സ്ത്രീകളെയും കുട്ടികളെയും എന്തിനാണ് ഇരയാക്കുന്നത്. മാത്രമല്ല വെള്ളം, ഭക്ഷണം, ചികിത്സ എന്നിവയും തടഞ്ഞു വെച്ചിരിക്കുകയാണ്. മനുഷ്യാവകാശങ്ങൾ, യുദ്ധ നിയമങ്ങൾ എന്നിവയെ കുറിച്ചുള്ള ഈ ഭരണകൂടങ്ങളുടെ വാദങ്ങൾ എല്ലാം അവർ കാറ്റിൽ പറത്തുകയാണ്. ഇതിനെ കുറിച്ച് അവബോധമുണ്ടാകണം എന്ന് ചിലർ പറയുന്നുമുണ്ട്. യുദ്ധം ചെയ്യുകയാണെങ്കിൽ യുദ്ധ നിയമങ്ങൾ അനുസരിച്ച് യുദ്ധം ചെയ്യേണ്ടതാണ്, നിരപരാധികളായ ജനങ്ങൾക്ക് നേരെ അതിക്രമം പ്രവർത്തിക്കരുത് എന്ന് മുൻ അമേരിക്കൻ പ്രസിഡന്റ് ബാരാക് ഒബാമ കുറച്ച് ദിവസം മുൻപ് പറഞ്ഞിരുന്നു. ഐക്യരാഷ്ട്ര സഭയുടെ സെക്രട്ടറി ജനറലും പറഞ്ഞിരുന്നു. ഇത് കേട്ട് ഇസ്റായേലി സർക്കാർ അലമുറയിട്ടു. അപ്പോൾ സമാധാനത്തിന്റെ വക്താക്കളാണെന്ന് സ്വയം നടിക്കുന്നവർ ഐക്യരാഷ്ട്ര സഭയുടെ സെക്രട്ടറി ജനറലിനെ പിന്തുണച്ചില്ല എന്ന് മാത്രമല്ല നീരസം പ്രകടിപ്പിക്കുകയും ചെയ്തു. എന്തായാലും സ്ഥിഗതികൾ ഗുരുതരമായിക്കൊണ്ടിരിക്കുകയാണ്. കൂടുതൽ അപകടകരമായ അവസ്ഥയിലേക്ക് നീങ്ങികൊണ്ടിരിക്കുകയും ചെയ്യുകയാണ്. പാശ്ചാത്യ മാധ്യമങ്ങൾ ഒരു ഭാഗത്തുള്ള വാർത്തകൾ മാത്രം ഊതിപ്പെരുപ്പിച്ച് കാണിക്കുന്നു. മറുഭാഗത്തുള്ള വാർത്തകൾ ഒരു മൂലയിൽ ഒതുക്കുന്നു. ഉദാഹരത്തിന് ഹമാസിന്റെ ബന്ധിയായി സ്വാതന്ത്രയായ ഒരു സ്ത്രീ പറഞ്ഞത് തടവിൽ എന്നോട് വളരെ നല്ല നിലയിലായിരുന്നു പെരുമാറ്റം ഉണ്ടായിരുന്നത് എന്നാണ്. ആ വാർത്ത ഒരു കോണിൽ നൽകി. എന്നാൽ ഹമാസിന്റെ തടവ് ഒരു നരകമായിരുന്നു എന്ന മറ്റൊരു വാർത്ത വലിയ വാർത്തയായി അവർ നൽകി. എല്ലാ അവസ്ഥയും അവതരിപ്പിക്കുക എന്നതാണ് നീതി. എന്തായാലും നാം ഈ സാഹചര്യത്തിൽ വളരെയധികം ദുആയിൽ ഊന്നൽ നൽകണം. താന്താങ്ങളുടെ വലയത്തിൽ ദുആയോടൊപ്പം അതിക്രമങ്ങൾ അവസാനിപ്പിക്കാൻ പരിശ്രമിക്കുകയും ചെയ്യുക. പീഡിതരായ മുസ്ലിംകൾക്ക് വേണ്ടി ദുആ ചെയ്യുക. ഒരു സമഗ്രവും ഫലപ്രദവും ദീർഘകാലത്തേക്ക് സ്വാധീനം ചെലുത്തുന്നതുമായ ഒരു പദ്ധതി ആസൂത്രണം ചെയ്യാനുള്ള കഴിവ് മുസ്ലിം ഭരണകൂടങ്ങൾക്ക് ഉണ്ടാകുന്നതിന് വേണ്ടിയും ദുആ ചെയ്യണം. മുസ്ലിംകളുടെ പ്രയാസം ദൂരീകരിക്കാൻ നമ്മൾ പ്രത്യേകം ഹൃദയവേദനയുള്ളവരായിരിക്കണം. നമ്മൾ ഹദ്റത് മസീഹ് മൗഊദ് (അ)നെ അംഗീകരിക്കുന്നവരാണ്. അദ്ദേഹത്തിന് മുസ്ലിംകളുടെ ഭാഗത്ത്നിന്ന് പ്രയാസങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടും ഒരു ഫാർസി കവിതയിൽ തന്റെ മനോവികാരം ഇപ്രകാരമാണ് അദ്ദേഹം പ്രകടിപ്പിച്ചത്: പറയുന്നു: അല്ലയോ ഹൃദയമേ നീ ഇക്കൂട്ടരെ മാനിച്ചാലും, എന്തെന്നാൽ ഒടുക്കം അവർ എന്റെ നബിയെ സ്നേഹിക്കുന്നവർ ആണെന്ന് വാദിക്കുന്നവർ ആണല്ലോ. ആയതിനാൽ നബി തിരുമേനി (സ)യോടുള്ള സ്നേഹം നമ്മോട് ആവശ്യപ്പെടുന്നത് മുസ്ലിംകൾക്ക് വേണ്ടി നാം പ്രത്യേകം ദുആ ചെയ്യണമെന്നാണ്. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

# സംഗീതവും കലയും: ഇസ്‌ലാമിക അദ്ധ്യാപനമെന്ത്?

അഹ്‌മദിയ്യാ ഔദ്യോഗിക വെബ്ബ്സൈറ്റായ അൽ ഇസ്‌ലാം ചോദ്യോത്തര പംക്തിയിൽ പ്രസിദ്ധീകരിച്ചത്.

ഹദ്റത്ത് മിർസാ താഹിർ അഹ്‌മദ് (റഹ്)

**ചോദ്യം: കലയെയും സംഗീതത്തെയും കുറിച്ചുള്ള ഇസ്‌ലാമിക അദ്ധ്യാപനമെന്ത്?**

**ലഘു ഉത്തരം:** മുസ്‌ലിംകൾ അകന്നു നിൽക്കാൻ പ്രേരിപ്പിക്കുന്ന വ്യർത്ഥം, നിഷ്പ്രയോജനമായ കാര്യങ്ങൾ എന്നീ അർത്ഥങ്ങളുള്ള **'ലഗ്‌വ്'** ന്റെ തത്വങ്ങൾ വിശുദ്ധ ഖുർആൻ നമുക്ക് പഠിപ്പിച്ചു തന്നിട്ടുണ്ട്. എന്നിരുന്നാലും മനുഷ്യനിൽ ആത്മീയതയുടെ വ്യത്യസ്ത തലങ്ങളുള്ളതിനാലും അവൻ ആർജ്ജിച്ച അഭിരുചി വിഭിന്നങ്ങളായതിനാലും ഒരാൾക്ക് നിഷ്പ്രയോജനമായി തോന്നുന്ന കാര്യങ്ങൾ മറ്റൊരാൾക്ക് അങ്ങനെ യാവണമെന്നില്ല. കലയും സംഗീതവും ലഗ്‌വ്ന്റെ മേഖലയിൽ പെട്ട കാര്യങ്ങളാണ്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ട ഉന്നത ലക്ഷ്യങ്ങൾ പ്രാപിക്കുന്നതിന് സംഗീതവും കലയും വിഘാതമായി നിൽക്കുകയാണെങ്കിൽ ആ പരിധി മുതൽ ഇസ്‌ലാം അവ നിരോധിക്കപ്പെടുന്നു.

കലയും സംഗീതവും മനുഷ്യ ജീവിതത്തിന്റെ ഉന്നത ലക്ഷ്യങ്ങൾ നേടുന്നതിൽ തടസ്സം സൃഷ്ടിക്കാതിരിക്കുകയും അവന്റെ സ്രഷ്ടാവിനെ ആരാധിക്കുന്നതിന് വിഘാതമാകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അത് അവന്റെ നാഡി ഞരമ്പുകൾക്ക് താൽക്കാലികമായി ആശ്വാസം നൽകുന്ന കാര്യമാണ്. അവ നിരുപാധികം നിരോധിക്കപ്പെടുന്നില്ല. ഓരോ മുസ്‌ലിം സ്ത്രീ പുരുഷന്മാരും അവരുടെ ജീവിതത്തിൽ ലഗ്‌വ്നെ തൃപ്തിപ്പെടുത്തുന്ന രീതിയിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ വകതിരിവുണ്ടായിരിക്കണം. അത് വിനാശകരമല്ലെങ്കിൽ അവ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചിരിക്കണം.

**വിശദമായ ഉത്തരം:** വാസ്തവത്തിൽ ഈ ചോദ്യം പല സാഹചര്യത്തിലും പ്രസക്തമായവയാണ്. അതിന്റെ ഉത്തരം പല വിധത്തിലും നൽകപ്പെടേണ്ടവയുമാണ്. ലഗ്‌വ്ന്റെ തത്വത്തെ പറ്റി വിശുദ്ധ ഖുർആൻ വിശദീകരിക്കുന്നുണ്ട്. വിശ്വാസികൾ അഥവാ ഇബാദുർറഹ്‌മാനെ പറ്റി വിശുദ്ധ ഖുർആൻ പറയുന്നു, **'അനിൽ ലഗ്‌വി മുഅ്രിളൂൻ'**- അവർ അനാവശ്യ കാര്യങ്ങളിൽ നിന്നും നിഷ്പ്രയോജനമായവയിൽ നിന്നും വ്യർത്ഥമായ കാര്യങ്ങളിൽ നിന്നും മുഖം തിരിക്കുന്നവരുമാണ്. (23:4) ഈ തത്വത്തിനെ ആശ്രയിച്ചാണ് എല്ലാം നിൽക്കുന്നത്. അത് വ്യക്തികൾ തോറും വ്യത്യസ്തമായിരിക്കും. ഒരാൾക്ക് വ്യർത്ഥമായി തോന്നുന്നത് മറ്റെയാൾക്ക് അങ്ങനെയായിരിക്കണമെന്നില്ല. മാത്രമല്ല ഒരാൾ ആർജ്ജിച്ചെടുത്ത അഭിരുചികൾ വിവിധങ്ങളായിരിക്കാം അതുപോലെ ആത്മീയ നിലവാരങ്ങളും വ്യത്യസ്തങ്ങളായിരിക്കാം. അതുകൊണ്ട് ഏതെങ്കിലും കാര്യം സകലർക്കും സമൂലം തെറ്റാണ് എന്ന് പ്രഖ്യാപിക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല. കാരണം നിരോധനത്തിന് ഇസ്‌ലാമിൽ വിവിധ ഘട്ടങ്ങളുണ്ട്. ചില സ്ഥലങ്ങളിൽ തീരുമാനമെടുക്കാനുള്ള അനുവാദം ഇസ്‌ലാം വിശ്വാസികൾക്ക് നൽകുന്നുണ്ട്. അവിടെ ഒരു തരത്തിലുള്ള ചിന്താസ്വാതന്ത്ര്യവും പ്രവർത്തന സ്വാതന്ത്ര്യവും ഇസ്‌ലാം അനുവദിക്കുന്നുണ്ട്. കഠിനമായതും ധൃതിപ്പെട്ടുള്ളതുമായ നിയമങ്ങൾ നിർദ്ദേശിക്കുകയോ പ്രഖ്യാപിക്കുകയോ ചെയ്യുന്നില്ല. അതിന് കാരണം അപ്പോൾ സമൂഹത്തിന്റെ എല്ലാവരുടെയും ജീവിതം ദുസ്സഹമായിത്തീരും. ചില ആളുകൾ അത്തരം കാര്യങ്ങളിൽ എങ്ങനെയെങ്കിലും ആശ്വാസം ലഭിക്കുമാറുള്ള ഒരു ഉത്തരം പ്രതീക്ഷിച്ചുകൊണ്ട് ചോദ്യങ്ങൾ ചോദിക്കാറുണ്ട്. അത്തരക്കാരുടെ ആഗ്രഹങ്ങൾക്കനുസരിച്ച് ഉത്തരം നൽകുന്നത് ബുദ്ധിമുട്ടാണ്.

അതുകൊണ്ടാണ് ഖുർആൻ പറഞ്ഞത് നിങ്ങൾക്ക് വിഷമകരമാകുന്ന കാര്യങ്ങളെക്കുറിച്ച് നിങ്ങൾ ചോദ്യങ്ങൾ ചോദിക്കരുത്. ഉത്തരം നൽകപ്പെട്ടാൽ നിങ്ങൾക്ക് ദുർവ്വഹമാവുന്ന കാര്യങ്ങളെ സംബന്ധിച്ച് നിങ്ങൾ ചോദ്യങ്ങൾ ചോദിക്കരുത്. ഇസ്‌ലാം ചില മേഖലകളെ അഭിസംബോധനം ചെയ്യാതെ വിട്ടിട്ടുണ്ട്. ഇസ്‌ലാം അത് ബോധപൂർവ്വം അഭിപ്രായം പറയാതെ വിട്ടിരിക്കുകയാണ്. അതിന്റെ തത്വം ഞാൻ വിശദീകരിച്ചു കഴിഞ്ഞു. പല ആളുകളും ആത്മീയ പുരോഗതിയിൽ വ്യത്യസ്ത നിലകളും അഭിരുചിയും ഉള്ളവരായി കാണപ്പെടുന്നു. അതുകൊണ്ട് **ലഗ്‌വ്** വ്യത്യസ്ത ആളുകൾക്ക് വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കേണ്ടതാണ്.

ഉദാഹരണത്തിന് പാശ്ചാത്യ സമൂഹത്തിൽ നിന്ന് ഒരാൾ ഇസ്‌ലാം സ്വീകരിച്ചു എന്നിരിക്കട്ടെ ഉടനെ തന്നെ അയാളുടെ കലയിലുള്ള താൽപര്യത്തിനെതിരെ ഒരു ഫത്‌വ പുറപ്പെടുവിക്കുകയാണെങ്കിൽ അദ്ദേഹത്തിന് അത് മനസ്സിലാകില്ലെന്ന് മാത്രമല്ല അദ്ദേഹത്തിന്റെ ഇസ്‌ലാമിലുള്ള വിശ്വാസത്തിന് തന്നെ ഹാനി സംഭവിക്കാനിടയാകുകയും ചെയ്യും. കാരണം അത്

സ്വാഭാവികമായ രീതിയല്ല. അതായത് ഇസ്‌ലാം എവിടെയാണോ നിരുപാധികം നിരോധനമേർപ്പെടുത്തിയത്, അവിടങ്ങളിൽ ഇസ്‌ലാം മനുഷ്യ ജീവിതത്തിന് മറ്റ് ഗൗരവതരമായ അന്വേഷണങ്ങളിലേക്ക് നിങ്ങളുടെ ശ്രദ്ധ തിരിച്ചുവിടുന്നു. ഞാൻ ഈ പദത്തെ മനസ്സിലാക്കിയത് പ്രകാരം ഇതാണ് അതിന് ഏറ്റവും നല്ല നിർവ്വചനം.

ഉന്നതമായ ജീവിതക്രമത്തിലേക്കോ കൂടുതൽ ഗൗതരവതരമായ ജീവിത മാർഗ്ഗത്തിലേക്കോ ഒരാൾ പോകുകയാണെങ്കിൽ അയാളുടെ ലഗ്‌വ് നേരത്തെ പറഞ്ഞത് പോലെ ഒരു കുട്ടിയുടെ ലഗ്‌വിൽ നിന്നും വ്യത്യസ്തമായിരിക്കും. ഉദാഹരണത്തിന് ഒരു കുട്ടിക്ക് ഹോപ്പ് സ്കോച്ച് (ഒരു തരം ചാടിക്കളി) ലാണ് താൽപര്യം. പക്ഷേ മുതിർന്ന ഒരാൾക്ക് ഹോപ്പ് സ്കോച്ച് കളി ഒരു ലഗ്‌വ് ആയിരിക്കും. അതായത് അദ്ദേഹത്തിന്റെ പ്രായം, അദ്ദേഹത്തിന് സമൂഹത്തിൽ ലഭിക്കുന്ന ആദരം തുടങ്ങി പലതും ഈ കളി അയാൾക്ക് ഒരു ലഗ്‌വ് ആയിരിക്കും. അതേ വിനോദം കുട്ടിയെ സംബന്ധിച്ചേടത്തോളം ഒരു ലഗ്‌വ് ആയി കാണാൻ പറ്റില്ല. അത് അവന് വളരെ ഗുണകരമാണ്.

ആളുകൾ പല ആത്മീയ നിലകൾ ഉള്ളവരായിരിക്കും. ചിലർക്ക് വിശുദ്ധ ഖുർആൻ പരായണം ചെയ്യുന്നതിൽ അഭിരുചിയുള്ളവരായിരിക്കും, അല്ലെങ്കിൽ മതത്തെ പറ്റി സീരിയസ്സായ പുസ്തകങ്ങൾ വായിക്കുന്നതിലായിരിക്കും താൽപര്യം. നിങ്ങൾ അദ്ദേഹത്തിന് ഒരു നോവൽ നൽകുകയാണെങ്കിൽ അയാൾ അത് വായിക്കുകയില്ല. അത് അയാൾക്ക് ലഗ്‌വ് ആയിരിക്കും. എന്നാൽ ഗൗരവപ്പെട്ട വിഷയങ്ങളിൽ മനസ്സ് വ്യാപരിക്കുന്നതിൽ വിഷമം തോന്നുന്ന ആളുകളുണ്ട്. ഉദാഹരണത്തിന് നോവൽ വായനയിൽ മുഴുകിയ ഒരാളെ ഗൗരവപ്പെട്ട വായനയിലേക്ക് മാറ്റുകയാണെങ്കിൽ നിസ്സാര വായനയിൽ നിന്നും ഗൗരവപ്പെട്ട വായനയിലേക്ക് ശ്രദ്ധമാറ്റാൻ അയാൾ കൂട്ടാക്കുകയില്ല. ഉപകാരമില്ലാത്തതിൽ നിന്നും ഉപകാരമുള്ളവയിലേക്ക് ശ്രദ്ധ മാറ്റുകയില്ല. ഈ ലഗ്‌വ് അത്തരക്കാർക്ക് നിരോധിക്കപ്പെടേണ്ടതാണ്.

അത്കൊണ്ട് ഈ നിർവ്വചന പ്രകാരം ലഗ്‌വ് നിങ്ങളുടെ ഗൗരവതരമായ ജീവിതത്തെ തടസ്സപ്പെടുത്തുകയും അത് ഒരർത്ഥത്തിൽ നിങ്ങളുടെ ജീവിതത്തിന് ചില മേഖലകളിൽ ഒരു പരിധിവരെ പരിക്കേൽപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ ആ അർത്ഥത്തിൽ അത് ലഗ്‌വ് ആണ്. അത് ഒഴിവാക്കപ്പെടേണ്ടതാണ്.

ലഗ്‌വിന് വളരെ വിപുലമായ നിർവ്വചനമാണുള്ളത്. വാസ്തവത്തിൽ അത് ഇസ്‌ലാമിൽ വളരെ ഗൗരവപ്പെട്ട പാപമായി വരും. ഉദാഹരണത്തിന് നിങ്ങൾ വളരെ ലളിതമായ ഒരു ടെലിവിഷൻ ഷോ അല്ലെങ്കിൽ കഥ അല്ലെങ്കിൽ മറ്റെന്തെങ്കിലും കണ്ടുകൊണ്ടിരിക്കുകയാണ്. അപ്പോൾ പ്രാർത്ഥനയുടെ സമയം ആഗതമായി. അപ്പോൾ അതൊരു ലഗ്‌വ് ആയിമാറും. തീർച്ചയായും അത് അത്തരത്തിൽ നേരിട്ട് നിരോധിക്കപ്പെട്ടിട്ടില്ല. പക്ഷേ അല്ലാഹുവിന്റെ ദൃഷ്ടിയിൽ അതൊരു പാപമായിത്തീരും. നമസ്ക്കാരത്തിനായി ബാങ്ക് വിളിക്കപ്പെട്ടാൽ നിങ്ങൾ പള്ളിയിൽ നമസ്ക്കാരത്തിനെത്തണം. പക്ഷേ നമസ്ക്കാരത്തെ വിസ്മരിക്കും വിധം നിങ്ങൾ ആ ടെലിവിഷൻ പരിപാടിയിലോ കളികളിലോ മറ്റെന്തെങ്കിലും വിനോദങ്ങളിലോ അഗാതമായി മുഴുകുകയാണെങ്കിൽ അതെന്തായാലും ലഗ്‌വ് ആയിത്തീരും. അപ്പോൾ മുതൽ ആ ലെഗ്‌വ് ഒരു പാപമായിത്തീരും. അത് അല്ലാഹുവിൽ പങ്കാളികളെ ചേർക്കുന്നത് പോലെ ഒരു ബിംബാരാധനയുടെ വിതാനത്തിലേക്ക് ഉയരും. മനുഷ്യൻ സൃഷ്ടിക്കപ്പെട്ട വളരെ ഗൗരവതരമായതും പ്രധാനപ്പെട്ടതുമായ കാര്യത്തിന് തടസ്സം നിൽക്കുന്ന കാരണത്താൽ അത് നിഷ്പ്രയോജനകരമായ കൃത്യമായിമാറും.

അതുകൊണ്ട് ലഗ്‌വ് എന്നത് നിർവ്വചിക്കാൻ വളരെ പ്രയാസമുള്ള വാക്കാണ്. എങ്കിലും അതിന്റെ സാരാംശം ഞാൻ വ്യാഖ്യാനിച്ചു കഴിഞ്ഞു. അത് പല സന്ദർഭങ്ങളിൽ പല പ്രാധാന്യങ്ങളാണ് ആർജ്ജിക്കുന്നത്. ലഗ്‌വ് ചിലപ്പോൾ ഗുരുതരമായ പാപമായിത്തീരും. അതേ ലഗ്‌വ് തന്നെ സാധാരണമായിത്തീരുകയും ചെയ്യും. ആത്മീയമായി ശക്തമായ അഭിരുചികളുള്ള ചില മുതിർന്ന സാത്വികരായ ആളുകൾ ചിലതരം ലഗ്‌വ്കളിൽ ഏർപ്പെടുന്നതായി കാണാം. അവർ ഏർപ്പെടുന്ന അത്തരം ലഗ്‌വുകൾ പ്രത്യക്ഷമായും ബാഹ്യമായും ലഗ്‌വായി കാണാം. എന്നാൽ അവ ചില ലക്ഷ്യങ്ങൾക്ക് വേണ്ടിയായിരിക്കും. നാം വർജ്ജിക്കേണ്ട വിധത്തിലുള്ള ലഗ്‌വായി അതിനെ കണക്കാക്കാനാവില്ല. സാധാരണ അവസ്ഥയിൽ ലഗ്‌വ് ആയിത്തീരുന്നവ മറ്റൊരു സാഹചര്യത്തിൽ അതേ ലഗ്‌വ്ന്റെ ഗുണം നഷ്ടപ്പെടുന്നുവെന്ന് വരാം.

ഉദാഹരണത്തിന് നിങ്ങൾ ഒരു പിക്നിക്കിലാണെന്ന് കരുതുക. നിങ്ങളുടെ മൂഡ് തികച്ചും മറ്റൊന്നായിരിക്കും. സാധാരണ സമയങ്ങളിൽ നിങ്ങൾ ചിന്തിക്കുക പോലും ചെയ്യാത്ത രീതിയിൽ നിങ്ങൾ നിങ്ങളുടെ കുട്ടികളുമായി കളിക്കും. അപ്പോൾ അത് ഖുർആൻ വിശേഷിപ്പിക്കുന്ന രീതിയിലുള്ള ലഗ്‌വ് അല്ല. അത് നിങ്ങൾക്ക് അൽപ്പനേരത്തേക്ക് ഉന്മേഷം പകരാനുള്ള ഉദ്ദേശത്തിലായിരിക്കാം നിങ്ങൾ അത്തരം ലഗ്‌വിൽ ഏർപ്പെടുന്നത്. നിരുപദ്രകരമായ അത്തരം വിനോദങ്ങളുടെ ചിലവിലാവരുത് മറ്റു ലഗ്‌വുകൾ. ചൂതാട്ടം കൂടാതെ നിങ്ങൾക്ക് കാർഡ്സ് പോലും കളിക്കാം. ലൂഡോ പോലുള്ള മറ്റു വിനോദങ്ങളിലും ഏർപ്പെടാം. അത് നിങ്ങൾക്ക് എന്തെങ്കിലും വിധത്തിൽ അൽപ്പസമയത്തേക്ക് ഉന്മേഷം നൽകുന്നു. അതിന്റെ ലക്ഷ്യം ഉന്മേഷം നൽകലാണ്. അതിന്നായി ഏതെങ്കിലും ഉപാധികൾ സ്വീകരിക്കാം. അത്തരം ഉപാധികൾ സാധാരണ ജീവിതത്തിൽ ലഗ്‌വ് ആയി ഗണിക്കപ്പെടാം. അത് ഗൗരവതര

മായ കാര്യങ്ങളിൽനിന്നും നിങ്ങളുടെ ശ്രദ്ധ മാറ്റുമെന്ന് പറയുന്നത് നിരർത്ഥകമാണ്. അത്തരം സന്ദർഭങ്ങൾ ഉന്മേഷദായകമായ കാര്യങ്ങൾക്ക് വേണ്ടിയുള്ളതാണ് അത് ലഗ്വ് ആവുന്നില്ല. ഇത് ഒരു വിശാലമായ വിഷയമാണ്.

ഈ സന്ദർഭത്തിൽ ഞാൻ നിങ്ങളുടെ സംഗീതത്തെ കുറിച്ചുള്ള ചോദ്യത്തിലേക്ക് വരാം. സംഗീതം എന്ന നിലക്ക് വിശുദ്ധ ഖുർആൻ അതിനെ നിരോധിച്ചിട്ടില്ല. അക്കാലത്ത് അറേബ്യയിൽ ഉപയോഗിച്ചിരുന്ന ഒരു തരത്തിലുള്ള സംഗീതോപകരണമായ ദഫ്ഫ് റസൂൽ തിരുമേനി (സ) ചില നിവേദനങ്ങളിൽ അനുവദിച്ചതായി നാം വായിക്കുന്നു. എന്നാൽ മറ്റു ചില സംഗീതോപകരണങ്ങൾ നിന്നുള്ള സംഗീതത്തോട് റസൂൽ തിരുമേനി(സ) വിമുഖത പ്രകടിപ്പിച്ചതായും കാണാം. അവിടുന്ന് അത് ഇഷ്ടപ്പെട്ടിരുന്നില്ല. അതുകൊണ്ട് സംഗീതത്തോടുള്ള ശരിയായ സമീപനം ഇതിനിടയിലാണ്. നിങ്ങൾ ഇതിനുള്ളിലെ തത്വശാസ്ത്രം തിരിച്ചറിയുകയാണെങ്കിൽ എന്തിനാണ് അവിടുന്ന് അങ്ങനെ ചെയ്തതെന്നും എന്തുകൊണ്ട് ചെയ്യാത്തതെന്നും നിങ്ങൾക്ക് യഥാർത്ഥത്തിൽ മനസ്സിലാവും. വസ്തുതയെന്തെന്നാൽ അത്തരത്തിലുള്ള സംഗീതം സുപ്രധാന കാര്യങ്ങളിൽ നിന്നും നിങ്ങളുടെ ശ്രദ്ധയെ മാറ്റിക്കളയും. അല്ലാഹുവിനോടുള്ള സ്നേഹം, ആരാധനയോടുള്ള അഭിരുചി അങ്ങനെ ഏതൊന്നിന് വേണ്ടിയാണോ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് അതിൽ നിന്നെല്ലാം ശ്രദ്ധ മാറ്റിക്കളയുന്ന സംഗീതമാണ് ശക്തമായി വർജ്ജിക്കേണ്ടത്. അത് നിങ്ങളെ ഒരു മനോദൗർബല്യം പോലെ പിന്തുടരുന്നുവെങ്കിൽ അതാണ് ഒരു പാപമായിത്തീരുന്നത്. ഇന്ന് ലോകത്തിന്റെ എല്ലാ കോണുകളിലും സംഗീതമുണ്ട്. നിങ്ങൾ കഠിനമായി കേൾക്കാതിരിക്കാൻ പരിശ്രമിച്ചാലും അവിചാരിതമായി അത് കേൾക്കേണ്ടി വരും. നിങ്ങൾക്കത് ഒഴിവാക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടാണ് ഞാൻ സംഗീതം ഒരിക്കലും കേൾക്കാൻ പാടില്ല എന്ന് പ്രഖ്യാപിക്കാത്തത്. അത് കൂടുതൽ കടുത്തതായിരിക്കും. പക്ഷേ ഖുർആൻ അത് വളരെയധികമൊന്നും വാക്കുകളിൽ പറഞ്ഞിട്ടില്ല.

ദഫ്ഫ് തികച്ചും അനുവദനീയമാണെന്നും മറ്റു സംഗീതോപകരണങ്ങൾ വർജ്ജിക്കേണ്ടതാണെന്നുമുള്ള അനുമാനത്തോട് എനിക്ക് യോജിക്കാൻ കഴിയുന്നില്ല. കാരണം അത് അറേബ്യയിലുണ്ടായിരുന്ന പ്രത്യേകമായ ഒരു സംഗീതോപകരണമാണ്. ആ കാലഘട്ടത്തിൽ നിന്നും സംഗീതത്തിന്റെ ശൈലി വളരെയധികം മാറി. ദഫ്ഫ് ഒരു പ്രത്യേക ആവശ്യത്തിനു അക്കാലത്തിനനുയോജ്യമാംവിധമാണ് മുട്ടിയത്. നിങ്ങളോട് പറഞ്ഞ സംഗീതത്തെ കുറിച്ചുള്ള നിർവ്വചനം ആ സന്ദർഭത്തിന് യോജിച്ചതാണ്. ഉദാഹരണത്തിന് മദീനയിലേക്ക് പ്രവേശിക്കുമ്പോൾ കുറച്ച് സ്ത്രീകളും പെൺകുട്ടികളും റസൂൽ തിരുമേനി(സ) യെ സ്തുതിച്ചുകൊണ്ട് ദഫ്ഫ് മുട്ടി പാട്ടുപാടുകയുണ്ടായി. ഇന്ന് അത് പ്രത്യേക രീതിയിലുള്ള ഒരു സംഗീതോപകരണമാണ്. ഒരു ഭാഗം മറച്ചതാണ്. മറ്റൊരു ഭാഗം മറക്കാത്തതും. അതുകൊണ്ട് ദഫ്ഫ് പോലെയുള്ള സംഗീതോപകരണങ്ങൾ മാത്രമാണ് അനുവദിക്കപ്പെട്ടതെന്ന് ചില ഉലമാക്കന്മാർ നിഗമനം ചെയ്തെടുക്കുന്നു. മറ്റൊന്നും പാടില്ല എന്നാണ് അവരുടെ അഭിപ്രായം. അത് ശുദ്ധ വിഢിത്തമാണ്. കാരണം റസൂൽ തിരുമേനി (സ) നമുക്ക് അതിന്നുള്ള മാർഗ്ഗ നിർദ്ദേശവും തത്വവുമാണ് നൽകിയത്. അത് എക്കാലത്തും പ്രായോഗികമാണ്. ഒരു സന്ദർഭത്തിനു മാത്രമുള്ളതല്ല. എല്ലാ സന്ദർഭങ്ങൾക്കും അനുയോജ്യമായതാണ്.

നിങ്ങൾ എല്ലാം പ്രത്യേകമായി കണക്കിലെടുക്കുന്നതിന് പകരം പൊതു തത്വം നിർമ്മിക്കുകയാണെങ്കിൽ അത് എല്ലാ കാലത്തേക്കും ബാധകമാക്കാവുന്നതാണ്. നിങ്ങൾ ചരിത്രത്തിലെ ഒരു പ്രത്യേക സന്ദർഭത്തിൽ മാത്രം ഒതുക്കി നിർത്തുകയാണ് ചെയ്യുന്നത്. അതിനപ്പുറം ഒരടി ചലിക്കാൻ ഈ ഉലമാക്കന്മാർക്ക് സാധിക്കുന്നില്ല. റസൂൽ തിരുമേനി (സ) ഒരിക്കലും കാറിൽ സഞ്ചരിച്ചിട്ടില്ല. അതുപോലെ നിങ്ങൾക്ക് ലഭിച്ച ആധുനികമായ ഒരു ഉപകരണങ്ങളും ഉപയോഗിച്ചിട്ടില്ല. അപ്പോൾ ഒരു പ്രത്യേക ധാന്യത്തിൽ നിന്നും റസൂൽ തിരുമേനി(സ) ഉണ്ടാക്കിയ റൊട്ടിയിൽ മാത്രം ഭക്ഷണം പരിമിതപ്പെടുത്തുകയും ബാക്കിയുള്ളവ നിരോധിക്കുകയും ചെയ്യാത്തത് എന്താണ്? അവിടുന്ന് ധരിച്ച രീതിയിലുള്ള ഡ്രസ്സുമാത്രമേ നിങ്ങൾ അനുവദിക്കാൻ പാടുള്ളൂ മറ്റുള്ളവ നിരോധിക്കുകയും വേണം. ഇത്തരത്തിൽ നിങ്ങൾ നിഗമനത്തിലെത്തുകയാണെങ്കിൽ നിങ്ങൾ നയിക്കുന്ന ജീവിതമെല്ലാം നിരോധിക്കപ്പെടേണ്ടതുണ്ട്. കാരണം വളരെ കുറച്ച് മാത്രമേ അതിൽ റസൂൽ തിരുമേനി (സ) യുടെ മാതൃകയുള്ളൂ. അവിടുന്ന് ജീവിച്ച കാലത്ത് ഒരിക്കലും ഇലക്ട്രിക്ക് ബൾബുകൾ ഉപയോഗിച്ചിട്ടില്ല. ക്യാമറ അക്കാലത്ത് കണ്ടുപിടിക്കപ്പെട്ടിട്ടില്ല. അവിടുന്ന് ഒരു ഫോട്ടോ പോലും എടുത്തിട്ടില്ല. ആ മാനദണ്ഡ പ്രകാരം ഫോട്ടോ എടുക്കുന്നതും ഫോട്ടോവിന് പോസു ചെയ്യുന്നതും നിരോധിക്കേണ്ടിവരും.

നിങ്ങൾ മനസ്സു തുറന്നൊന്ന് നോക്കി ഇസ്‌ലാമിക തത്വശാസ്ത്രം എന്തെന്ന് പഠിക്കൂ. വിശുദ്ധ ഖുർആൻ നിരോധിച്ചതും അനുവദിച്ചതും വളരെ കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. അതിനു രണ്ടിനുമിടയിലുള്ള കാര്യങ്ങളിലേക്ക് തത്വങ്ങളിലൂടെ വെളിച്ചം വീശിയിട്ടുമുണ്ട്. അതിന്റെ അതിർത്തികൾ മണൽ വരമ്പുകൾ പോലെ വേഗത്തിൽ മാറിക്കൊണ്ടിരിക്കും. നിരോധനത്തിലും അനുവദനീയത്തിലും പെടാത്ത ആ അന്തരാളത്തിൽ നിൽക്കുന്ന അതിർത്തിമേഖലയിൽ, എന്താണ് ചെയ്യേണ്ടത് എന്താണ് ചെയ്യരുതാത്തത് എന്നത് സാഹചര്യങ്ങൾക്ക

നുസരിച്ച് മാറിക്കൊണ്ടിരിക്കുന്നതാണ്. ഒരു അവസരത്തിൽ അവ നേരിയതാവുകയും മറ്റൊരവസരത്തിൽ തടിച്ചു വരുകയും ചെയ്യും. സംഗീതവും പെയിന്റിങ്ങും ഈ മേഖലയിൽ വരുന്ന ലഗ്വുകളാണ്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ജീവിതത്തിന്റെ ഉന്നത മൂല്യങ്ങൾക്ക് ഭംഗം വരുന്ന രീതിയിൽ ഇത്തരം വിനോദങ്ങളുടെ പിന്നാലെ പോവുകയാണെങ്കിൽ അത് നിരോധിക്കപ്പെട്ടതായി കണക്കാക്കണം. നിങ്ങളുടെ ജീവിതത്തിലെ സുപ്രധാന ലക്ഷ്യങ്ങളെ അത് ബാധിക്കുന്നില്ലെങ്കിൽ കുറച്ച് നേരത്തേക്ക് നിങ്ങളെ ഊർജ്ജസ്വലമാക്കുവാനോ അൽപ്പം അയവുള്ളതാക്കുവാനോ അത്തരം വിനോദങ്ങൾ സഹായിക്കും. അത് നിരുപാധികം നിരോധിക്കപ്പെടേണ്ടതാണെന്ന് ഞാൻ കരുതുന്നില്ല.

ചില കാര്യങ്ങളിൽ മുഴുകി അതിന് പിന്നാലെ പോകുന്നത് ഒരു മാനസിക അടിമത്തമായി മാറാറുണ്ട്. ഉദാഹരണത്തിന് നാം ഹിന്ദി ഗാനങ്ങൾ എന്ന് വിളിക്കപ്പെടുന്ന പാട്ടുകൾ ഇഷ്ടപ്പെടുന്ന ചില പാകിസ്താനികളെ എനിക്കറിയാം. അവർ പാട്ടുകൾ പാടാറുണ്ട്. അവരതിന്റെ അടിമകളായി മാറുന്നു. അതിന്റെ ഫലമായി അവർ തങ്ങളുടെ പഠനങ്ങളിലും മതപരമായ കാര്യങ്ങളിലും ശ്രദ്ധ ചെലുത്താതെ വരുന്നു. അവർ മസീഹ് മഊദി (അ)ന്റെ പുസ്തകങ്ങൾ വായിക്കാറില്ല. റസൂൽ തിരുമേനി (സ) യുടെ ഹദീസുകൾ വായിക്കാൻ അവർക്ക് സമയമില്ല. വിശുദ്ധ ഖുർആൻ പോലും പരായണം ചെയ്യാൻ അവർക്ക് കഴിയുന്നില്ല. അത് അവരിൽ ഒരു മൂല്യവുമില്ലാത്ത സ്വഭാവമായി വളരുന്നു. മൂന്നാം കിട അസംബന്ധ ഗാനങ്ങളാണ് അവർ പാടുന്നത്. അത് സംഗീതത്തിന്റെ അകമ്പടിയോടെ പാടുമ്പോൾ അവരിൽ അത് താൽപര്യമുണർത്തുകയും അതിൽ അവർ അഗാധമായി മുങ്ങിത്താഴുകയും അവരുടെ ജീവിതമാകെ രോമാഞ്ച കുഞ്ചുകമണിയുകയും ചെയ്യുന്നു. ഇത് ഒരുതരം അഡിക്ഷനാണ്. ഇങ്ങനെ സംഭവിക്കുമ്പോൾ അത് ഹറാമായി മാറുന്നു. ഇസ്‌ലാമിലെ നിർബന്ധ കർമ്മങ്ങളെ അത് തടസ്സപ്പെടുത്തുന്നു. കാരണം അത് നിങ്ങളുടെ ആത്മീയ പുരോഗതിയുടെ വഴിയിൽ വിഗാതമായി നിൽക്കുകയാണ് ചെയ്യുന്നത്.

എന്നാൽ ഒരാൾ ആത്മീയ പുരോഗതി ശ്രദ്ധിക്കുകയാണെങ്കിൽ, ഉദാഹരണത്തിന് ഒരാൾ റേഡിയോ ഓൺ ചെയ്തു കൊണ്ട് ഒരു പാട്ട് കേൾക്കുകയാണെന്ന് കരുതുക. അയാൾ കുറച്ച് നേരത്തേക്ക് അത് ഇഷ്ടപ്പെടുകയും ശ്രദ്ധിക്കുകയും ചെയ്യുന്നു അദ്ദേഹത്തിന് സമയമുണ്ട് അതിനാൽ സമയം അനാവശ്യമായി നഷ്ടപ്പെടുത്തുന്നില്ല.

അതുപോലെ ചില ആളുകൾ പറയുന്നു ചിത്രകല പാടെ നിരോധിക്കപ്പെട്ടതാണെന്ന്. നമ്മുടെ യജമാനനായ മുഹമ്മദ് മുസ്തഫാ (സ) ചിത്രം വരക്കൽ നിരോധിച്ചിരിക്കുന്നു. വീട്ടിൽ സൂക്ഷിച്ച ചിത്രങ്ങളും വരച്ച ചിത്രങ്ങളും നിരോധിക്കപ്പെട്ടതാണ് എന്ന് അവർ പറയുന്നു. പക്ഷേ ആരാധനാ മൂർത്തികളുടെ ചിത്രങ്ങൾ വരക്കുന്നതാണ് റസൂൽ(സ) തിരുമേനി നിരോധിച്ചിട്ടുളത്. അക്കാലത്ത് ചിത്രങ്ങൾ പൂർണ്ണമായും മതപരമായ ആവശ്യങ്ങൾക്ക് വേണ്ടിയും ആരാധനാ മൂർത്തികളുടെതുമാണ് വരക്കപ്പെടാറ്. മുഹമ്മദ് നബി (സ) യുടെ കാലത്ത് അറേബ്യയിൽ എന്തെങ്കിലും വിധത്തിലുള്ള ഒരു കലാ പ്രവർത്തനം അക്കാലത്ത് നടത്തയതായി നമുക്ക് കണ്ടെത്താനാകില്ല. (ഫോട്ടോഗ്രാഫി കണ്ടുപിടിക്കത്തതിനാൽ ആ വിധ ചിത്രങ്ങൾ ഏതായാലും ലഭ്യമല്ലല്ലോ). ജനങ്ങൾ മറ്റെന്തെങ്കിലും വിധത്തിലുള്ള റിയലിസ്റ്റിക്കായുള്ള യഥാർഥ ചിത്രരചന നടത്തിയതായി നിങ്ങൾക്ക് കണ്ടെത്താൻ സാദ്ധ്യമല്ല. അക്കാലത്ത് ഏതെങ്കിലും ഒരു കലാകാരൻ എന്തെങ്കിലും ഒരു സീനറിയോ യഥാർത്ഥത്തിലുള്ള ഒരു രൂപാവിഷ്ക്കാരമോ നടത്തിയതായി നിങ്ങൾക്ക് കാണിക്കാൻ സാദ്ധ്യമല്ല. വരച്ചതെല്ലാം ഭാവനാത്മകമാണ് അതാകട്ടെ ഇസ്‌ലാമിക അടിസ്ഥാന തത്വങ്ങൾക്ക് വിരുദ്ധവുമാണ്. അവിടെ ഭാവനാത്മകമായ ബിംബങ്ങളുടെ ചിത്രങ്ങളാണ്. ദൈവത്തിന്റെ പങ്കുകാരായ ദേവതമാരാണ്. അവയെല്ലാം വരക്കപ്പെട്ടതോ ഉളികൊണ്ട് കൊത്തിയെടുത്തതോ ആണ്.

നമ്മുടെ പരിശുദ്ധ പ്രവാചകൻ (സ) നിരോധിച്ചത് ഇവയൊക്കെയാണ്. ജീവിതത്തിന്റെ ഏതെങ്കിലും ഒരു യഥാർത്ഥ ചിത്രം അവിടുത്തെ കാലത്ത് വരക്കപ്പെടുകയും അവ നിരോധിക്കപ്പെട്ടതായും നമുക്ക് തെളിവുകളില്ല. എന്റെ അനുമാനത്തിൽ അവിടുന്ന് നിരോധിച്ച ചിത്രങ്ങൾ നിങ്ങൾ മനസ്സിലാക്കിയ പ്രകാരം മേൽ പറയപ്പെട്ട ആവശ്യത്തിന് വേണ്ടിയുള്ളതായിരുന്നു. മറ്റൊരു മേഖലയിലേക്ക് അത് വ്യാപിപ്പിക്കുക എന്നത് അദ്ദേഹത്തിന്റെ മനസ്സിൽ ഉണ്ടായിരുന്നു എന്ന ധാരണ ശരിയല്ല. അവിടുന്ന് അത്തരം ചിത്രംവരക്കെതിരായി യാതൊന്നും സംസാരിച്ചിട്ടില്ല. കാരണം കലാപരമായ യഥാർഥ വാദം മതപരമായ യാതൊരു കാര്യത്തിലും തടസ്സപ്പെടുത്തുന്നില്ല. ബിംബ നിർമ്മാണം ഇസ്‌ലാം മതത്തിന്റെ ഏകദൈവ സങ്കൽപ്പത്തിന് വിരുദ്ധമാണ്. അതുകൊണ്ട് ബിംബ നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുന്നത് ഇസ്‌ലാമിക സമൂഹത്തിൽ നിരോധിക്കപ്പെടേണ്ടതാണ്. അത് തികച്ചും മനസ്സിലാക്കാവുന്നതാണ്. അതേ രൂപത്തിലുള്ള യഥാർത്ഥ ഭാവത്തിൽ പുനസൃഷ്ടിക്കുന്നത് എങ്ങനെ നിരോധിക്കാൻ സാധിക്കും? ഇത് ഹറാമായി പ്രഖ്യാപിക്കണമെന്ന് ഞാൻ കരുതുന്നില്ല. പക്ഷേ ജീവിതത്തിന്റെ ഉന്നതലക്ഷ്യങ്ങളെ ബാധിക്കുമാറ് അത് ഒരു മനോഗ്രസ്തി പോലെ പിടികൂടിയിട്ടുണ്ടെങ്കിൽ അവിടം മുതൽ അത് നിർത്തേണ്ടതാണ്. ആ സമയം മുതൽ അത് ഒരു ലഗ്വ് ആകുന്നു. ആ ലഗ്വാണ് ഖുർആൻ നിരോധിച്ചിട്ടുള്ളത്.

# അനന്തരാവകാശം

മരിച്ച ഒരാളുടെ സ്വത്തുക്കൾ അനന്തരാവകാശികൾക്കിടയിൽ എങ്ങനെ പങ്കിടണം എന്നതിനെ സംബന്ധിച്ച് നീതിക്ക് പരമ പ്രാധാന്യം നൽകുന്ന ഇസ്‌ലാം മതത്തിൽ ചില വ്യവസ്ഥകളും നിയമങ്ങളുമുണ്ട് ഇസ്‌ലാമിക പ്രമാണങ്ങളുടെയും നീതിതത്വങ്ങളുടെയും വെളിച്ചത്തിൽ ലേഖകൻ അത് ലളിതമായി വിശദീകരിക്കുന്നു. MUSLIM SUNRISE WINTER 2013 നിന്നെടുത്തതാണ് ഈ ലേഖനം

ഡോ. ലുത്ഫുർറഹ്മാൻ

ഒരാളുടെ മേൽ മരണം വന്നണയുന്നതോടെ അയാളുടെ സ്വത്തുക്കൾ മരിച്ചയാളുടെ അനന്തര സ്വത്തായിമാറുന്നു. ഈ സ്വത്ത് വകകളെല്ലാം ജീവിച്ചിരിക്കുന്ന ബന്ധുക്കളിലേക്കും സ്നേഹിതന്മാരിലേക്കും കൈമാറ്റം ചെയ്യപ്പെടുന്നു. വിവിധ ഗവൺമെന്റുകൾക്കും മതങ്ങൾക്കും ഈ വിഷയത്തിൽ വിവിധങ്ങളായ നിയമങ്ങളും ചട്ടങ്ങളുമുണ്ട്. ബൈബിൾ പഴയ നിയമത്തിൽ ഇപ്രകാരം കാണാം.

***'അതുകൊണ്ട് ഇസ്റയേൽ ക്കാരോട് നീ പറയണം പുത്രനില്ലാതെ മരിക്കുന്നയാളുടെ പിൻന്തുടർച്ചാവകാശം പുത്രിക്ക് ലഭിക്കുമാറാക്കണം. അയാൾക്ക് പുത്രിയില്ലെങ്കിൽ പിന്തുടർച്ചാവകാശം അയാളുടെ സഹോദരന്മാർക്ക് കൊടുക്കണം. സഹോദരന്മാരും ഇല്ലെങ്കിൽ അയാളുടെ പിതൃസഹോദരന്മാർക്ക് കൊടുക്കണം. പിതൃസഹേദരന്മാരാരും ഇല്ലെങ്കിൽ പിന്തുർടച്ചാവകാശം അയാളുടെ കുടുംബത്തിലെ ഏറ്റവും അടുത്ത ചാർച്ചക്കാരനു നൽകണം. അയാൾ അത് അവകാശമാക്കണം.'*** *(സംഖ്യാ പുസ്തകം 27: 8 11)*

പിന്തുടർച്ചാവകാശം കുടുംബ നിയമങ്ങളിൽപെട്ടതാണ്. ലോകത്തിലെ മിക്ക ഭരണ കൂടങ്ങളും അവരുടെ പൗരന്മാർക്ക് ഇത്തരം കാര്യങ്ങൾ അവരുടെ അഭീഷ്ടങ്ങൾക്കും വിശ്വാസങ്ങൾക്കും അനുസരിച്ച് നിർവ്വഹിക്കാൻ അനുവാദം നൽകുന്നു. അപ്രകാരം ഏതൊരു മുസ്‌ലിമിന്നും ഇസ്‌ലാം മതത്തിന്റെ നിയമങ്ങൾക്കനുസരിച്ച് വസിയത്ത് എഴുതാനുള്ള അനുവാദമുണ്ട്.

പിന്തുടർച്ചാവകാശ കാര്യത്തിൽ വിശുദ്ധ ഖുർആൻ ഒരു സമ്പൂർണ്ണ മാർഗ്ഗദർശിയാണ്. പിന്തുടർച്ചാവകാശ കാര്യത്തിൽ മരിച്ച വ്യക്തിയുടെ അനന്തര സ്വത്തുക്കൾ തുല്യതയോടെയും നീതിപൂർവ്വകമായും അവകാശികൾക്കിടയില വിതരണം ചെയ്യാൻ വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

***'മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടുപോയ ധനത്തിൽ നിന്നും പുരുഷന്മാർക്ക് ഒരു ഓഹരിയുണ്ട്. മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടുപോയ ധനത്തിൽ നിന്നും സ്ത്രീകൾക്ക് ഒരു ഓഹരിയുണ്ട്. അത്കുറവോ കൂടുതലോ ആകട്ടെ നിശ്ചിതമായ ഓഹരി'*** *(4:8)* ജീവിക്കുന്ന അവകാശികൾക്കിടയിൽ പിന്തുടർച്ചാവകാശത്തിന്റെ നിശ്ചിത തോത് നിർണ്ണയിച്ചിട്ടുണ്ട്. ഇത് സ്വത്ത് വിഭജനം എളുപ്പവും ലളിതവുമാക്കുന്നു. തീർച്ചയായും ചില കാര്യങ്ങളിൽ കൂടുതൽ വിശദീകരണം ആവശ്യമാണ്.

### വിൽപത്രം എഴുതൽ

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: ***'നിങ്ങളിലൊരാൾക്ക് മരണം ആസന്നമായാൽ അയാൾ ധാരാളം ധനം അവശേഷിപ്പിക്കുന്നുവെങ്കിൽ മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കുമായി ന്യായമായതു പ്രവർത്തിക്കാൻ അയാൾ വസിയത്ത് ചെയ്യേണ്ടതാണെന്ന് നിങ്ങൾക്ക് നിർബന്ധ കൽപ്പന നൽകപ്പെട്ടിരിക്കുന്നു. സൂക്ഷ്മത പാലിക്കുന്നവർക്ക് ഒരു ബാദ്ധ്യതയാണിത്.'*** *(2:181)*

ഒസ്യത്ത് എഴുതുന്ന ആൾ എന്തെങ്കിലും സ്വത്തുണ്ടായിരിക്കണം. ആ വ്യക്തി മാനസികമായി ആരോഗ്യമുള്ള ആളായിരിക്കണം. മാനസിക രോഗി ആകാൻ പാടില്ല. നിയമപരമായ ഭാഷക്ക് വ്യക്തത ഉണ്ടാകാനും അവരുടെ ഒസ്യത്ത് നിയമ സാധുത്വം നഷ്ടപ്പെടാതിരിക്കാനും പലരും ഒസ്യത്ത് എഴുതാൻ നിയമജ്ഞരെയാണ് ഉപയോഗിക്കാറ്. അല്ലാഹു ഖുർആനിൽ പറയുന്നു:

***'വിശ്വസിച്ചവരേ, നിങ്ങളിലൊരാൾക്ക് മരണം ആസന്നമായാൽ വസിയ്യത്ത് ചെയ്യുന്ന സമയം നിങ്ങളിൽനിന്നുള്ള നീതിമാന്മാരായ രണ്ടു പേർ നിങ്ങളുടെയിടയിൽ സാക്ഷ്യം വഹിക്കേണ്ടതാണ്.'*** *(5: 107)*

ഇസ്‌ലാമിൽ ഒസ്യത്ത് എഴുതുക എന്നത് ഒരാളുടെ ഇഷ്ടപ്രകാരം ചെയ്യുന്ന കാര്യമോ ഐച്ഛിക വിഷയമോ അല്ല. മരണത്തിന്ന് മുമ്പായി സമ്പത്തുള്ളവർ ഒസ്യത്ത് എഴുതുക എന്നത് അത്യാവശ്യ

മായ കാര്യമാണ്. (2: 281)

*'റസൂൽ തിരുമേനി (സ) പറഞ്ഞു: ഒരു മനുഷ്യൻ ഒസ്യത്ത് കൂടാതെ രണ്ടു രാത്രി കടന്നു പോകരുത്.' (അബൂദാവൂദ്, കിതാബുൽ വസിയത്ത്)*

ഒരാൾ വിൽപത്രം എഴുതി വെക്കാതെ മരിക്കുകയാണെങ്കിൽ വിവിധ ഗവൺമെന്റുകൾ അവര വരുടെ നിയമമനുസരിച്ച് മരിച്ചയാ ളുടെ സ്വത്തുക്കൾ വീതം വെക്കു ന്നതായിരിക്കും. അത് മരിച്ചയാളുടെ ഇച്ഛക്കും ഇഷ്ടത്തിന്നും വ്യത്യസ്ത മായിരുന്നേക്കാം. അതുകൊണ്ട് വിൽപത്രം അഥവാ ഒസിയത്ത് തയ്യാറാക്കുക എന്നത് സ്വത്ത് വിഭജനത്തിന്റെ മാത്രം പ്രശ്നമല്ല. കുട്ടികളുടെ പരിപാലനവും മറ്റു കാര്യങ്ങളിലും ഇത് മൂലം ഒരു വ്യക്തത കൈവരുന്നു.

## സ്വത്ത് വിതരണം

ഒരാളുടെ സ്വത്ത് വലുതാകട്ടെ ചെറുതാകട്ടെ അത് താഴെ പറയുന്ന പ്രകാരമാണ് വീതം വെക്കേണ്ടത്.

1. കബറടക്കത്തിന്ന് വേണ്ടി.
2. കടത്തിലേക്ക്.
3. ഇഷ്ടദാനം (വിശുദ്ധ ഖുർആ നിൽ പറഞ്ഞ വസിയത്ത് പ്രകാര മുള്ള ധനം കൊടുക്കൽ) ഇത് ഏതെങ്കിലും തരത്തിലുള്ള ജീവ കാരുണ്യ പ്രവർത്തനങ്ങൾക്കാ യുള്ള വസിയത്തുംപെടും. അത് പോലെ അനന്തരാവകാശി എന്ന് ഇസ്ലാമിൽ നിർവ്വചിക്കപ്പെട്ടിട്ടി ല്ലാത്ത കുടുംബത്തിലെ ബന്ധുക്ക ളും ഉൾപ്പെടും. ദരിദ്രർക്ക് നൽകു ന്നതും സേവകന്മാർ, മറ്റ് ആവശ്യ ക്കാർ മുതലായവർക്ക് വേണ്ടി കരുതുന്ന ധനവും അതിൽപ്പെടും. അങ്ങനെ ഒസ്യത്ത് ചെയ്യാവുന്ന സ്വത്ത് മരിച്ചയാളുടെ മൊത്തം സ്വത്തിന്റെ മൊത്തം പരമാവധി മൂന്നിൽ ഒന്നാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഹിസ്സ ജദീദുകൾ ഈ വകുപ്പിലാണ് പെടുക.
4. സ്വത്തിലെ അവശേഷിക്കു ന്ന ഭാഗം അനന്തരാവകാശികൾക്ക് നിശ്ചിത നിയമ പ്രകാരം വിതരണം ചെയ്യപെടും.

## അവകാശികൾ ഇസ്ലാമിൽ

**മാതാപിതാക്കന്മാർ:** മരിച്ചയാൾക്ക് കുട്ടികളുണ്ടെങ്കിൽ മാതാപിതാ ക്കന്മാർക്ക് 6 ൽ ഒരു ഭാഗമാണ് ലഭിക്കുക. മരിച്ചയാൾക്കും കുട്ടിക ളും വിവാഹ പങ്കാളിയും ഇല്ലെങ്കിൽ മാതാവിന്ന് 3 ൽ 1 ലഭിക്കും, പിതാവിന്ന് 3ൽ 2 ഭാഗം ലഭിക്കും. മരിച്ചയാൾക്ക് കുട്ടികളുണ്ടെങ്കിൽ മാതാവിന്ന് 6 ൽ 1 ലഭിക്കും. (ഖുർആൻ 4: 12)

**ഭർത്താവ്:** കുട്ടികളില്ലാതെ ഭാര്യ മരിച്ചാൽ ഭർത്തവിന്ന് 2 ൽ 1 ഭാഗം ലഭിക്കും. ഭാര്യക്ക് കുട്ടികളുണ്ടെ ങ്കിൽ ഭർത്താവിന് 4 ൽ 1 ഭാഗം ലഭിക്കും. ( വി. ഖു. 4: 13)

**ഭാര്യ:** ഭർത്താവ് കുട്ടികളില്ലാതെ മരിക്കുകയാണെങ്കിൽ ഭാര്യക്ക് 4 ൽ 1 ഭാഗം ലഭിക്കും. കുട്ടികളുണ്ടെങ്കിൽ ഭാര്യക്ക് 8 ൽ ഒന്നാണ് ലഭിക്കുക.

**പെൺകുട്ടികൾ:** മരിച്ചയാൾക്ക് രണ്ടോ അതിലധികമോ പെൺകുട്ടി കളാണ്. അദ്ദേഹത്തിന്ന് ആൺ കുട്ടികളില്ല. എങ്കിൽ അവർക്ക് മൊത്തം സ്വത്തിന്റെ 3 ൽ 2 ഭാഗം ലഭിക്കും. മരിച്ചയാൾക്ക് ഒരു പുത്രി മാത്രമാണ് ഉള്ളത്, അയാൾക്ക് ആൺ കുട്ടികളില്ല എങ്കിൽ അവൾ ക്ക് 2 ൽ 1 ഭാഗം ലഭിക്കും. (ഖുർആൻ 4: 12)

**ആൺകുട്ടികൾ:** ആൺകുട്ടിക്ക് പെൺകുട്ടിയുടെ ഇരട്ടിയുണ്ടാകും. (വി. ഖുർആൻ 4: 12)

മേൽപറഞ്ഞ എല്ലാ ഒഹരിക ളും കബറക്കത്തിന്നുള്ള ചിലവും കടങ്ങളും ദാന ഒസ്യത്തുകൾക്കും ശേഷമുള്ള സ്വത്തുക്കളിലായിരി ക്കും നൽകുക.

മരണപ്പെട്ടയാളുടെ ജീവിച്ചി രിക്കുന്ന മേൽപ്പറഞ്ഞ ബന്ധുക്ക ളെല്ലാം അദ്ദേഹത്തിന്റെ അനന്തരാ വകാശികളാണ്. ജനിക്കാത്ത ഗർഭ ത്തിലിരിക്കുന്ന കുഞ്ഞും അനന്ത രാവകാശിയാണ്. അവരുടെ യാ തൊരാളുടെയും ഓഹരികളും തടയപ്പെടാൻ പാടില്ല. അതു കൂടാ തെ മറ്റു അനന്തരാവകാശികളുമു ണ്ട്. പക്ഷേ അവരുടെ അനന്തരാ വകാശം മേൽ പറഞ്ഞ അനന്തരാ വകശികളുടെ സാന്നിദ്ധ്യമോ അസാന്നിദ്ധ്യമോ ആശ്രയിച്ചാണ് നിർണ്ണയിക്കപ്പെടക.

## സ്ത്രീകളുടെ ഓഹരി

ഇസ്ലാമിൽ പൊതു തത്വമനു സരിച്ച് അനന്തരാവകാശ നിയമ പ്രകാരം പുരുഷന്റെ പകുതിയാണ് സ്ത്രീക്ക്. പലരും ഇത് ഇസ്ലാമിൽ സ്ത്രീകളോടുള്ള അനീതിപരമായ സമീപനമാണെന്ന് വിമർശിക്കാറു ണ്ട്. മനുഷ്യൻ എന്ന നിലക്ക് ഇസ്ലാമിൽ പുരുഷനും സ്ത്രീയും തുല്യരാണ്. പക്ഷേ അവർ വ്യക്തി ത്വത്തിൽ വ്യത്യസ്തരാണ്. ജീവിത ത്തിൽ അവരുടെ പങ്കും വ്യത്യസ്ത മാണ്. ഉദാഹരണത്തിന്ന് സ്ത്രീകൾ ക്ക് മാത്രമേ മാതാവാകാൻ സാദ്ധ്യ മാകൂ. അതു സംബന്ധിച്ച് അവകാ ശങ്ങളും ബാദ്ധ്യതകളും സ്ത്രീകൾ ക്ക് മാത്രമേ ബാധകമാവൂ. കുടും ബകാര്യത്തിൽ പുരുഷനാണ് ഇസ്ലാം സാമ്പത്തിക ബാദ്ധ്യത നൽകിയിരിക്കുന്നത്. സ്ത്രീ സമ്പന്ന യാണെങ്കിൽ പോലും കുടുംബത്തി ന്റെ സാമ്പത്തിക ബാദ്ധ്യത പുരുഷ ന്റെ മാത്രം ബാദ്ധ്യതയാണ്. സാമ്പ ത്തികമായ വീക്ഷണകോണിൽ പുരുഷനാണ് കൂടുതൽ സമ്പത്ത് ആവശ്യമായി വരുന്നത്. അതു കൊണ്ട് ഇസ്ലാം അവർക്ക് ധാരാള മായി നൽകുന്നു. എന്നാൽ ഇസ്ലാം ഒരിക്കലും സ്ത്രീയിൽ നിന്നും സമ്പത്ത് നഷ്ടപ്പെടുവാൻ അനുവദിക്കുന്നില്ല. മറിച്ച് അയാളു ടെ എല്ലാ സ്ത്രീ ബന്ധുക്കൾക്കും ഇസ്ലാം അനന്തരാവകാശത്തിന്റെ ഓഹരി നൽകിയിട്ടുണ്ട്.

**മറ്റുചില സാഹചര്യങ്ങൾ:** എന്ത് തന്നെ നിയമങ്ങളും ചട്ടങ്ങളും നിയന്ത്രണങ്ങളും ഉണ്ടായിരുന്നാ ലും ശരി. ചില പ്രത്യേക പരിഗണനകൾ അർഹിക്കുന്ന അസാധാരണമായ സാഹചര്യങ്ങൾ ഉടലെടുക്കാറുണ്ട്. ഈ പ്രശ്നങ്ങൾ സാധാരണ നിയമങ്ങൾക്കൊണ്ട് പരി ഹരിക്കാൻ സാദ്ധ്യമല്ല. ഞാൻ അത്തരം ചില സാഹചര്യങ്ങൾ

വിവരിക്കാം. മറ്റുള്ളവക്ക് മാർഗ്ഗ ദർശകമായ ഒരു സാഹചര്യം മാത്രം ഞാൻ വിവരിക്കാം.

**പ്രശ്നം:** പിതാവ്മരിച്ച ഒരു കുഞ്ഞിന് അവന്റെ (ആ പേരകുട്ടിയുടെ) മാതാമഹന്റെയോ പിതാമഹന്റെയോ അനന്തരവകാശിയാകുന്നില്ല. ഇത് അന്യായമായ ഒരു പ്രശ്നമായിട്ടാണ് പലരും കാണുന്നത്. കുഞ്ഞിന് ചിലവിന്ന് നൽകിയിരുന്ന അവന്റെ ആശ്രയമായ പിതാവാണ് മരിച്ചത്. അവന്റെ മാതാവിന്ന് അവന്റെ ചിലവ് വഹിക്കാനുള്ള സാമ്പത്തിക ശേഷിയുമില്ല. ഇത് അന്യായമല്ലേ? എന്നതാണ് ചോദ്യം

**പരിഹാരം:** ഇത്തരത്തിലുള്ള അവസ്ഥകൾ ഇസ്‌ലാമിക നിയമം തിരിച്ചറിയുകയും പരിഹാരം നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: ***അനന്തരാവകാശ സ്വത്ത് ഓഹരി വെക്കുന്ന അവസരത്തിൽ (അവകാശികളല്ലാത്ത മറ്റു) അടുത്ത ബന്ധുക്കളും അനാഥരും അഗതികളും അവിടെ ഹാജരുണ്ടെങ്കിൽ അവർക്കും അതിൽ നിന്നും വല്ലതു കൊടുക്കുക. അവരോട് നല്ല വാക്കുകൾ പറയുകയും ചെയ്യുക' (ഖു ർആൻ 4:9.).*** അല്ലാഹു 3 ൽ 1 ഭാഗം ഒസ്യത്ത് മുഖേന ഇഷ്ടദാനം ചെയ്യാൻ അനുവദിച്ചിരിക്കുന്നു. ഈ ഭാഗം സാധാരണ നിയമാനുസാരം അനന്തരാവകാശം ലഭിക്കാത്തവർക്ക് ഒസിയ്യത്ത് ചെയ്യണം. ഇങ്ങനെ ഒരവസരം സംജാതമായാൽ കുട്ടിയുടെ മാതാമഹനോ പിതാമഹനോ തന്റെ പേരകുട്ടിക്ക് ഒസിയ്യത്ത് ചെയ്ത് നൽകണം. വാഗ്ദത്ത മസീഹ് പറഞ്ഞത്: ***'പിതാമഹൻ അത്തരം സന്ദർഭങ്ങളിൽ തന്റെ പേരകുട്ടി ക്ക് വേണ്ടി ഒസ്യത്ത് എഴുതിവെക്കണം. അനാഥയായ ആ കുട്ടി മറ്റാരെക്കാളും കാരുണ്യം അർഹിക്കുന്നവനാണ്.' (മൽഫൂസാത്ത് വോല്യം 4 പേജ് 279)***

1950 ൽ ഈജിപ്ഷ്യൻ ഗവർമെന്റ്ഈ പ്രശ്നം പഠിക്കാൻ ഒരു പണ്ഡിത സഭയെ നിയോഗിക്കുകയുണ്ടായി. അവരുടെ ശുപാർശ ഇപ്രകാരമായിരുന്നു: **'**തന്റെ അനാഥയായ പേരകുട്ടിക്ക് മുത്തച്ചൻ തന്റെ സ്വത്തിന്റെ 3 ൽ 1 ഭാഗം ഒസിയത്ത് ചെയ്യേണ്ടതാണ്. അദ്ദേഹം ഇത് അവഗണിക്കുന്ന പക്ഷം അപ്രകാരം കണക്കാക്കി പേരകുട്ടിക്ക് നൽകണം. ഗവർമെന്റ് ഇതിന്നായി ഒരു നിയമം നിർമ്മി ക്കേണ്ടതാണ്. (AL Muwaris -Ul- Islamiyyah, Rule 137& 138)

ഇസ്‌ലാമിക നിയമ പ്രകാരം പിതാവ് മരിച്ചാൽ മരിച്ചയാളുടെ മകന് മുത്തഛനാണ് പിതാവിന്റെ സ്ഥാനത്തു വരിക. അപ്രകാരം മകൻ മരിക്കുകയാണെങ്കിൽ പേരകുട്ടി മകന്റെ സ്ഥാനത്ത് വരും. ഭൂരിപക്ഷ മുസ്‌ലിം പണ്ഡിതന്മാരും ഇതിനോട് യോജിക്കുന്നു. അതുകൊണ്ട് പിതാവ് മരിച്ചതിനാൽ പിതാവിന്റെ അഭാവത്തിൽ പൗത്രന്ന് മകനായി അനന്തരാവകാശിയാവാം. പിതാവ് മരിച്ചതിനാൽ മുത്തഛന്റെ സ്വത്തിന്ന് പേരകുട്ടിക്ക് അവകാശം ലഭിക്കാതെ പോയ ഒരൊറ്റ സംഭവം പോലും ആധികാരികമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

**പ്രശ്നം:** ഒരാൾക്ക് ഒരു മകനും ഒരു മകളുമുണ്ട്. മകന്ന് മകളുടെ രണ്ടിരട്ടി അനന്തരാവകാശം ലഭിക്കും. മകൾക്ക് ഭർത്താവില്ല. തന്റെ കുട്ടികളുടെ രക്ഷിതാവായി അവർ മാത്രമാണുള്ളത്. അവരുടെ മാതാപിതാക്കന്മാരുടെ പിൻബലത്തിലാണ് അവർ ജീവിക്കുന്നത് മകനാകട്ടെ ധനികനും അവരെ നോക്കാത്ത ആളുമാണ്.

**പരിഹാരം:** തികച്ചും അന്യായമായ ഒരു അവസ്ഥയാണിത്. ഇവിടെ 3 ൽ 1 ഭാഗം തന്റെ പേരമക്കൾക്ക് ഒസിയത്ത് ചെയ്യാം. അങ്ങനെ ഈ അവസ്ഥക്ക് ഒരു പരി ഹാരം കാണാം.

## അയോഗ്യരായ ബന്ധുക്കൾ

സാധരണഗതിൽ താഴെക്കാണുന്ന പട്ടികയിലുള്ളവർ അനന്തരാവകാശത്തിന്ന് അർഹരായവരല്ല. അവരെ വസിയത്തിൽ ഇഷ്ടദാനത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

മകളുടെ മക്കൾ

സഹോദരിയുടെ മക്കൾ

സഹോദരന്റെ മക്കൾ

മാതാവിന്റെ സഹോദരന്മാർ

മാതാവിന്റെ സഹോദരികൾ

പിതാവിന്റെ സഹോദരിമാർ

മാതാവിന്റെ പിതാവ്

ഭാര്യയുടെ സ്വത്തിൽ അവകാശമുള്ള ഭർത്താവിന്റെ ബന്ധുത്വത്തിലുള്ള എല്ലാവരും

ഭർത്താവിന്റെ സ്വത്തിൽ അവകാശമുള്ള ഭാര്യടെ ബന്ധുത്വത്തിലുള്ള എല്ലാവരും.

തനിക്ക് പിറക്കാത്ത കുട്ടികൾ

രണ്ടാനഛന്റെ അമ്മക്കും പിറക്കാത്ത മക്കൾക്ക്

അനന്തരാവകാശികളല്ലാത്തദത്തെടുത്ത കുട്ടികൾ

അമുസ്‌ലിംകളായ ബന്ധുക്കൾ. അമുസ്‌ലിംകളായ മാതാപിതാക്കന്മാരും അമുസ്‌ലിംകളായ കുട്ടികളും ഇസ്‌ലാമിക നിയമത്തിൽ അനന്തരാവകാശികളായി വരില്ല. പാശ്ചാത്യ രാജ്യങ്ങളിൽ ജീവിക്കുന്ന നമുക്ക് ഇത് പലപ്പോഴും അഭിമുഖീകരിക്കുന്ന ഒരു പൊതു പ്രശ്നമാണ്. പല മുസ്‌ലിംകളും അമുസ്‌ലിംകളെ വിവാഹം കഴിക്കുന്നു. ***ഒരു മുസ്‌ലിമും അമുസ്‌ലിമിന്റെ സ്വത്തിൽ അനന്തരാവകാശമില്ല അതുപോലെ ഒരു അമുസ്‌ലിമിന്നും മുസ്‌ലിമിന്റെ സ്വത്തിൽ അനന്തരാവകാശമില്ല. (ബുഖാരി & മുസ്‌ലിം ബാബുൽ ഫറായിദ)***

ആദ്യഭാര്യ

നിയമ വിധേയമല്ലാതെ ഉണ്ടായ കുട്ടികൾ (വിവാഹബന്ധത്തിലല്ലാതെ ഗർഭിണി ആവുകയും പിറക്കുകയും ചെയ്ത കുട്ടികൾ)

ഒരു കൊലയാളി അയാളാൽ കൊല്ലപ്പെട്ടയാളുടെ അനന്തരാവകാശിയല്ല. (സുനൻ ഇബ്നു മാജ

വാല്യം 2 ബാബുൽ ഫറായിദ്)

മകന്റെ ദുസ്സ്വഭാവം കാരണം പിതാവ് അവനുമായി യാതൊരു ബന്ധവുമില്ല എന്ന് പ്രഖ്യാപിക്കുന്ന സമ്പ്രദായം ലോകത്തിലെ ചില ഭാഗങ്ങളിൽ നടന്നു വരുന്നു. പിതാവ് മകനെ തന്റെ അനന്തരാവകാശികളുടെ പട്ടികയിൽ നിന്നും പുറത്താക്കുകയും ചെയ്യും. ഇത് ഇസ്‌ലാം ഒരിക്കലും അംഗീകരിക്കുന്നില്ല. അനന്തരാവകാശികളെ നിശ്ചയിക്കുന്നത് സർവ്വശക്തനായ അല്ലാഹുവാണ്. അത്തരം ഒരു ഒസ്യത്ത് ചോദ്യം ചെയ്യപ്പെടാവുന്നതാണ്. അത് ഇസ്‌ലാമിക കുടുംബ നിയമപ്രകാരം സാധുവാകില്ല.

വസിയത്തിലോ ഇഷ്ടദാനത്തിലോ അനന്തരാവകാശികളിൽപ്പെട്ട ഒരാൾക്ക് മാത്രം അധികം നൽകാൻ പാടുള്ളതല്ല. ഉദാഹരണത്തിന്ന് ഒരു പിതാവിന്ന് നിർദ്ദിഷ്ട ഓഹരിയിൽ കൂടിയോ കുറഞ്ഞോ തന്റെ പുത്രനോ പുത്രിക്കോ നൽകാൻ പാടുള്ളതല്ല. (തിർമിദി, ബാബുൽ വസിയ്യത്ത്)

ഇതാണ് ഇസ്‌ലാമിലെ അനന്തരാവകാശ നിയമത്തിന്റെ ലളിതമായ രൂപം. മരണ സമയത്ത് ബന്ധുക്കൾക്കിടയിൽ കൂടുതൽ സങ്കീർണ്ണമായ അവസ്ഥകളും നിയമ പ്രശ്നങ്ങളുമുണ്ടകാം. അങ്ങനെ വന്നാൽ പരിഹാരവും കൂടുതൽ സങ്കീർണ്ണമാകും. ഏറ്റവും ലളിതമായി ഇസ്‌ലാമിക അനന്തരാവകാശം നിർണ്ണയിച്ചെടുക്കാൻ പറ്റിയ നിരവധി ഗണനക്രിയകൾ ലഭ്യമാണ്.

## കടങ്ങൾ

കടങ്ങൾ വാങ്ങുന്നത് ഇസ്‌ലാം നിരോധിക്കുന്നില്ല. ആവശ്യം വരുന്ന ഘട്ടത്തിൽ ഒരാൾക്ക് കടം വാങ്ങാവുന്നതാണ്. ഇസ്‌ലാം അതിന്റെ അനുയായികളോട് മിതവ്യയം ശീലിക്കാനാണ് ആവശ്യപ്പെടുന്നത്. ഉള്ളതിനനുസരിച്ച് ചിലവ് ചെയ്യാനും ആവശ്യപ്പെടുന്നു. ***'റസൂൽ തിരുമേനി പറഞ്ഞു: ഒരാൾ തിരിച്ചടക്കണമെന്ന ഉദ്ദേശത്തോടെ മറ്റൊരാളിൽ നിന്നും കടം വാങ്ങിയാൽ അല്ലാഹു അവനെ സഹായിക്കുന്നതാണ്. ഒരാൾ കടം വാങ്ങുകയും തിരിച്ചടക്കാതിരിക്കുകയും ചെയ്താൽ അല്ലാഹു അവനെയും പാഴ്‌വസ്തുവെ പ്പോലെയാക്കും.' (ബുഖാരി)***

***ഹദ്റത്ത് സൽമാൻ(റ) നിന്ന് നിവേദനം; ഒരിക്കൽ ഞങ്ങൾ പ്രവാചക സവിധത്തിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരു മയ്യത്ത് അവിടെ കൊണ്ടുവരപ്പെട്ടു. ആളുകൾ അവിടുത്തോട് മയ്യിത്ത് നമസ്ക്കാരത്തിന്ന് നേതൃത്വം നൽകാൻ അപേക്ഷിച്ചു. പ്രവാചകർ (സ) അവരോട് ചോദിച്ചു ഇദ്ദേഹം ആർക്കെങ്കിലും കടബാദ്ധ്യതകൾ ബാക്കിവെച്ചിട്ടുണ്ടോ? ആളുകൾ പറഞ്ഞു ഇല്ല. അദ്ദേഹം എന്തെങ്കിലും സ്വത്ത് ബാക്കി വെച്ചിട്ടുണ്ടോ? ഇല്ല. അപ്പോൾ റസൂൽ തിരുമേനി പറഞ്ഞു. എന്നാൽ മയ്യത്ത് നമസ്ക്കരിക്കാം. മറ്റൊരു മയ്യത്ത് അവിടുത്തെ മുമ്പിൽ കൊണ്ടുവരപ്പെടുകയും ആളുകൾ മയ്യത്ത് നമസ്ക്കാരത്തിന്നായി അവിടുത്തോട് അഭ്യർത്ഥിക്കുകയും ചെയ്തു. അവിടുന്ന് ചോദിച്ചു മരിച്ചയാൾക്ക് എന്തെങ്കിലും കടങ്ങളുണ്ടോ? ആളുകൾ പറഞ്ഞു. അതേ. റസൂൽ തിരുമേനി (സ) ചോദിച്ചു. ഇദ്ദേഹത്തിന്ന് എന്തെങ്കിലും സ്വത്ത് ബാക്കിയുണ്ടോ? ആളുകൾ പറഞ്ഞു അതേ. റസൂൽ തിരുമേനി മയ്യത്ത് നമസ്ക്കാരത്തിന്ന് നേതൃത്വം നൽകി. മൂന്നാമതൊരു മയ്യത്ത് അവിടെ കൊണ്ടുവരപ്പെട്ടു. ആളുകൾ മയ്യത്ത് നമസ്ക്കാരത്തിന്ന് നേതൃത്വം നൽകാൻ റസൂൽ തിരുമേനിയോട് അഭ്യർത്ഥിച്ചു. അവിടുന്ന് ചോദിച്ചു. ഇദ്ദേഹം എന്തെങ്കിലും സ്വത്ത് ബാക്കിവെച്ചിട്ടുണ്ടോ? ആളുകൾ പറഞ്ഞു . ഇല്ല. തുടർന്ന് അവിടുന്ന് ചോദിച്ചു ഇദ്ദേഹത്തിന്ന് എന്തെങ്കിലും കടങ്ങളുണ്ടോ? ആളുകൾ പറഞ്ഞു അതേ. റസൂൽ തിരുമേനി(സ) പറഞ്ഞു. നിങ്ങളുടെ കൂട്ടുകാരന്റെ ജനാസ നിങ്ങൾ തന്നെ നിർവ്വഹിക്കുക. അബൂഖത്വാദ പറഞ്ഞു: ഞാൻ അദ്ദേഹത്തിന്റെ കടബാദ്ധ്യത ഏറ്റെടുക്കുന്നു. അതിന്ന് ശേഷമാണ് റസൂൽ തിരുമേനി ജനാസ നിർവ്വഹിത് ' (ബുഖാരി, മുസ്‌ലിം)***

ഈ ഹദീസിൽ നിന്നും നമുക്ക് മനസ്സിലാവുന്നത് കടം കൊടുത്ത് വീട്ടുന്നതിന്ന് റസൂൽ തിരുമേനി വൻ പ്രാധാന്യമാണ് നൽകിയത്. ഒരാളുടെ കടം അയാളുടെ സ്വത്തിനേക്കാൾ കൂടിയതാണെങ്കിൽ റസൂൽ തിരുമേനി അയാളുടെ ജനാസ നമസ്ക്കാരത്തിന്ന് നേതൃത്വം നൽകിയിരുന്നില്ല.

ഇക്കാലത്ത് പണയവും കടം വാങ്ങലും സാധരണമാണ്. നാം നമുക്ക് ലഭിക്കുന്ന വരുമാനത്തിന്നുള്ളിൽ ഒതുങ്ങിനിന്ന് ജീവിക്കാൻ ശ്രമിക്കണം. മരണ സമയത്ത് എന്തെങ്കിലും സമ്പാദിച്ച് വെക്കുകയും വേണം. നമ്മുടെ കടബാദ്ധ്യതകൾ തീർക്കാൻ മാത്രമല്ല നമ്മുടെ അനന്തരാവകാശികൾക്ക് നൽകാനും കാരുണ്യ പ്രവർത്തനങ്ങൾക്ക് നൽകാനുമായി എന്തെങ്കിലും സ്വത്തുകൂടി സമ്പാദിക്കണം.

---

പേജ് 21 ൽ നിന്ന് തുടർച്ച

ച്ചും ദുരൂഹ മാർഗ്ഗത്തിലൂടെ വിഭജന പ്രമേയം പാസ്സാക്കുകയായിരുന്നു.

1947 നവംബർ 29 നാണ് ഫലസ്തീൻ വിഭജന പ്രമേയമുണ്ടാകുന്നത്. 1948 മെയ് 14 ന് ബ്രിട്ടീഷ് ഹൈക്കമ്മീഷണർ മാൻഡേറ്ററി ഭരണം അവസാനിപ്പിച്ച് ഫലസ്തീൻ വിട്ടുപോയതോടെയാണ് ഇസ്റയേൽ രാഷ്ട്രം രൂപീകൃതമായത്. ബ്രിട്ടനെ പോലെ കമ്മ്യൂണിസ്റ്റ് റഷ്യയും ഇസ്റയേൽ രൂപീകരണത്തിന്റെ പിന്നിൽ ശക്തമായി നിലകൊണ്ട രാഷ്ട്രമാണ്. വാസ്തവത്തിൽ റഷ്യയുടെ ശക്തമായ പിന്തുണയില്ലായിരുന്നുവെങ്കിൽ ഇസ്റയേലിന് ഇന്നത്തെ നിലയിലുള്ള നിലനിൽപ്പ് സാദ്ധ്യമല്ലായിരുന്നു. ഇസ്റയേലിന്റെ രൂപീകരണ പ്രഖ്യാപനത്തിന് ശേഷം 1947 മെയ് 17ന് ഏറ്റവും ആദ്യം ഇസ്റയേലിനെ അംഗീകരിച്ച രാജ്യവും സോവ്യറ്റ് യൂണിയനാണ്. (തുടരും)

# തേനീച്ചകൂട്: പ്രകൃതിയിലെ ശിൽപ്പ വിസ്മയം

മനുഷ്യനെ അമ്പരപ്പിക്കുന്ന തേനീച്ചകൂടിന്റെ സൃഷ്ടിയെ കുറിച്ചും അത്ഭുതകരമായ അതിന്റെ സംവിധാനത്തെ കുറിച്ചും വിവരിക്കുന്ന ലേഖനം.
വിവ: കെവി ഹസ്സൻ കോയ

**മൂസാ സത്താർ, ലണ്ടൻ യു. കെ**

പ്രകൃതിയിൽ കണ്ടുവരുന്ന ഏറ്റവും ആകർഷണീയമായ ഘടനകളിൽ ഒന്നാണ് തേനീച്ച കൂട്. ഈ ഷഡ്ഭുജകോണാകൃതിയുള്ള ഘടനകൾ തേനീച്ചകൾ സൃഷ്ടിക്കുന്നതാണ്. അത് അതിന്റെ അസ്ഥിവാരമായി വർത്തിക്കുന്നു. സങ്കീർണ്ണമായ തേനീച്ചകൂടിന്റെ രൂപരേഖ നൂറ്റാണ്ടുകളായി പഠന വിധേയമാക്കപ്പെട്ടിട്ടുണ്ട്. ശാസ്ത്രജ്ഞന്മാരെയും എൻഞ്ചിനീയർമാരെയും ഒരു പോലെ ഇത് അത്ഭുതപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

തേനീച്ചകൂടിന്റെ ഷഡ്ഭുജകോൺ രൂപം അവിശ്വസനീയമാം വിധം പ്രവർത്തന ശേഷിയുള്ളതാണ്. ഏറ്റവും കുറച്ച് സ്ഥലം വിനിയോഗിച്ചുകൊണ്ട് ഏറ്റവും കുറഞ്ഞ പദാർത്ഥമാണ് തേനീച്ചകൾ ഉപയോഗിക്കുന്നത്. ഷ്ഡഭുജാകൃതിയിലുള്ള ഇതിന്റെ രൂപം ശക്തവും സ്ഥൈര്യമുള്ളതുമായ ഒരു ഘടനയാണ് പ്രദാനം ചെയ്യുന്നത്. അതിൽ തേനിന്റെ ഭാരം താങ്ങിനിർത്തുന്നു. കൂടാതെ തേനീച്ചകളെ തന്നെയും താങ്ങിനിർത്തുന്നു. ഓരോ അറയുടെയും ചുമരുകൾ അവിശ്വസനീയമാം വിധം നേരിയതാണ്. തേനീച്ചകളെ സംബന്ധിച്ചേടത്തോളം ഈ കാര്യപ്രാപ്തി നിർണ്ണായകമാണ്. ഭക്ഷണം ദുർലഭമായി ലഭിക്കുന്ന ശിശിരകാലത്തേക്ക് ഉപയോഗിക്കാൻ സാധ്യമായേടത്തോളം തേൻ സംഭരിക്കാൻ തേനീച്ചകൾക്ക് സാധിക്കും. തേനീച്ചകൂടിന്റെ ഘടന സമതുലനാവസ്ഥയുടെ ഏറ്റവും ശ്രേഷ്ഠ മാതൃകയാണ്. ഒരോ ഷഡ്ഭുജവും വലുപ്പത്തിലും രൂപത്തിലും ഒരുപോലെയാണ്. സമഗ്രമായ രീതിയിൽ ഷഡ്ഭുജം സൃഷ്ടിക്കുന്നതിന് തേനീച്ചകൾക്ക് അതിൽ അന്തർലീനമായ ആന്തരികമായ കഴിവുകളുണ്ട്. അതിന് അവർക്ക് ഉപകരണങ്ങളുടെ ആവശ്യമില്ല. ഏറ്റവും ചുരുങ്ങിയ സ്ഥലത്ത് ഏറ്റവും അധികം തേൻ സംഭരിക്കാൻ പ്രതിസമത ഒരു ഘടകമാണ്. തേനീച്ചകൂടിന്റെ ഘടന അവിശ്വസനീയമാം വിധം പ്രവർത്തന വൈവിധ്യമുള്ളതാണ്. അധിക സ്ഥലം, നല്ല ഘടനാപരമായ സ്ഥിരത, ഉന്നതമായ സാങ്കേതിക ബലം, കുറഞ്ഞ സാന്ദ്രത, കൂടിന്നുള്ളിലെ ആർദ്രതയുടെ ഏറ്റക്കുറച്ചിലുകളുടെ ക്രമീകരണം, താപവും ശബ്ദവും നിയന്ത്രിക്കാനുള്ള സംവിധാനം തുടങ്ങി വിവിധ പ്രവർത്തനങ്ങളാണ് തേനീച്ച കൂടിൽ നടക്കുന്നത്.

അതിലുപരി ഒരു കാലിയായ തേനീച്ച കൂടിന് ഒരു എ 4 കടലാസിന്റെ തൂക്കമേയുള്ളൂ. എന്നാൽ തേനും പരാഗവും കൂടി ചേർന്നാൽ അതിന്റെ തൂക്കം നിരവധി കിലോ ഗ്രാമുകൾ ഉണ്ടാവും. പ്രാധാന്യമർഹിക്കുന്ന കാര്യം എന്തെന്നാൽ പ്രത്യക്ഷത്തിൽ മെഴുകുപോലെ മൃദുലമായ സാധനം ശക്തവും ബലവത്തായതുമായ ഘടനകൾ സൃഷ്ടിക്കുന്നു എന്നതാണ്.

തേനീച്ചകൂടിന്റെ കുറ്റമറ്റ രൂപരേഖ എഞ്ചിനീയർമാരേയും വാസ്തു ശിൽപ്പികളേയും തങ്ങളുടെ ഘടനകളെ കഴിവുറ്റതും ശക്തവുമാക്കാൻ പ്രേരിപ്പിച്ചിട്ടുണ്ട്. ഉദാഹരണമായി തേനീച്ചക്കൂടിന്റെ ഷഡ്ഭുജരൂപം വിമാനത്തിന്റെ ഭാഗങ്ങളുടെ രൂപരേഖയും വൈദ്യുദോൽപ്പാദന യന്ത്രത്തിന്റെ നിർമ്മിതിയേയും സഹായിച്ചിട്ടുണ്ട്. തേനീച്ചകൂടിന്റെ ഘടനയിൽ പ്രചോദിതരായി വിവിധ മേഖലകളിൽ അതു പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ വാഹന ഗതാഗതം മെക്കാനിക്കൽ-കെമിക്കൽ എഞ്ചിനീയറിംങ് നാനോ ഫാബ്രിക്കേഷൻ ബയോമെഡിസിൻ എന്നിവയുൾപ്പെടുന്നു. രസകരമെന്നു പറയട്ടെ തേനീച്ചകൂടിന്റെ ഘടന തേനീച്ചകളിൽ മാത്രമല്ല മറ്റു പ്രകൃതിപരമായ ഘടനകളിലും കണ്ടുവരുന്നു. ആമ, മത്സ്യം മുതലായവയുടെ എല്ലുകൾക്കും തേനീച്ചകൂടുപോലെയുള്ള ഘടനകളാണുള്ളത്. അത് ശക്തിയും അയവും നൽകുന്നു. ഓണത്തുമ്പികളുടെയും ചില പക്ഷികളുടെയും ചിറകുകൾ അതുപോലെയുള്ള ഘടനയിലാണ്. അതുകാരണം അവയ്ക്കും ഏറ്റവും

**ശേഷം പേജ് 38 ൽ**

ഭാഗം – 43

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ഖുർആൻ ക്ലാസ്സിന്റെ മാഹാത്മ്യം

ഹദ്റത്ത് മലിക്ക് ഗുലാം ഫരീദ് സാഹിബ് എം എ (റ) നിവേദനം ചെയ്യുകയാണ്. 1912 മാർച്ച് 10-ാം തിയ്യതി ഞാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ ഖുർആൻ ദറസിൽ ഇരിക്കുകയായിരുന്നു. ഞാൻ വിവരിക്കാൻ ഉദ്ദേശിക്കുന്ന സംഭവം ജമാഅത്തിന്റെ പ്രസിദ്ധീകരണങ്ങളിൽ ഇതുവരേയും വിവരിക്കപ്പെട്ടു കണ്ടില്ല. അതു ജമാഅത്തിന്റെ ചരിത്രത്തിൽ രേഖപ്പെടുത്തേണ്ട സംഭവമാണെന്നു കരുതിയാണു ഇപ്പോൾ ഇതു വിവരിക്കുന്നത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ തന്റെ ഖുർആൻ ദറസിന്നിടയിൽ പലപ്പോഴും പല മഹാന്മാരുടേയും ദൈവദാസന്മാരുടെയും വലിമാരുടേയും ഈമാൻ വർദ്ധിതങ്ങളായ ജീവിത കഥകളും സംഭവങ്ങളും കേൾപിക്കാറുണ്ടായിരുന്നു. ഒരിക്കൽ ഹദ്റത്ത് ശാഹ് വലിയുല്ലാഹ് സാഹിബ് മുഹദ്ദിസ് ദഹ്‌ലവിയുടെ പിതാവ് ശാഹ് അബ്ദുർ റഹീം സാഹിബിന്റെ അല്ലാഹുമായുള്ള ബന്ധത്തെ കുറിച്ചു സംസാരിച്ചു കൊണ്ട് പറഞ്ഞു ഒരിക്കൽ ശാഹ് സാഹിബ് തന്റെ ശിഷ്യരോടൊപ്പം പള്ളിയിൽ ഇരിക്കുകയായിരുന്നു. അസർ നമസ്ക്കാരത്തിനുള്ള സമയം ആകുന്നതേയുള്ളു. ആ അവസരത്തിൽ, ഈ മജ്‌ലിസിലുള്ളവർ നിനയ്ക്കു പിന്നിൽ ഇന്നു അസർ നമസ്ക്കരിക്കുകയാണെങ്കിൽ എല്ലാവരും തന്നെ ജന്നത്തി (സ്വർഗസ്ഥർ) കളായിരിക്കുമെന്നു അല്ലാഹുവിൽ നിന്നു അദ്ദേഹത്തിനു ദിവ്യവെളിപാടുണ്ടായി. ശാഹ് സാഹിബ് ഉടൻ തന്നെ തന്റെ മജ്‌ലിസിൽ എത്ര പേരുണ്ടെന്നറിയുവാനായി തന്റെ ഒരു ശിഷ്യനോടു എണ്ണമെടുക്കാൻ ആവശ്യപ്പെട്ടു. എണ്ണമെടുത്തു. മജ്‌ലിസിലുണ്ടായിരുന്നവരിൽ ഒരാളെ ശാഹ് സാഹിബ് എന്തോ കാരണത്താൽ ഇഷ്ടപ്പെട്ടിരുന്നില്ല. എന്നിരുന്നാലും നമസ്ക്കാരം ആരംഭിച്ചപ്പോൾ അയാളും നമസ്ക്കാരത്തിനായി സ്വഫിലുണ്ടായിരുന്നു. നമസ്ക്കാരം പൂർത്തിയായ ശേഷം നോക്കിയപ്പോൾ അയാളെ പുറകിൽ കണ്ടില്ല. ശാഹ് സാഹിബ് വീണ്ടും എണ്ണമെടുക്കാൻ പറഞ്ഞു. എണ്ണമെടുത്തപ്പോൾ ആദ്യം ഉണ്ടായിരുന്ന അതേ എണ്ണം തന്നെ ഉള്ളതായി കണ്ടു. അപ്പോഴാണു അപരിചിതനായ ഒരാൾ സ്വഫിൽ ഇരിക്കുന്നതായി കണ്ടത്. നമസ്ക്കാരത്തിനു മുമ്പ് എണ്ണമെടുത്തപ്പോൾ അയാൾ ഉണ്ടായിരുന്നില്ല. അദ്ദേഹത്തോടു ചോദിച്ചു സഹോദരാ, നിങ്ങൾ ആരാണു ഇവിടെ എങ്ങനെ എത്തി?

അയാൾ പറഞ്ഞു ഞാനൊരു യാത്രക്കാരനാണ്. ഇതു വഴി നടന്നു പോകുമ്പോൾ നമസ്ക്കാരം നടക്കുന്നതായി കണ്ടു. എനിക്കു വുസു ഉണ്ടായിരുന്നു. അതിനാൽ ഞാൻ വേഗം നമസ്ക്കാരത്തിൽ പങ്കു ചേർന്നു. ഈ സംസാരം നടക്കുന്നതിനിടയിൽ ആദ്യ എണ്ണത്തിൽ ഉൾപ്പെട്ടിരുന്ന ശാഹ് സാഹിബിനു ഇഷ്ടക്കുറവുള്ള വ്യക്തി പുറത്തു നിന്നു അകത്തേയ്ക്കു വന്നു. അയാളോടു ചോദിച്ചു നിങ്ങളെവിടെയായിരുന്നു. അയാൾ പറഞ്ഞു നമസ്ക്കാരം ആരംഭിച്ചപ്പോൾ മലവിസർജനത്തിനായി എനിക്കു പുറത്തു പോകേണ്ടി വന്നു. തിരിച്ചു വരുമ്പോഴേയ്ക്കും നമസ്ക്കാരം പൂർത്തിയായിരുന്നു.

ഈ സംഭവം വിവരിച്ചു കഴിഞ്ഞ ഉടനെ ഈ മജ്‌ലിസിലുള്ളവർക്കു വേണ്ടി നീ ദുആ ചെയ്യുകയാണെങ്കിൽ എല്ലാവരും തന്നെ ജന്നത്തി (സ്വർഗസ്ഥർ) കളായിരിക്കുമെന്നു അല്ലാഹു

എന്നെ കശ്ഫിലൂടെ അറിയിച്ചിരിക്കുന്നുവെന്നും അതിനാൽ ആരും തന്നെ പുറത്തു പോകരുതെന്നും ഞാൻ ഇപ്പോൾ ദുആ ചെയ്യുമെന്നും എല്ലാവരും അതിൽ പങ്കെടുക്കേണ്ടതാണെന്നും ഹുദൂർ പറയുകയുണ്ടായി. ആ മജ്ലിസിൽ അധികം പേർ ഉണ്ടായിരുന്നില്ല. ദറസ് നടക്കുന്ന മുറിയും ചെറുതായിരുന്നു. ആ മജ്ലിസിൽ ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ മകൻ ഹദ്റത്ത് സാഹിബ് സാദാ മിർസാ ശരീഫ് അഹ്മദ് സാഹിബും ഉണ്ടായിരുന്നു. അദ്ദേഹം കുറച്ചു നേരമായി മൂത്രമൊഴിക്കാനായി പുറത്തു പോകാൻ ആഗ്രഹിച്ചു കൊണ്ടിരിക്കുകയായിരുന്നു. ഹുദൂറിന്റെ ആദ്യ വിവരണം പൂർത്തിയാകുന്നതിനായി കാത്തിരിക്കുകയായിരുന്നു. അങ്ങനെ അദ്ദേഹം പുറത്തു പോയപ്പോൾ ഹുദൂർ വളരെ ആശങ്കാകുലനാവുകയും മിയാ സാഹിബിനെ പെട്ടെന്നു തിരിച്ചു കൊണ്ടുവരുന്നതിനായി ഒരാളെ മിയാ സാഹിബിന്റെ പുറകിൽ അയക്കുകയും ചെയ്തു. താമസിയാതെ മിയാ സാഹിബ് തിരിച്ചെത്തി. പിന്നീട് ഹുദൂർ ദുആ ആരംഭിക്കുകയും ചെയ്തു. ദുആയ്ക്കു ശേഷം എല്ലാവരും അല്ലാഹു നൽകിയ ഈ അനുഗ്രത്തിൽ സന്തോഷിക്കുകയും പരസ്പരം ആലിംഗനം ചെയ്ത് ആശംസകൾ (മുബാറക് ബാദി) അർപ്പിക്കുകയുമുണ്ടായി.

## ദറസുൽ ഖുർആനിലെ മറ്റൊരു അസാധാരണ സംഭവം

ഖുറൈശി അബ്ദുൽ മജീദ് സാഹിബ് ഗുജ്റാത്തി നിവേദനം ചെയ്യുകയാണു ഒരിക്കൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ ലാഹോറിൽ വന്നപ്പോൾ സാധാരണ പോലെ ഖുർആൻ ദറസുകൾ ആരംഭിച്ചു. ആ ക്ലാസ്സിൽ എന്റെ പിതാവും അദ്ദേഹത്തിന്റെ സ്നേഹിതൻ മിയാ മുഹമ്മദ്ഖാൻ സാഹിബും പതിവായി പങ്കെടുക്കാറുണ്ടായിരുന്നു. ഏതാനും ദിവസങ്ങൾക്കു ശേഷം രണ്ടു പേരും അതിശയത്തോടെ പരസ്പരം പറഞ്ഞു എന്താണെന്നറിഞ്ഞില്ല ഇത്രയും ദിവസങ്ങൾക്കിടയിൽ മൗലവി സാഹിബ് ഒരു പ്രാവശ്യം പോലും മസീഹ് മൗഊദി (അ) നെ കുറിച്ചു ഒന്നും പറയുന്നത് കേട്ടില്ലല്ലോ. അടുത്തദിവസത്തെ ഖുർആൻ ക്ലാസ്സിൽ മിയാ മുഹമ്മദ് ഖാൻ സാഹിബ് നേരത്തെ എത്തിയിട്ടുണ്ടായിരുന്നു. ഖുറൈശി സാഹിബ് പിന്നീടാണു വന്നത്. ക്ലാസ്സിന്നിടയിൽ ഹുദൂർ പറഞ്ഞു

ഭേരയിൽ നൂറുദ്ദീന്റെ ഏതാനും കെട്ടിടങ്ങളുണ്ടായിരുന്നു. അതുപോലെ ഭൂമിയും. ഇപ്പോൾ ആ കെട്ടിടങ്ങൾ ആരുടെ പക്കലാണുള്ളതെന്നോ അവ ഇപ്പോഴും പഴയതു പോലെ നിലനിൽപ്പുണ്ടോ അതല്ല തകർന്നടിഞ്ഞു പോയോ, ഭൂമി ആരാണു ഉപയോഗിക്കുന്നതെന്നോ നൂറുദ്ദീനു അറിയില്ല. ഒരു രാത്രി അതെല്ലാം ഉപേക്ഷിച്ചു ഇവിടെ ഖാദിയാനിൽ താമസിക്കാൻ മിർസാ സാഹിബ് കൽപിച്ചപ്പോൾ പിന്നെ ആ ഭാഗത്തേയ്ക്കു തിരിഞ്ഞു നോക്കിയിട്ടില്ല. എന്നിട്ടും മിർസാസാഹിബിനെ കുറിച്ചു ദറസിന്നിടയിൽ ഒന്നും പരാമർശിച്ചു കണ്ടില്ല അല്ലെങ്കിൽ പറയുന്നില്ല എന്നുപറയുന്നത് തെറ്റല്ലേ? അല്ലെങ്കിൽ തെറ്റിദ്ധാരണാപരമല്ലേ? എനിക്കാണെങ്കിൽ എല്ലാം മിർസാ സാഹിബ് മാത്രമാണ് മറ്റൊന്നുമില്ല. അന്നത്തെ ക്ലാസ്സിൽ താമസിച്ചെത്തിയ ഖുറൈശി സാഹിബ് വിചാരിച്ചു ഈ കാര്യം ഞാനും മിയാ മുഹമ്മദ് ഖാൻ സാഹിബും തലേദിവസം ചർച്ച ചെയ്ത കാര്യമാണല്ലോ. മൂന്നാമതൊരാൾക്കു ആ കാര്യത്തെ കുറിച്ചു ഒരു വിവരവുമില്ല. അതുകൊണ്ട് മിയാ മുഹമ്മദ് ഖാൻ സാഹിബ് ഹുദൂറുമായി ഇതേകുറിച്ചു എന്തെങ്കിലും സംസാരിച്ചിട്ടുണ്ടാകാം. അതുകൊണ്ടായിരിക്കാം ഹുദൂർ വ്യഗ്യമായി ആ കാര്യം ഇപ്പോൾ സൂചിപ്പിച്ചിട്ടുള്ളത്. ക്ലാസ്സിനു ശേഷം ഖുറൈശി സാഹിബ് ഖാൻ സാഹിബിനോടു ചോദിച്ചപ്പോഴാണു ആ കാര്യം അദ്ദേഹം ഹുദൂറിനോടെന്നല്ല ആരോടും പറയുകയോ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ലെന്നു മനസ്സിലായത്. അവർ അത്തരത്തിൽ സംശയം പ്രകടിപ്പിച്ചതിൽ വിഷമമുണ്ടായെങ്കിലും ഹദ്റത്ത് ഖലീഫത്തുൽ മസീഹിനു പിന്നെ ആരാണു ആ വിവരം നൽകിയതെന്നോർത്തു ആശ്ചര്യപ്പെട്ടു. അല്ലാഹുവല്ലാതെ മറ്റാരാണ്?

## ഹുദൂറിന്റെ അഞ്ചാമത്തെ കുട്ടിയുടെ ജനനവും മരണവും

1913 നവംബർ 18-ാം തിയ്യതി ഹദ്റത്ത് ഖലീഫത്തുൽ മസീഹിനു അഞ്ചാമത്തെ മകൻ പിറന്നു. അവനു ഹുദൂർ അബ്ദുല്ലാഹ് എന്നു പേരിട്ടു. കുതിരപ്പുറത്തു നിന്നും വീണു രോഗിയായി കിടപ്പിലായ അവസരത്തിൽ ഹുദൂർ ഒരിക്കൽ തന്റെ കീശയിൽ ആരോ ഒരു രൂപ ഇട്ടതായി സ്വപ്നം കണ്ടിരുന്നു. അതിന്റെ അർഥം തനിക്കു ഒരു മകൻ ജനിക്കുമെന്നു ഹുദൂർ മനസ്സിലാക്കിയിരുന്നു. എന്നാൽ ഹുദൂറിന്റെ ഏറ്റവും ചെറിയ കുട്ടിയായ ഈ മകൻ ആറു മാസങ്ങൾക്കു ശേഷം 1914 ജൂൺ 9-ാം തിയ്യതി മരണമടഞ്ഞു

## അക്രമിയോടുള്ള അനുകമ്പയും സഹാനുഭൂതിയും

ജനാബ് ശേഖ് അബ്ദുൽ ലത്തീഫ് നിവേദനം ചെയ്യുന്നു. തഅ്ലീമുൽ ഇസ്ലാം ഹൈസ്ക്കൂളിൽ വിദ്യാർഥിയായിരുന്ന ഒരു സിക്ക് യുവാവ് ഒരിക്കൽ തഹജ്ജുദ് നേരത്തു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനെ വധിക്കുവാനായി ഹുദൂറിന്റെ വീട്ടിൽ നുഴഞ്ഞു കയറി. അപ്പോൾ ഹുദൂർ നമസ്ക്കരിക്കുകയായിരുന്നു. അസമയത്തു ഒരാളെ വീട്ടിനകത്തു കണ്ട ഉടനെ ഹുദൂർ നമസ്ക്കാരം വേഗം പൂർത്തിയാക്കി. ആ നാളുകളിൽ ഖാദിയാനിലെ ഭൂരിഭാഗം ആളുകളും മസ്ജിദ് മുബാറക്കിൽ പോയി തഹജ്ജുദ് നമസ്ക്കരിക്കാറുണ്ടായി

രുന്നു. അതിനാൽ ആ സമയത്തു ചുറ്റുപാടുകളിൽ ആളുകളുണ്ടായിരുന്നു. ഹുദൂർ അവനോടു ചോദിച്ചു നീ ആരാണ്. വീട്ടിനകത്തെന്തിനാണു പ്രവേശിച്ചത്. ഒന്നും പറയാതെ അവൻ വേഗം പുറത്തേക്കിറങ്ങി. അപ്പോഴാണു അവന്റെ കൈയിൽ കഠാര കണ്ടത്. സംസാരം കേട്ടു ആ വഴി പോയിക്കൊണ്ടിരുന്ന ചിലർ എത്തി. അന്നവിടെ ഹവാൽദാർ ശേഖ് ഹാകിം അലി സാഹിബായിരുന്നു ഡ്യൂട്ടിയിലുണ്ടായിരുന്നത്.

അദ്ദേഹം വന്നു അവനെ പിടികൂടി. ബട്ടാല പോലീസിൽ ഏൽപിച്ചു. കേസ്സായി. ഡി.എസ്.പി ഗുലാം റസൂൽ അന്വേഷണത്തിനായി ഖാദിയാനിൽ വന്നു. കേസ്സ് കോടതിയിലെത്തി. അവിടെ വിചാരണ നടന്നു. അവസാനം കോടതിയവനെ മൂന്നു കൊല്ലത്തേയ്ക്കു ശിക്ഷിച്ചു. ശിക്ഷാ കാലാവധിക്കു ശേഷം അവൻ മോചിതനായി. ശേഖ് അബ്ദുൽ ലത്തീഫ് സാഹിബ് തുടർന്നു പറയുകയാണു അവൻ ജയിൽ മോചിതനായി ഒരു അഞ്ചാറു മാസമായിക്കാണും ഒരിക്കൽ ഞാൻ ഹുദൂറിന്റെ അടുക്കൽ ചെന്നപ്പോൾ അവനുണ്ട് ഹുദൂറിന്റെ അടുക്കൽ ഇരുന്നു അവന്റെ ജോലിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നു. എനിക്കതു കണ്ട് ദേഷ്യം സഹിക്കാനായില്ല. പക്ഷേ, ഹുദൂറിനോട് എന്തു പറയും എങ്ങനെ പറയും. അതിനാൽ അദ്ദേഹം പറയുകയാണു ഞാനൊരു കുറിപ്പെഴുതി ഹുദൂറിനു കൊടുത്തയച്ചു. ഹുദൂർ എന്തായിത്, കൊല്ലാൻ വന്നവനെ അരികിലിരുത്തിയാണോ ചർച്ച. ഹുദൂർ ചിരിച്ചു. എന്നിട്ടു എന്നെ വിളിച്ചു കൊണ്ട് പറഞ്ഞു അവൻ എന്റെ മേൽ വിശ്വാസമർപ്പിച്ചു കൊണ്ട് അഭിപ്രായമാരാഞ്ഞാൽ ഞാനവനു ശരിയായ ഉപദേശം നൽകേണ്ടതല്ലേ? അതല്ലെ നമ്മൾ ചെയ്യേണ്ടത്.

## അൽഫസ്ൽ പത്രവും ജമാഅത്തും

ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് വിവിധ ഉദ്ദേശങ്ങളെ മുൻനിർത്തി ജമാഅത്തിനു കീഴിൽ ഒരു പത്രം ആരംഭിക്കുന്ന കാര്യം കുറച്ചു നാളുകളായി ചിന്തിച്ചു കൊണ്ടിരിക്കുകയായിരുന്നു. അതിനായി സാഹിബ് സാദാ സാഹിബ് ഇസ്തിഖാറയും ചെയ്തു കൊണ്ടിരുന്നു ഇസ്തിഖാറയ്ക്കു ശേഷം ഈ കാര്യത്തിൽ മുന്നോട്ടു പോകാമെന്നു മനസ്സിലായപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ സന്നിധിയിൽ അനുവാദത്തിനായി അപേക്ഷിച്ചു. ഹുദൂർ അനുവാദം നൽകിയെന്നു മാത്രമല്ല ആ പത്രത്തിനു അൽഫസ്ൽ എന്നു നാമകരണവും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 1913 ജൂൺ 19-ാം തിയ്യതി ആ പത്രം പുറത്തിറങ്ങി. ഈ പത്രം ആരംഭിക്കാനുണ്ടായ കാരണങ്ങളും ഉദ്ദേശ്യ ലക്ഷ്യങ്ങളും ആദ്യ ലക്കത്തിൽ തന്നെ സാഹിബ് സാദാ സാഹിബ് വിവരിച്ചിട്ടുണ്ടായിരുന്നു.

സഹോദരന്മാരുടെ മതപരമായ അറിവ് വർദ്ധിപ്പിക്കുക, അഹ്മദിയുടെ ഉത്തരവാദിത്വങ്ങളെ കുറിച്ചു അവരെ ഓർമപ്പെടുത്തുക, ജമാഅത്തിന്നെതിരിൽ പ്രചരിച്ചു കൊണ്ടിരിക്കുന്ന തെറ്റിദ്ധാരണകൾക്കും അപവാദങ്ങൾക്കും മറുപടി നൽകുക, ജമാഅത്തിന്റെ തബ്ലീഗ് പ്രവർത്തനങ്ങളെ ഊർജിതപ്പെടുത്തുക, നാട്ടിൽ നടമാടിക്കൊണ്ടിരിക്കുന്ന ദുരാചാരങ്ങൾക്കും ദുർവ്യയത്തിനും എതിരിൽ സഹോദരന്മാരെ ബോധവാന്മാരാക്കുക, സഹോദരന്മാർ പരസ്പരം പരിചിതരാവുക, സാമൂഹ്യവും മതപരവും രാഷ്ട്രീയപരവുമായ കാര്യങ്ങളെ കുറിച്ചു സഹോദരന്മാർക്കു അറിവു പകരുക, റസൂൽ കരീമി (സ) ന്റേയും സഹാബാക്കളുടേയും ചരിത്രം പഠിപ്പിക്കുക തുടങ്ങി വിവിധ ഉദ്ദേശ്യ ലക്ഷ്യങ്ങളെ മുൻനിർത്തിയാണു അൽഫസ്ൽ പത്രം ആരഭിച്ചത്. ഇതിന്റെ ആവശ്യത്തിലേക്കായി പണത്തിന്റെ വലിയ ഭാഗം സാഹിബ് സാദാ സാഹിബ് തന്റെ കുടുബാംഗങ്ങളിൽ നിന്നു തന്നേയാണു സ്വരൂപിച്ചത്. തന്റെ ഭാര്യ ഉമ്മു നാസിർ സാഹിബയും മാതാവ് ഹദ്റത്ത് അമ്മാജാനും സഹോദരി ഭർത്താവ് ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബും ആഭരണങ്ങളും ഭൂമിയും മറ്റും വിറ്റാണു ഇതിനു വേണ്ടി പണം നൽകിയത്.

## പൈഗാമെ സുൽഹ് പത്രത്തിന്റെ തനി നിറം

അഞ്ചുമനിലെ മെമ്പർമാരായ ലാഹോറിലെ പ്രധാനികൾ ഖാദിയാനിൽ അവരുടെ കുതന്ത്രങ്ങൾ വേണ്ടവിധം ഫലപ്രദമാകുന്നില്ലെന്നു കണ്ടപ്പോൾ പൈഗാമെ സുൽഹ് സൊസൈറ്റി ലിമിറ്റഡ് ലാഹോർ എന്ന പേരിൽ ഒരു സൊസൈറ്റിക്കു രൂപം നൽകുകയുണ്ടായി. ഈ സൊസൈറ്റിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളായി അവർ പറഞ്ഞത് പ്രധാനമായും മൂന്നു കാര്യങ്ങളായിരുന്നു. ഒന്നു. ഇസ്‌ലാമിക പ്രചാരണം രണ്ട്. രാജ്യത്തു സമാധാനവും ശാന്തിയും നിലനിർത്തുക, മൂന്നാമത്തേത് സൊസൈറ്റിക്കു കീഴിൽ ഒരു പത്രം ആരംഭിക്കുക. അതിന്റെ അടിസ്ഥാനത്തിൽ അൽഫസ്ൽ പത്രം പ്രസിദ്ധീകരിച്ചു ഒരു മാസമാകുമ്പോഴേക്കും 1913 ജൂലായ് 10-ാം തിയ്യതി "പൈഗാമെ സുൽഹ്" എന്ന പേരിൽ ലാഹോറിൽ നിന്നും ഒരു പത്രം പ്രസിദ്ധീകരിക്കാൻ തുടങ്ങി. ആരംഭത്തിൽ ഈ പത്രം ആഴ്ചയിൽ മൂന്നു ദിവസമായിരുന്നു പ്രസിദ്ധീകരിച്ചിരുന്നത്.

പൈഗാമെ സുൽഹ് പത്രത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ അതിനു ചുക്കാൻ പിടിക്കുന്നവർ എന്തു പറഞ്ഞാലും ആ പത്രത്തിനു രണ്ട് പ്രധാന ഗൂഢ ലക്ഷ്യങ്ങളായിരുന്നു ഉണ്ടായിരുന്നത്. ഒന്നു ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കുടുംബത്തിൽ പെട്ടവരെ പ്രധാനമായും സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിന്നെതിരിൽ ആരോപണങ്ങൾ കെട്ടിച്ചമയ്ക്കുക. മറ്റൊന്നു ഖ്വാജാ കമാലുദ്ദീൻ സാഹിബിന്റെ പ്രവർത്തനങ്ങളെ വാനോളം പുക

ഴ്ത്തിക്കൊണ്ട് ജനങ്ങൾക്കിടയിൽ അദ്ദേഹത്തിനു ജനസമ്മതിയും സ്വീകാര്യതയും ഉണ്ടാക്കുക. അവർ എഴുതുകയാണ്. ജമാഅത്തെ അഹ്മദിയ്യ ആന്തരികമായി പല തരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങളും അന്ത:ഛിദ്രതയും നേരിട്ടു കൊണ്ടിരിക്കുന്ന അവസരത്തിലാണു പൈഗാമെ സുൽഹ് പത്രം ആരംഭിക്കുന്നത്.

പത്രം പറയുകയാണ് ഖാദിയാനിൽ മിയാ മഹ്മൂദ് സാഹിബും അദ്ദേഹത്തിന്റെ കുടുംബത്തിലെ മറ്റുള്ളവരും പ്രത്യേകിച്ചു അദ്ദേഹത്തിന്റെ മാതാമഹൻ മീർ നാസിർ നവാബ് സാഹിബ് ലാഹോറിലെ പരിശുദ്ധരും സാത്വികരുമായവർക്കെതിരിൽ പലതരത്തിലുള്ള കിംവദന്തികളും അടക്കം പറച്ചിലും കൊണ്ട് അവരെ അപമാനിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ സമയം ഖാദിയാനിൽ നിന്നും പ്രസിദ്ധീകരിക്കുന്ന അൽ ഹക്കം, ബദർ എന്നീ പത്രങ്ങൾ മിയാ മഹ്മൂദ് സാഹിബിന്റെ നിയന്ത്രണത്തിലും പ്രഭാവത്തിലുമായിരുന്നു ഉണ്ടായിരുന്നത്. ആ ദിനങ്ങളിൽ ബഹുമാനപ്പെട്ട ഖ്വാജാ കമാലുദ്ദീൻ സാഹിബിന്റെ ശ്രമഫലമായി പാശ്ചാത്യ രാജ്യങ്ങളിൽ ഇസ്‌ലാമിന്റെ സൂര്യൻ ഉദിച്ചു തുടങ്ങിയിരുന്നു. ഇതൊക്കെ പരിഗണിച്ചും ആവശ്യങ്ങൾ കണക്കിലെടുത്തുമാണു പൈഗാമെ സുൽഹ് പത്രം ആരംഭിച്ചത്.

എന്നാൽ പൈഗാമെ സുൽഹ് നടത്തുന്ന കപട വിശ്വാസത്തിലധിഷ്ഠിതമായ ജമാഅത്തു വിരുദ്ധ പ്രവർത്തനങ്ങൾ കാരണം വരിസംഖ്യ മുഴുവൻ അടച്ചതായിരുന്നുവെങ്കിലും ഹുദൂർ സഹികെട്ട് ആ പത്രം തന്റെ പേരിൽ അയക്കരുതെന്നു പത്ര നടത്തിപ്പുകാരെ അറിയിച്ചു. മസീഹ് മൗഊദിന്റെ കുടുംബത്തിൽപെട്ടവരെ പ്രത്യേകിച്ചു മിയാ മഹ്മൂദ് സാഹിബിനേയും ഹദ്റത്ത് നാസിർ നവാബ് സാഹിബിനേയും ഖലീഫത്തുൽ മസീഹിനേയും പരോക്ഷമായി ആക്ഷേപിക്കുന്നതിനു പുറമെ ജമാഅത്തിന്റെ നയങ്ങൾക്കും വിശ്വാസങ്ങൾക്കും വീക്ഷണത്തിനുമെതിരിൽ എഴുതുകയും അനഹ്മദികളെ പ്രീണിപ്പിക്കുവാനായി ഹദ്റത്ത് മസീഹ് മൗഊദിനെ ഉമ്മത്തി നബിയാണെന്നു പറയുന്നതു പോലും മറച്ചു വെക്കാനും തുടങ്ങിയപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ മേലിൽ ഈ പത്രം തന്റെ പേരിൽ അയക്കരുതെന്നും, ഇത് പൈഗാമെ സുൽഹ് അല്ല ഇത് പൈഗാമെ ജംഗ് ആണെന്നു അവർക്കെഴുതുകയും ചെയ്തു. പൈഗാമെ സുൽഹ് എന്നു പറഞ്ഞാൽ സമാധാനത്തിന്റേയും മൈത്രിയുടെയും സന്ദേശം എന്നാണർഥം. പൈഗാമെ ജംഗ് എന്നു പറഞ്ഞാൽ യുദ്ധ സന്ദേശം എന്നും.

എന്നിട്ടും അവർ അയച്ചു കൊണ്ടിരുന്നപ്പോൾ പോസ്റ്റോഫീസിൽ നിന്നും പത്രം സ്വീകരിക്കാൻ ഹുദൂർ കൂട്ടാക്കിയില്ല. അതിനു ശേഷം പൈഗാമെ സുൽഹ് പത്രത്തെ കുറിച്ചു എന്തു എഴുതുമ്പോഴും പറയുമ്പോഴും പൈഗാമെ ജംഗ് എന്നു മാത്രമേ ഹുദൂർ എഴുതാറുണ്ടായിരുന്നുള്ളു, പറയാറുണ്ടായിരുന്നുള്ളു. പൈഗാമെ സുൽഹ് പത്രം തന്റെപേരിൽ അയക്കരുതെന്നു ഖലീഫത്തുൽ മസീഹ് പറഞ്ഞതറിഞ്ഞപ്പോൾ വരിസംഖ്യ മുഴുവൻ നൽകിയവരായിട്ടും ജമാഅത്തിലെ പലരും തന്നെ ഖലീഫത്തുൽ മസീഹിന്റെ അനിഷ്ടം ഏറ്റു വാങ്ങിയ പത്രം തങ്ങളുടെ പേരിലും അയക്കരുതെന്നു ആ പത്രത്തോടു ആവശ്യപ്പെട്ടിരുന്നു. ഇതൊക്കെ തന്നെ അവരെ വളരെയധികം ചൊടിപ്പിച്ചു.

## ലാഹോറിലെ ഗൂഢ ലഘുലേഖകൾ

തങ്ങളുടെ പത്രമായ പൈഗാമെ സുൽഹിലൂടെ ഖാദിയാനിലെ അഹ്മദികളെ അപമാനിക്കാൻ സാധിക്കുമെങ്കിലും നമുക്ക് നമ്മുടെ ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയില്ലെന്നു ഖിലാഫത്ത് നിഷേധികൾ മനസ്സിലാക്കിയപ്പോൾ 1913 ഒക്ടോബർ അവസാനത്തിലും നവംബർ ആരംഭത്തിലുമായി ലാഹോറിൽ നിന്നു യാഥാർഥ്യം വെളിപ്പെടുത്തൽ നമ്പർ 1, നമ്പർ 2 എന്നീ പേരുകളിൽ രണ്ടു ഗൂഢ ലഘുലേഖകൾ പുറത്തിറക്കുകയുണ്ടായി. യഥാക്രമം നാലും എട്ടും പേജുകളുണ്ടായിരുന്ന ഈ രണ്ടു ലഘുലേഖയിലൂടെ ഹദ്റത്ത് ഖലീഫത്തുൽ മസീഹിനേയും മസീഹ് മൗഊദി (അ) ന്റെ കുടുംബത്തിൽ പെട്ടവരേയും നന്നായി ആക്ഷേപിച്ചു കൊണ്ട് അവർ തങ്ങളുടെ മനസ്സിനു സമാധാനവും സന്തോഷവും കണ്ടെത്തുകയുണ്ടായി. എന്നാൽ ലഘുലേഖയുടെ അവസാനത്തിൽ പ്രസിദ്ധീകരിച്ചവരുടെ പേരിന്റെ സ്ഥാനത്തു "അൽവസീയത്തിലേയ്ക്കു വിളിക്കുന്നവർ" എന്നെഴുതിയ ശേഷം എഴുതിയ ആളുടെ പേരും ചേർത്തിട്ടുണ്ടായിരുന്നു. എന്നാൽ ഈ ഭീരുക്കൾ ആ ഭാഗം കത്രിക കൊണ്ട് വെട്ടിക്കളഞ്ഞ ശേഷമാണു പ്രസ്തുത ലഘുലേഖ വിതരണം ചെയ്തത്. ഒന്നാമത്തെ ലഘുലേഖയുടെ ഉള്ളടക്കത്തിന്റെ ചുരുക്കം ഇതാണു. ഇപ്പോൾ പ്രചാരത്തിലുള്ള ജനാധിപത്യ സംവിധാനത്തെ ഈ കാലത്തു അല്ലാഹുവിൽ നിന്നും അവതീർണ്ണരായ പരിഷ്കർത്താവും പിന്തുണക്കുന്നുണ്ട് എന്ന സൂചനയാണു നമുക്കു ലഭിക്കുന്നത്. അതുതന്നേയാണു സംഭവിച്ചിട്ടുള്ളതും. ദിവ്യവെളിപാടിലൂടെ അല്ലാഹു നിർദേശിച്ച കാര്യങ്ങളിലല്ലാതെ മറ്റെല്ലാ കാര്യങ്ങളിലും ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ കാലത്തു ജമാഅത്തിലെ സഹോദരങ്ങളുമായി ചർച്ച ചെയ്തു തീരുമാനിക്കാറായിരുന്നു പതിവ്. മരണം ആസന്നമാണെന്നു ആ പുണ്യാത്മാവിനെ അല്ലാഹു അറിയിച്ചപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു വസീയ്യത്തെഴുതുകയും തനിക്കു ശേഷം ജനാധിപത്യ രീതിയിലുള്ള തന്റെ

പ്രതിനിധിയായ അഞ്ചുമനെ എല്ലാ കാര്യങ്ങളും ചുമതലപ്പെടുത്തി ക്കൊണ്ട് ഇതിനൊരു പരിഹാരം ഉണ്ടാക്കുകയും ചെയ്തു.

എന്നാൽ വ്യസനകരമെന്നു പറയട്ടെ ഹുദൂറിന്റെ വഫാത്തിനു ശേഷം ആ മഹാത്മാവിന്റെ വാക്കുകളെ പിൻതള്ളികൊണ്ട് പുണ്യവാളരേയും വിശുദ്ധരേയും വാഴിച്ചു അവരെ പൂജിക്കാൻ തുടങ്ങി. അതോടു കൂടി ഹദ്റത്ത് മസീഹ് മൗഊദ് (അ) വിഭാവനം ചെയ്ത ജനാധിപത്യ രീതിയിലുള്ള ജമാഅത്തിന്റെ ഭരണ സംവിധാനം വിസ്മൃതിയിലാവുകയും ചെയ്തു. ജമാഅത്തിൽ ഭൂരിഭാഗവും നിർബ ന്ധിതാവസ്ഥയിൽ ബൈഅത്തു ചെയ്തവരാണുള്ളത്. അവരുടെ ദൃഷ്ടിയിൽ ഇപ്പോൾ ബൈഅത്തു വാങ്ങിയ ആളെക്കാൾ എന്തു കൊണ്ടും യോജിച്ചവർ ധാരാളം പേർ വേറെയുണ്ട്. ഇപ്പോൾ സ്ഥാനമാനങ്ങൾക്കു വേണ്ടിയുള്ള ഓട്ടത്തിൽ വിവിധ പദ്ധതികളിലൂടെ സമുദായത്തിലെ സമുന്നതരും ആദരണീയവരുമായവരെ അപമാ നിക്കാനും ചെറുതാക്കാനുമായി അൻസാറുള്ള എന്ന ഒരു പുതിയ സംഘത്തിനു രൂപം നൽകിയിരിക്കു കയുമാണ്. ബാഹ്യമായി അൻസാ റുള്ളയുടെ ജോലി തബ്‌ലീഗാണെ ങ്കിലും യഥാർഥത്തിൽ ഇവരുടെ പണി ദീനിന്റെ ആരാധ്യരും വന്ദ്യവയോധികരുമായവരെ മുനാഫിക്കായി ചിത്രീകരിക്കലാണ്.

മൗലവി ഗുലാം ഹസ്സൻ സാഹിബ് പിശാവരി, മീർ ഹാമിദ് ശാഹ് സാഹിബ് സിയാൽകോട്ടി, മൗലവി മുഹമ്മദ് അലി സാഹിബ്, ഖ്വാജാ കമാലുദ്ദീൻ സാഹിബ്, ശേഖ് റഹ്മത്തുല്ലാഹ് സാഹിബ്, ഡോക്റ്റർ സയ്യിദ് മുഹമ്മദ് ഹുസൈൻ സാഹിബ്, ഡോക്റ്റർ മിർസാ യഅ്ഖൂബ് ബേഗ് സാഹിബ് തുടങ്ങിയവർ ആദ്യം എല്ലാ കാര്യങ്ങൾക്കും പ്രാപ്തരും യോഗ്യരുമായി ഗണിക്കപ്പെട്ടിരുന്നു. മസീഹ് മൗഊദ് (അ) യാതൊരു സംശയത്തിനും ഇട നൽകാത്ത വിധം അഞ്ചുമനെയാണു പ്രതിനി ധിയായി നിശ്ചയിച്ചിട്ടുണ്ടായിരു ന്നത്. അല്ലാതെ ഒരു വ്യക്തിയെ അല്ല. മാത്രവുമല്ല സദർ അഞ്ചുമൻ അഹ്മദിയയുടെ തീരുമാനങ്ങൾ തനിക്കു ശേഷം അന്തിമമായിരിക്കു മെന്നും ഹദ്റത്ത് മസീഹ് മൗഊദ് (അ) വളരെ വ്യക്തമായി എഴുതിയി ട്ടുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ജമാഅത്തിന്റെ സ്ഥിതിയെന്താണ്? ഹദ്റത്ത് മസീഹ് മൗഊദ് (അ) അധികാരപ്പെടുത്താത്ത (ഖലീഫ ത്തുൽ മസീഹ് അവ്വലിനെയാണു സൂചിപ്പിക്കുന്നത്) ആളുടെ വാക്കു കൾക്കു മാത്രമാണു സ്വീകാര്യത കൽപിക്കപ്പെടുന്നത്. പൈഗാമെ സുൽഹ് പത്രം തന്റെ പേരിൽ അയക്കരുതെന്നു പറഞ്ഞു കൊണ്ട് ഖലീഫ ആ പത്രത്തിന്നെതിരിൽ ജമാഅത്തിൽ തെറ്റിദ്ധാരണ പരത്തുകയാണു ചെയ്യുന്നത്.

ഖുർആൻ ആലിമാണെന്നു ജമാഅത്തിൽ പരക്കെ ഗണിക്ക പ്പെടുന്ന (ഖലീഫത്തുൽ മസീഹി നെ കുറിച്ചാണുപറയുന്നത്) വ്യക്തി, കേവലം ഖലീഫയാണെന്ന അഹങ്കാരത്തിലും ധാഷ്ഠ്യത്തിലും ഒരു കാരണവും കൂടാതെ ബഹുമാ നിതരായ ഒരു കൂട്ടം ആളുകളെ അപമാനിക്കുമ്പോൾ അറിവു കുറഞ്ഞ യുവ ജനങ്ങളിൽ നിന്നും ജമാഅത്തിലെ പ്രധാനികൾ എന്താ ണു പ്രതീക്ഷിക്കുന്നതെന്നു മനസ്സി ലാകുന്നില്ല. സമൂഹത്തിലെ ഉന്നത രും ആദരണീയരുമായവർ ഇതെത്ര കാലം നിശ്ശബ്ദമായി നോക്കി യിരിക്കും. അഹ്മദികളേ! നിങ്ങൾ ഇത്തരം ദൈവദാസരായി ചമയുന്ന വരെ ഉപേക്ഷിച്ചു കൊണ്ട് സ്വന്തം നേതാക്കളുടെ സ്ഥിതി മനസ്സിലാ ക്കിക്കൊള്ളുവിൻ.

രണ്ടാമത്തെ ലഘുലേഖ യുടെ ചുരുക്കം ഇതാണ്. തഖ്വ ദീക്ഷയില്ലാത്തവരും വഞ്ചകരുമായി ട്ടുള്ളവർ അഹ്മദിയ്യാ ജമാഅത്തി ലില്ല. മസീഹ് മൗഊദി (അ) നാൽ നിയോഗിതരല്ലാത്ത (ഖലീഫത്തുൽ മസീഹിനെയാണു ഉദ്ദേശിക്കുന്നത്) വ്യക്തിയുടെ അടിമത്തവും ദാസ്യവേലയും കൊണ്ട് നമ്മൾ പൊറുതിമുട്ടിയിട്ടാണുള്ളത്. റസൂൽ കരീമിന്റേയും (സ) മസീഹ് മൗഊദി (അ)ന്റേയും കാലത്തു ജമാഅത്തി ലുള്ളവർക്കു വളരെ സ്വതന്ത്രമായി സംസാരിക്കാമായിരുന്നു. ഇന്നതില്ല. ഇന്നു ഖലീഫയുടെ ചെവിയിൽ വിഷം നിറച്ചു കൊണ്ട് മറ്റു സഹോദരങ്ങളെ കഷ്ടപ്പെടുത്തുക യാണു ചെയ്യുന്നത്. ഈ സ്ഥിതി തുടർന്നാൽ അഹ്മദികളും അനഹ്മ ദികളുമായ വ്യക്തി പൂജകരിൽ ഒരു വ്യത്യാസവും ഉണ്ടായിരിക്കു ന്നതല്ല. ഹദ്റത്ത് മസീഹ് മൗഊദി നു (അ) ശേഷം ഇനി നൂറു സംവത്സരങ്ങൾക്കു ശേഷമേ മറ്റൊ രു പരിഷ്കർത്താവു വരികയുള്ളു. അതിനു മുമ്പുണ്ടാവില്ല. ഇതിനു വിരുദ്ധമായി ചിന്തിക്കുന്നവരുടെ ഉദ്ദേശ്യം വ്യക്തിപരമായ ലാഭം മാത്രമാണ്. അതിനുവേണ്ടി മാത്ര മാണു അവർ ഇത്തരം ചിന്താഗതി കളെ പരത്തുന്നതും. ജമാഅത്തി നു ജനാധിപത്യ സംവിധാനത്തിനു കീഴിൽ പ്രവർത്തിക്കലായിരിക്കും എന്നും അഭികാമ്യം.

അതിനു ശേഷം ജമാഅത്തിലു ണ്ടായ കുഴപ്പങ്ങളുടേയും ഫിത്ന യുടേയും കാര്യങ്ങൾ വിവരിച്ചു കൊണ്ട് എഴുതുകയാണ്, ഹദ്റത്ത് മസീഹ് മൗഊദിന്റെ പെട്ടെന്നുള്ള വിയോഗം ജമാത്തിലുണ്ടാക്കിയ അങ്കലാപ്പിനും അരക്ഷിതാവസ്ഥ യ്ക്കുമിടയിൽ മസീഹ് മൗഊദിന്റെ നിർദ്ദേശങ്ങളെ കാറ്റിൽ പറത്തി മൗലവി നൂറുദ്ദീൻ സാഹിബിനെ ഖലീഫയായി അംഗീകരിച്ചു. എന്നാ ൽ ആ അവസരത്തിൽ എല്ലാവരു ടേയും ചുണ്ടിൽ മൗലവി മുഹമ്മദ് അലി സാഹിബ് ഖലീഫയായിരിക്കും എന്നായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ അസൂയാലുക്കൾ ജമാഅ ത്തിലെ ജനങ്ങളുടെ ഹൃദയ വികാരം മുതലെടുത്തു കൊണ്ട് ബീവി സാഹിബ (ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ (റ)) യിലൂടെ കാര്യങ്ങ ൾ അട്ടിമറിച്ച് നൂറുദ്ദീൻ സാഹിബി നെ ഖലീഫയായി അവരോധിച്ചു. അതിനു ശേഷം അഞ്ചുമന്റെ കാര്യങ്ങളിൽ ഇടപെടുകയും

മൗലവി മുഹമ്മദ് അലി സാഹിബി നെ മാനസികമായി ദ്രോഹിക്കാനും വേദനിപ്പിക്കാനുമായി ന്യായവും അന്യായവുമായ എല്ലാ ശ്രമങ്ങളും ചെയ്തു പോന്നു.

അതോടൊപ്പം മിർസാ മഹ്മൂദ് സാഹിബിനെ അടുത്ത ഖലീഫ യായി ഉയർത്തിക്കാണിക്കാനും തുടങ്ങി. എന്നിട്ട് അഞ്ചുമന്റെ ജീവനക്കാരെ കുറിച്ചു അവർ മസീഹ് മൗഊദിന്റെ കുടുംബത്തി ന്റെ ശത്രുക്കളാണെന്നു പറഞ്ഞു പരത്തുകയും ചെയ്യുന്നു. അതിനു ശേഷം ആ ലഘുലേഖയിൽ ജമാഅത്തിലെ പലരെ കുറിച്ചും വ്യക്തിഹത്യ നടത്തുകയാണു ചെയ്തത്. ഈ ലഘുലേഖയിലൂടെ ജമാഅത്തിൽ ഭിന്നിപ്പും ആശയക്കു ഴപ്പവും സൃഷ്ടിക്കലായിരുന്നു അവരുടെ ഉദ്ദേശ്യം. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് ഖിലാഫത്തിനു കീഴിൽ ഐക്യത്തിലും ആത്മാർഥതയിലും മുമ്പത്തേക്കാൾ മുന്നേറുകയുണ്ടാ യി. ഈ ലഘുലേഖകൾ ഒരിക്കലും മറുപടി അർഹിക്കുന്നില്ലെങ്കിലും ഹുദൂർ അഞ്ചുമൻ അൻസാറുള്ള യെ ഈ ലഘുലേഖകൾക്കു മറുപടി എഴുതാൻ ചുമതലപ്പെടുത്തി. അങ്ങ നെ 'ഖിലാഫത്തെ അഹ്മദിയാ' 'സത്യം വെളിപ്പെടുത്തൽ' എന്നീ പേരുകളിൽ ജമാഅത്തു രണ്ടു ലഘുലേഖകൾ പ്രസിദ്ധീകരിക്കുക യുണ്ടായി.

## വിദഗ്ധനായ ഡോക്ടറുടെ അടയാളം

1912 ജൂൺ 11-ാം തിയ്യതി ഹുദൂർ ഒരു രോഗിയെ പരിശോധിക്കുന്ന തിന്നിടയിൽ പറഞ്ഞു. എല്ലാ തൊഴിലുകളും സമയ ബന്ധിതങ്ങ ളാണ്. ഉദാഹരണമായി കെട്ടിടം എപ്പോൾ പൂർത്തിയാകുമെന്നു ഒരു കൽപണിക്കാരനു പറയുവാൻ സാധിക്കും. ഓഫീസ് ജോലി എപ്പോൾ തീരുമെന്നു ഒരു ക്ലാർക്കി നു പറയാൻ സാധിക്കും. ഉടുപ്പ് എപ്പോൾ തയ്യാറാകുമെന്നു ഒരു തയ്യൽകാരനു പറയാൻ സാധിക്കും. എന്നാൽ രോഗി എപ്പോൾ സുഖം പ്രാപിക്കുമെന്നു ഒരു ഡോക്ടർ ക്കും പറയുവാൻ സാധിക്കുകയില്ല. ചിലപ്പോൾ വിവര ദോഷിയായ ഏതെങ്കിലും ഡോക്ടർ അങ്ങനെ പറഞ്ഞെന്നു വരാം. എന്നാൽ പരിചയ സമ്പന്നനും പ്രഗൽഭനു മായ ഒരു ഡോക്ടർ ഇത്തരം വാദഗതികളിൽ നിന്നും വിട്ടു നിൽകുകയേയുള്ളു.

## വാർദ്ധക്യ കാലത്തും തിരുനബിയുടെ ചര്യയോടുള്ള അനുസരണം

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) 1910 നവംബർ 18-ാം തിയ്യതി കുതിരപ്പുറത്തു നിന്നും വീണതിനു ശേഷമുണ്ടായ രോഗത്തിൽ നിന്നോ ശാരീരിക ബലഹീനതകളിൽ നിന്നോ മരണം വരെ പൂർണമായി മോചിതനാവു കയോ പഴയ ആരോഗ്യം വീണ്ടെ ടുക്കുകയോ ചെയ്തിട്ടുണ്ടായിരുന്നി ല്ല. അന്നു ഹുദൂറിനു എഴുപതിൽ കൂടുതൽ വയസ്സു പ്രായമുണ്ടായി രുന്നു. ഏതാനും മാസങ്ങൾ ശയ്യാ വലംബിയായി കഴിഞ്ഞ ശേഷം ജമാഅത്തു കാര്യങ്ങളിലും ദറസു ൽ ഖുർആനിലും സജീവമായി തിരിച്ചു വന്നെങ്കിലും ആരോഗ്യം അപ്പോഴും ക്ഷയിച്ചു കൊണ്ടിരിക്കു കയായിരുന്നു. ജീവിതത്തിന്റെ ഓരോ അനക്കത്തിലും ഇളക്കത്തി ലും റസൂൽ കരീം (സ) തിരുമേനി യുടെ ചര്യകളെ ഓർത്തു അതനു സരിച്ചു പ്രവർത്തിച്ചിരുന്ന ആ മഹാത്മാവിനു 1913 ന്റെ അവസാന ത്തിൽ തനിക്കു ഗുരുമുഖി (പഞ്ചാ ബി) വായിക്കാൻ പഠിക്കണം എന്നായിരുന്നു ആഗ്രഹം.

കാരണം ഹദ്റത്ത് റസൂൽ കരീം (സ) അരുൾ ചെയ്തിരിക്കു ന്നു اطلبوا العلم من المهد إلى اللحد തൊട്ടിൽ മുതൽ അതായത് ചെറുപ്പ കാലം തൊട്ട് ഖബറിൽ പോകുന്നതു വരെ അതായത് മരണം വരെ അറിവ് സമ്പാദിക്കേണ്ടത് ഓരോ മുസ്‌ലിമിന്റേയും കടമയാണ്. അറിവ് സമ്പാദിക്കാനായി തന്റെ ജീവിതകാലം മുഴുവനും ഹുദൂർ നടത്തിയ പരിശ്രമങ്ങളും ത്യാഗങ്ങ ളും എല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണ്. അതിനു വേണ്ടി അദ്ദേഹം ഉണ്ടാക്കിയ ലൈബ്രറി വളരെ പ്രശസ്തവുമാണ്. എന്നിട്ടും തന്റെ ഈ അവസാന കാല ആഗ്രഹം പൂർത്തീകരിക്കാനായി ഗുരുമുഖിയുടെ പുസ്തകങ്ങൾ വാങ്ങി പഠിക്കാൻ തുടങ്ങി. ഏതാനും ദിവസങ്ങൾ കൊണ്ടു തന്നെ അദ്ദേഹം ആ കാര്യത്തിൽ വളരെധികം മുന്നേറുകയുണ്ടായി. ആ പ്രായത്തിൽ, ശാരീരികമായ പ്രത്യേക സാഹചര്യത്തിൽ, ഗുരു മുഖി പഠിക്കുന്നതു കൊണ്ട് തനി ക്കു ഒരു പ്രയോജനവും ഉണ്ടാകാ നില്ലെന്ന കാര്യം ആരേക്കാളും നന്നായി ഹുദൂറിനു അറിയാമായി രുന്നു. പക്ഷേ, ഹുദൂറിന്റെ ഉദ്ദേശ്യം റസൂൽ തിരുമേനിയുടെ ഉപദേശം സ്വീകരിക്കുക എന്നു മാത്രമായിരു ന്നു. (തുടരും)

---

**പേജ് 32 ൽ നിന്ന് തുടർച്ച**

കൂടുതൽ ഭാരം ഉയർത്താനുള്ള ശേഷിയും പറക്കാനുള്ള സ്ഥിരത യും ലഭിക്കുന്നു. സങ്കീർണവും കുറ്റമറ്റതുമായ തേനീച്ച കൂടിന്റെ ഘടനകണ്ട് നമുക്കെങ്ങനെ അത്ഭു തപ്പെടാതിരിക്കാൻ കഴിയും? ചാൾസ് ഡാർവിന്റെ അഭിപ്രായത്തി ൽ തേനീച്ചകൂട് എഞ്ചിനീയറിംങ്ങി ന്റെ ഒരു മാസ്റ്റർ പീസ് ആണ്. അത് പരിപൂർണ്ണമായും അവികലവും കുറഞ്ഞതൊഴിൽ ആവശ്യപ്പെടുന്ന തും ചുരുക്കം വിഭവം മതിയായതും കുറഞ്ഞ മെഴുകുകൊണ്ട് പണി തീർക്കാവുന്നതുമാണ്.

അതുകൊണ്ട് എങ്ങനെയാണ് തേനീച്ചകൾ നയനാന്ദകരമായ ഡിസൈനിങ്ങുകൾ ഉപയോഗിക്കാ ൻ പഠിച്ചത്. ചെറിയ പ്രാണികളിൽ പോലും ഇത്തരം കാര്യങ്ങൾ സൃഷ്ടിക്കാനുള്ള കഴിവുനൽകുക യും പ്രകൃതിയിൽ കാണുന്ന അത്തരം അതുല്യമായ ഘടനകൾ സൃഷ്ടിക്കുകയും ചെയ്ത പരമമാ യ ഒരു ശിൽപ്പിയെകുറിച്ച് അന്വേ ഷിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നി ല്ലേ?

കുറിപ്പുകൾ

# ഫലസ്തീൻ: ലോകം മുഴുവൻ പ്രതിദ്ധ്വനിക്കുന്ന നീതിയുടെ നിലവിളി

**മുസാഫിർ**



ഇസ്ലാമിന്റെ ഉജ്ജ്വലമായ അഹിംസാ സിദ്ധാന്തത്തിന്റെ സുവർണ്ണ തത്വങ്ങൾ ഖുർആൻ രേഖപ്പെടുത്തിയത് ഇപ്രകാരമാണ്. ആദിപിതാവായ ആദമിന്റെ രണ്ട് പുത്രന്മാരിൽ സാത്വികനും വിശ്വാസിയുമായ ആബേൽ തന്നെ കൊലപ്പെടുത്തിയ സഹോദരനും ഘാതകനുമായ കായേനോട് പറഞ്ഞ ഒരു വാചകമാണത്. **'എന്നെ വധിക്കാനായി എന്റെ നേരെ നീ നിന്റെ കൈകൾ നീട്ടിയാലും നിന്നെ വധിക്കാനായി ഞാൻ എന്റെ കൈ നിന്റെ നേരെ നീട്ടുകയില്ല.'**(5:29)

തന്റെ അനന്തര തലമുറക്ക് ആദം പുത്രൻ നൽകിയ അഹിംസയുടെ ഈ സാർവ്വജനീന സന്ദേശം എത്ര സാത്വികവും മാനവീയവുമാണ്. അതിന് ശേഷം നിരപരാധിയെ വധിക്കുന്നത് സംബന്ധിച്ച് യഹൂദരെ പ്രത്യേകം അഭിസംബോധന ചെയ്ത് കൊണ്ട് ഖുർആൻ പറയുന്നു: **'ഇസ്റായീല്യരോട് നാം കൽപ്പിച്ചു. ഘാതകനായിരിക്കുകയോ നാട്ടിൽ കുഴപ്പമുണ്ടാക്കുകയോ ചെയ്യാത്ത നിലയിൽ ഒരാളെ (നിരപരാധിയെ) വധിച്ചാൽ അയാൾ മനുഷ്യരെ മുഴുവൻ വധിച്ചത് പോലെയാകുന്നു.'** (5:33)

യുദ്ധം ഇങ്ങോട്ട് അടിച്ചേൽപ്പിക്കപ്പെട്ടാൽ പ്രതിരോധിക്കാനായി മാത്രമാണ് യുദ്ധം അനുവദിക്കപ്പെട്ടത്. ഖുർആൻ പറയുന്നു:**'നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങളും യുദ്ധചെയ്യുക. എന്നാൽ നിങ്ങൾ അതിക്രമം പ്രവർത്തിക്കരുത്. അല്ലാഹു അതിക്രമകാരികളെ ഇഷ്ടപ്പെടുന്നില്ല.'**(2:191)

ഇസ്റായീൽ ആയാലും ഹമാസ് ആയാലും നിരപരാധിയായ ഒരാളെ വധിക്കുന്നത് മനുഷ്യവംശത്തെ മുഴുവൻ വധിക്കുന്നത് പോലെയാകുന്നു എന്നാണ് ഖുർആൻ പാഠം. ഏത് വിമോചന സമരത്തിന്റെ ഭാഗമായാലും നിരപരാധികളെ ആക്രമിക്കുന്നത് വിശുദ്ധ ഖുർആന് കടക വിരുദ്ധമാണ്. ആ അദ്ധ്യാപനം പാലിക്കാൻ ഏറ്റവും ബാദ്ധ്യതപ്പെട്ടവർ മുസ്ലിംകളാണ്. യുദ്ധസന്ദർഭത്തിൽ പോലും യുദ്ധത്തിൽ നേരിട്ട് പങ്കെടുക്കാത്ത നിരപരാധികൾക്കെതിരെ ആക്രമണം പാടില്ല

രണ്ടാം ലോക മഹായുദ്ധ ശേഷം യുദ്ധകുറ്റങ്ങൾ ആവർത്തിക്കാതിരിക്കാൻ 1949 ആഗസ്ത് 12 ന് അംഗീകരിച്ച ജനീവാ കൺവെൻഷൻ 1950 ഒക്ടോബർ 21 നാണ് പ്രാബല്യത്തിൽ വന്നത്. ജനീവാ കൺവെൻഷൻ യുദ്ധത്തിൽ പാലിക്കേണ്ട മനുഷ്യാവകാശങ്ങളെ

സംബന്ധിച്ചുള്ള അന്താരാഷ്ട്രാ നിയമങ്ങൾ പരിഷ്ക്കരിക്കുകയും പുതിയവ ആവിഷ്ക്കരിക്കുകയുണ്ടായി. മുറിവേറ്റവർ, രോഗികൾ, കപ്പൽ ഛേദം വന്നവർ, മെഡിക്കൽ രംഗത്തും മതരംഗത്തും പ്രവർത്തിക്കുന്നവർ, യുദ്ധതടവുകാർ, അധിനിവിഷ്ട പ്രദേശത്തെ സാധാരണ സിവിലിയൻ ജനങ്ങൾ, സിവിലിയൻ വസ്തുക്കൾ, കെട്ടിടങ്ങൾ എന്നിവകളൊന്നും അക്രമിക്കാൻ പാടില്ല. എന്നാണ് ജനീവാ കരാർ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇസ്റയേലടക്കം 190 അംഗരാജ്യങ്ങൾ ഒപ്പുവെച്ച ഈ അന്തരാഷ്ട്രാ കരാറിനു വിരുദ്ധമാണ് നിരപരാധികളായ ജനങ്ങളുടെ മേലുള്ള ഈ അക്രമണങ്ങൾ.

പുരാതന കാലം പോലെ, ആധുനിക കാലത്ത് യുദ്ധത്തിൽ പങ്കെടുക്കുന്ന ഇരുപക്ഷത്തുമുള്ള സമൂഹം മുഴുവനും യുദ്ധം ചെയ്യുന്നില്ല. പ്രൊഫഷണൽ സൈന്യങ്ങളാണ് യുദ്ധം ചെയ്യുക. മാത്രമല്ല സിവിലിയൻസിനെ അക്രമിക്കുന്നത് യുദ്ധ കുറ്റമായി കണക്കാക്കപ്പെടുന്ന ജനീവാ കരാർ പോലെയുള്ള അന്തർദേശീയ കരാർ നിലവിലുള്ളപ്പോഴാണ് ഇസ്റയേലും ഹമാസും സാധാരണക്കാരെ കൂട്ടത്തോടെ വധിക്കുന്നത്. അതിൽ ഇസ്റായേൽ സാധാരണക്കാർക്കെതിരെയുള്ള അക്രമണം യാതൊരു മാനദണ്ഡവും പാലിക്കാതെ അതിരുകടന്ന രീതിയിൽ ഇപ്പോഴും തുടരുകയാണ്. ഇൻകുമ്പേറ്ററിലെ ശിശുക്കൾ പോലും അക്രമിക്കപ്പെടുന്നു. അവരാകട്ടെ ജനീവ കരാരിൽ ഒപ്പുവെച്ചവരുമാണ്.

## അനുപാതരഹിതമായ ഇസ്റയേലീ ക്രൂരത

തീർച്ചയായും ഫലസ്തീൻ പ്രശ്നം ഹമാസ് ഇസ്റയേൽ ആക്രമിച്ചത് മുതൽ ആരംഭിച്ചതല്ല. സ്വന്തം ദേശത്ത് നിന്നും ബഹിഷ്കൃതരായി 75 വർഷങ്ങളായി രാജ്യമില്ലാതെ എല്ലാ മനുഷ്യാവകാശങ്ങളും നിഷേധിക്കപ്പെട്ട് സ്വന്തം രാജ്യത്ത് അഭയാർത്ഥികളായി ജീവിക്കുന്ന മനുഷ്യരുടെ ഒരു ദേശമാണ് ഗസ്സ. ഫലസ്തീനികൾക്ക് ജീവിക്കാൻ നല്ലതൊഴിലില്ല, കുട്ടികൾക്ക് പഠിക്കാൻ നല്ല സ്കൂളില്ല കുടിക്കാൻ നല്ല ജലമില്ല, ഗസ്സ മുഴുവൻ ഇസ്റയേലീ ചെക്ക് പോസ്റ്റുകൾ, റോഡ് ബ്ലോക്കേഡുകളുമാണ്. തൊഴിൽ പെർമിറ്റുകൾ നിരന്തരം ഇസ്റയേൽ അനുവദിക്കാറില്ല. ഇത്തരത്തിൽ ഫലസ്തീനികൾ ജീവിക്കുന്ന ഒരു മനുഷ്യ തുരുത്താണ് ഗസ്സ. മറ്റേത് വെസ്റ്റ് ബാങ്ക്. 41 കി. മീറ്റർ നീളവും 6 മുതൽ 12 കി. മീറ്റർ വരെ വീതിയുമുള്ള ഇസ്റായേലിനാൽ വലയം ചെയ്തു നിൽക്കുന്ന ഗസ്സ എന്ന ഈ കൊച്ചു പ്രദേശത്ത് 23 ലക്ഷം ഫലസ്തീനികളാണ് തിങ്ങിഞെരിഞ്ഞ് ജീവിക്കുന്നത്. ലോകത്തെ ഏറ്റവും ജനസാന്ദ്രതയേറിയ പ്രദേശങ്ങളിലൊന്നായ ഗസ്സ നിവാസികളെ നാലു ഭാഗത്ത് നിന്നും ബന്ധനസ്ഥരാക്കി അട്ടിവെച്ച കെട്ടിടങ്ങളിൽ പരിമിത വിഭവങ്ങളോടെ പാർക്കുന്ന അവരുടെ പാർപ്പിടങ്ങൾ കല്ലിന്മേൽ കല്ല് അവശേഷിക്കാത്ത വിധം ബോംബിട്ട് തകർത്ത് കൊന്ന് തീർത്തുകൊണ്ടിരിക്കുകയാണ് ഇസ്റയേൽ. ആലോചിച്ചുനോക്കൂ, അഭയം തേടിപ്പോവാൻ ഒരിടമില്ലാതെ നിസ്സഹായരായ ആയിരക്കണക്കിന് ഫലസ്തീൻ ശിശുക്കളും സ്ത്രീകളുമടക്കം മരിച്ചു വീഴുന്നവരുടെ എണ്ണം യുദ്ധം തുടങ്ങി ഒരു മാസം കഴിയുമ്പോൾ പതിനൊന്നായിരം കവിഞ്ഞു. ആശുപത്രികൾ, യു എൻ അഭയാർത്ഥി ക്യാമ്പുകൾ, സ്കൂളുകൾ, രക്ഷപ്പെട്ട് കൂട്ടപാലായനം ചെയ്യുന്നവർ ഇവരുടെ മേലെയെല്ലാം ബോംബും നിറയുമൊഴിച്ച് ഇസ്റയേൽ പട്ടാളം ഭീഭത്സമായ നരമേധം തുടരുകയാണ്. ഇവർ മനുഷ്യരുടെ കോലത്തിൽ പിറന്ന പിശാചുക്കളാണോ? എന്നിട്ടും മതിവരാഞ്ഞിട്ട് ഒരു യഹൂദ മന്ത്രി ആറ്റം ബോംബിടുമെന്ന ഭീഷണിയും മുഴക്കിയിരിക്കുന്നു. ഇതിനെല്ലാം ഫലസ്തീൻ ജനത ചെയ്ത തെറ്റെന്താണ്?

പഴയ കാലം പോലെയല്ല വാർത്തകൾ എത്ര തമസ്ക്കരിച്ചാലും ലോകത്തുള്ള മിക്ക മനുഷ്യനും ഇതെല്ലാം കാണുന്നുണ്ട്. ഈ അനീതിക്ക് നേരെ മുൻവിധികളില്ലാതെ നമ്മുടെ ഓരോരുത്തരുടേയും ധാർമിക മനസ്സാക്ഷിയുടെ വിധിയെന്താണ്? മനുഷ്യ വംശത്തിലെ അംഗമെന്ന നിലക്ക് നാം ഓരോരുത്തരും സ്വയം ചോദിക്കേണ്ട ഒരു ചോദ്യമാണിത്. ഇസ്റയേൽ സ്റ്റേറ്റ് സ്വാഭാവികമായുണ്ടായ രാഷ്ട്രമല്ല യുദ്ധാനന്തരം ജേതാക്കളായ സാമ്രാജ്യത്വവും സയണിസവും ചേർന്ന് കൃത്രിമമായി സൃഷ്ടിച്ചതാണ് ഇസ്റയേൽ എന്ന് വ്യക്തം. സിവിൽ ലിബർട്ടിയും, ഡമോക്രസിയും, ഹ്യൂമൻ റൈറ്റ്സും പുലമ്പുന്ന അമേരിക്കയുടെയും ബിട്ടന്റെയും പശ്ചാത്യ രാജ്യങ്ങളുടെയും വാക്കും പ്രവർത്തിയും തമ്മിലുള്ള അന്തരവും കപടതയും ഇക്കാര്യത്തിൽ എത്ര വ്യക്തമാണ്. അവർ മുൻകൈ എടുത്ത് കുത്സിത മാർഗ്ഗങ്ങളിലൂടെ പലസ്തീൻ മണ്ണിൽ സ്ഥാപിച്ചതാണ് ഇസ്റയേൽ. നിരപരാധികളായ പിഞ്ചു കുട്ടികളേയും സ്ത്രീകളേയും വൃദ്ധരേയും ഇസ്റയേൽ കൂട്ടക്കുരുതി നടത്തുമ്പോൾ യു എന്നിലെ വെടിനിർത്തൽ പ്രമേയം പോലും ഈ ലോകനായകന്മാർ വീറ്റോ ചെയ്യുകയാണ്. മാത്രമല്ല ഹമാസ് കുട്ടികളെ തലയറുക്കുന്ന ചിത്രം താൻ കണ്ടുവെന്ന് ഇസ്റയേലിന്റെ രക്ഷാകർത്താവും ലോകത്തിലെ ഏറ്റവും ശക്തമായ രാഷ്ട്രത്തിന്റെ തലവനുമായിരിക്കുന്ന ജോ ബൈഡൻ യാതൊരു സങ്കോചവുമില്ലാതെ വന്ന് പച്ചക്കള്ളം ലോക മാദ്ധ്യമങ്ങൾക്ക് മുമ്പിൽ തട്ടിവിടുകയാണ്. പിന്നീടാണ് ആ വാർത്ത തെറ്റാണെന്ന് തെളിയിക്കപ്പെട്ടത്. ഗസ്സയിൽ ഏകദേശം 5000 പിഞ്ചു കുഞ്ഞുങ്ങളെ കൊന്നുകഴിഞ്ഞു. ഇസ്റയേലിന്റെ ഈ ശിശു ഹത്യ ന്യായീകരിക്കാനാണ് വൃദ്ധനായ ഈ മനുഷ്യന്റെ ഭീകരമായ കള്ളം പറച്ചിൽ. അപ്രകാരം ഗസ്സയിലെ അൽ അഹ്‌ലി ആശുപത്രിക്ക് ബോംബിട്ട് അഞ്ഞൂറോളം പേരെ കൊന്നത് ഹമാസ് തന്നെയാണെ

ന്നാണ് ബൈഡനും ഇസ്റയേലും പ്രചരിപ്പിക്കുന്നത്. നമ്മുടെ കാലത്തെ ലോകമേധാവികളുടെ മനസ്സാക്ഷി ഇതാണ്

## ആഗോള അറബ് മുസ്‌ലിം സമൂഹത്തിന്റെ നിഷ്ക്രിയത്വം

ഫലസ്തീൻ പ്രശ്നത്തോട് അന്തർദേശീയ തലത്തിൽ വൈകാരികമായി അടുത്ത് നിൽക്കുന്നവരാണ് മുസ്‌ലിംകൾ. 22 അറബ് രാജ്യങ്ങളടക്കം 57 മുസ്‌ലിം രാജ്യങ്ങൾ ലോകത്തുണ്ട്. അവരുടെ സ്വാർത്ഥതയും നിസ്സംഗതയുമാണ് 75 വർഷമായി ഈ പ്രശ്നം പരിഹാരമാവാതെ നിൽക്കുന്നത്. ഫലസ്തീൻ പ്രശ്നത്തെ തുടർന്ന് ദീർഘകാലമായി ഇസ്റയേലുമായി യാതൊരു വിധ നയതന്ത്ര ബന്ധങ്ങളുമില്ലാതെ കഴിയുകയായിരുന്നു അറബ് മുസ്‌ലിം ലോകം. പക്ഷേ ഈ അടുത്ത കാലത്ത് ഇസ്റയേലുമായി സമ്പന്ന അറബ് രാജ്യങ്ങൾ നോർമലൈസേഷന്റെ ഭാഗമായി സമാധന കരാർ ഉണ്ടാക്കുന്ന തിരക്കിലാണ്. മുസ്‌ലിം രാജ്യങ്ങൾ. ആരുമായും സമാധാനത്തിൽ വർത്തിക്കുന്നത് തീർച്ചയായും നല്ലത് തന്നെ. രാജ്യത്തിന്റെ പുരോഗതിക്കും ക്ഷേമത്തിനും സമാധാനം അനിവാര്യമാണ്. പക്ഷേ അധിനിവേശക്കാരായ ഇസ്റയേൽ കാരണമായി ഏഴര പതിറ്റാണ്ടായി ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ അഭയാർത്ഥികളായി കഴിയുന്ന 143 ലക്ഷം ഫലസ്തീനികളുടെ ദുരിതങ്ങളെ കുറിച്ച് ഒരക്ഷരം ഉരിയാടാതെ അവരുടെ ദുരിതങ്ങൾക്ക് ന്യായമായ പരിഹാരമാവാതെ നടക്കുന്ന സമാധാന കരാറുകളും അബ്രഹാം കരാറും ഫലസ്തീനികളിൽ ഉണ്ടാക്കുന്ന നിരാശ ഊഹിക്കാവുന്നതേയുള്ളൂ.

ആദ്യമായി ഇസ്റയേലുമായി കരാറുണ്ടാക്കിയ അറബ് രാജ്യം ഈജിപ്താണ്. ക്യാമ്പ് ഡേവിഡ് കരാർ ചർച്ചകളുടെ അവസാനത്തിൽ അമേരിക്കയുടെ കാർമികത്വത്തിൽ ആദ്യത്തെ ഈജിപ്ത്-ഇസ്റയേൽ സമാധാന കരാർ 1979 ൽ ഒപ്പിടുകയുണ്ടായി. ജോർദ്ദാനും ഇസ്റയേലുമായി ബിൽക്ലിന്റന്റെ ആഭിമുഖ്യത്തിൽ 1994 ഒക്ടോബർ 26 നാണ് ഒപ്പിട്ടത്. അതിനു ശേഷം 2020 സെപ്തംമ്പർ 15 ന് അമേരിക്കൻ പ്രസിഡണ്ട് ഡോണാൾഡ് ട്രംപിന്റെ കാർമ്മികത്വത്തിൽ ഏറെ കൊട്ടിഘോഷിക്കപ്പെട്ട അബ്രഹാം എക്കോഡ് യു എ ഇ യും ബഹറൈനുമായും ഇസ്റയേൽ ഒപ്പുവെച്ചു. ഓരോ രാജ്യങ്ങളുമായി ഉണ്ടാക്കുന്ന ഈ കരാറിലൊന്നും ഫലസ്തീനികളുടെ പ്രശ്നം അവർ തീർത്തും അവഗണിച്ചു. ഇസ്റയേലും സഊദി അറേബ്യയും തമ്മിൽ പ്രത്യക്ഷത്തിൽ ഔപചാരികമായ നയതന്ത്ര ബന്ധങ്ങളൊന്നുമില്ല എങ്കിലും ഇറാനെ എതിർ പാളയത്തിൽ നിർത്തിയുള്ള നിരവധി നിഗൂഢ രഹസ്യ സൈനിക കരാറുകൾ അവർ തമ്മിലുണ്ട്. 23 നവംബർ 2020 ൽ ഇസ്റയേൽ പ്രധാനമന്ത്രി നെതന്യാഹു സഊദി ക്രൗൺ പ്രിൻസ് മുഹമ്മദ് ബിൻ സൽമാനെ ചരിത്രത്തിലാദ്യമായി സന്ദർശിക്കുകയുണ്ടായി. ഏറെക്കുറെ അതൊരു രഹസ്യ സന്ദർശനമായിരുന്നു. ഗാർഡിയൻ, ന്യൂയോർക്ക് ടൈംസ് പോലെയുള്ള അന്തർദേശീയ മാദ്ധ്യമങ്ങളാണ് അത് റിപ്പോർട്ട് ചെയ്തത്. നിരവധി യഹൂദ ധനികർക്ക് സഊദിയിൽ ധനനിക്ഷേപമുണ്ട്. ഇതൊന്നും കേരളത്തിലെ മതകക്ഷികൾ വിഷയമാക്കാറില്ല. അത് അവരുടെ ഉപജീവന പ്രശ്നമായി കരുതിയാൽ മതി.

ഇസ്റയേൽ ഹമാസ് യുദ്ധം ഒരു മാസം പിന്നിടുമ്പോൾ പതിനൊന്നായിരത്തിലധികം ആളുകൾ മരിക്കുകയും ദശലക്ഷക്കണക്കിന് ആളുകൾക്ക് വീട് നഷ്ടപ്പെടുകയും ചെയ്തു. ഒരു മിസൈൽ വീണ് മറ്റൊരു മിസൈൽ മരണവുമായി എപ്പോഴാണ് വരിക എന്ന കൊടും ഭീതിയിൽ ഗസ്സയിൽ തുടരുന്ന അക്രമണങ്ങൾക്ക് ശേഷം ഒരു മാസം കഴിഞ്ഞാണ് സഊദി രാജകുമാരൻ നവംബർ 11 ന് റിയാദിൽ ഓർഗനൈസേഷൻ ഓഫ് ഇസ്‌ലാമിക് കൺട്രീസിന്റെയും അറബ് ലീഗിന്റെയും സംയുക്ത സമ്മേളനം വിളിച്ചു ചേർക്കുന്നത്. പൊറുക്കപ്പെടാനാവാത്തതാണ് ഈ കാലവിളംബം. ലോകം വളരെ പ്രതീക്ഷയോടെയായിരുന്നു ഈ ആഗോള മുസ്‌ലിം സമ്മേളനം നോക്കിക്കണ്ടത്. സൗദി നേതൃത്വത്തിലുള്ള ഈ സമ്മേളനം സാധാരണ പോലെ ഇസ്റയേലിനെ അപലപിച്ചു പിരിയുകയും ഐക്യരാഷ്ട്ര സഭയുടെ സെക്യൂരിറ്റി കൗൺസിലിനോട് ഒരു പ്രമേയം പാസ്സാക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തു. ഇസ്റയേലിന്റെ ആക്രമണത്തെ തടയിടുന്ന ഫലപ്രഥമായ ഒരു നയതന്ത്ര പ്രഖ്യാപനവും നടപടിയോ തീരുമാനമോ റിയാദിൽ ഉണ്ടായില്ല.

## ജിഹാദിന്റെ നിഷ്ഫലത

ഇസ്‌ലാം എന്ന നാമ പദത്തിന്റെ മൂല രൂപം **സീൻ-ലാം-മീം** എന്നീ ത്രൈയാക്ഷരങ്ങളാണ്. സമാധാനം, ശാന്തി എന്നീ അർത്ഥങ്ങൾ വരുന്ന സലാം എന്ന പദം നിഷ്പന്നമാകുന്നതും അതേ മൂലാക്ഷരങ്ങളിൽ നിന്നാണ്. സമാധാനവും ഇസ്‌ലാമും തമ്മിലുള്ള ജൈവ ബന്ധം ഇതിൽ നിന്നും വ്യക്തമാണ്. പക്ഷേ ഇരുപതാം നൂറ്റണ്ടിന്റെ ആദ്യ ദശകങ്ങളിൽ ലോകത്ത് വിപ്ലവകാരികളെ ആവേശം കൊള്ളിച്ച് പ്രത്യക്ഷപ്പെട്ട രണ്ട് രാഷ്ട്രീയ ആശയങ്ങളായിരുന്നു ഫാസിസവും കമ്മ്യൂണിസവും. ഈ രണ്ടു ആശയ സങ്കൽപ്പങ്ങൾക്കനുസരിച്ച് ഇസ്‌ലാം മതത്തിന്റെ സംജ്ഞകകൾക്കും. സാങ്കേതിക പദങ്ങൾക്കും പുതിയ അർത്ഥവും വിവക്ഷയും നൽകി. അലകും പിടിയും മാറ്റി മതരാഷ്ട്രവാദികളായ മതപണ്ഡിതന്മാർ അധികാര കേന്ദ്രിതമായ പൊളിറ്റിക്കൽ ഇസ്‌ലാം അവതരിപ്പിക്കുകയായിരുന്നു. ഈ രാഷ്ട്രീയ ആശയങ്ങൾ നടത്തുന്ന സംഹാരാത്മകമായ സമരങ്ങളെയും സംഘട്ടനങ്ങളെയും വിപ്ലവ പ്രണയികളായ ഈ ഇസ്‌ലാമിക പണ്ഡിതന്മാർ ജിഹാദ് എന്ന് പേരിട്ടു. ഹമാസ് പോലെ

യുള്ള പല പ്രസ്ഥാനങ്ങളും ഇത്തരം ആശയങ്ങളിൽ നിന്നാണ് പ്രചോദനം ഉൾക്കൊള്ളുന്നത്. ആധുനിക മിലിറ്ററി ടെക്നോളജി, സാറ്റലൈറ്റുമായി ലിങ്ക് ചെയ്ത അതിന്റെ പ്രയോഗം, സൂക്ഷ്മ ലക്ഷ്യവേധിയായ മിസൈലുകൾ, യുദ്ധ സംബന്ധമായ മനശാസ്ത്ര മാധ്യമ യുദ്ധം, റോബോട്ടിക്സ്, അന്തർവാഹിനി മുതൽ ആറ്റം ബോബ് വരെയുള്ള യുദ്ധ സന്നാഹങ്ങൾ മുതലായവയെ കൈയ്യിലുള്ളവരാണ് പ്രതിയോഗികൾ. സായുധ ജിഹാദ് മുഖ്യ അജണ്ടയായി കരുതുന്നവരുടെ കൈയ്യിലുള്ള നാമമാത്രമായ ആയുധങ്ങൾ പോലും പ്രതിയോഗികൾ നിർമ്മിച്ചതാണ്! ഇതൊന്നും കൈയ്യിലില്ലാതെ ആ ശാസ്ത്രങ്ങളൊന്നും പഠിക്കാൻ ശ്രമിക്കാതെ ജിഹാദ് ഒരു ആവേശമായി കൊണ്ട് നടന്ന് ബോലോ തക്ബീർ വിളിച്ച് കൂട്ടത്തോടെ മരിച്ചു വീഴുന്ന ഇവർ ചെയ്യുന്ന അപരാധവും ബുദ്ധിശൂന്യതയും എന്താണെന്ന് ഇവർ തിരിച്ചറിയുന്നില്ല. ഈ മിലീഷ്യകളെ പണ്ട് സദ്ദാം ഹുസൈനെയും ഗദ്ദാഫിയെയും വിശേഷിപ്പിച്ചത് പോലെ പശ്ചാത്യ മാദ്ധ്യമങ്ങൾ അതികായന്മാരായും അജയ്യ പോരാളികളായും വിശേഷിപ്പിക്കാറുണ്ട്. ആ പ്രചാരണം കേട്ട് ജിഹാദ് ആവേശമുള്ളവർ കോൾമയിർ കൊള്ളാറുണ്ട്. പിന്നീട് ജിഹാദികളായവരെ നിഷ്ഠൂരമായി വക വരുത്തുമ്പോൾ ലോകത്തിന്റെ കുറ്റപ്പെടുത്തൽ ഒഴിവാക്കാനാണ് ഈ മുസ്ലിം പോരാളികളുടെ ഇല്ലാത്ത ശക്തിയെ ഊതിവീർപ്പിക്കൽ.

ഒരു പക്ഷേ ഫലസ്തീൻ പ്രശ്നം ലോകത്ത് വിശിഷ്യാ മുസ്ലിം ലോകത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനുള്ള അതിസാഹസികവും വിനാശകരവുമായ ശ്രമമായിരിക്കാം ജിഹാദീ ശൈലിയിലുള്ള ഹമാസിന്റെ ഒക്ടോബർ 7 നുള്ള ആക്രമണമയി കരുതാം. ഇസ്ലാമിനെ സംബന്ധിച്ചേടത്തോളം സായുധ ജിഹാദ് അപ്രസക്തവും അപകീർത്തികരവുമായ ഒരു സിദ്ധാന്തമാണ്. ശാന്തിതേടുന്ന ഒരു മതവും തങ്ങളുടെ മതവിശ്വാസത്തോടൊപ്പം അത്തരം ഒരു സിദ്ധാന്തം കൊണ്ടു നടക്കാറില്ല.

അവസാനകാലത്ത് കൈയ്യിൽ വാളുമായി വന്ന് മസീഹ് ഘോര യുദ്ധം നടത്തിയാണ് ഇസ്ലാമിനെ വിജയിപ്പിക്കുക എന്ന് മുസ്ലിംകളിലെ ഒരു കൂട്ടർ വിശ്വസിക്കുന്നു. ഇത്രയും ആർദ്രപൂരിതമായ അധ്യാപനങ്ങളും ധാർമ്മിക സമ്പന്നമായ പാഠങ്ങളും അജയ്യമായ യുക്തി ന്യായങ്ങളും അനിഷേധ്യമായ ദൈവശാസ്ത്രവുമുള്ള ഇസ്ലാംമതത്തെ അവസാനം വിജയിപ്പിക്കാൻ ഖഡ്ഗപാണിയായ ഒരു യോദ്ധാവ് ആകാശത്ത് നിന്ന് ഇറങ്ങിവന്ന് ജിഹാദിലൂടെ വിജയിപ്പിക്കുമെന്ന സങ്കൽപ്പം ഇസ്ലാമിന് എത്രമാത്രം അപഹാസ്യവും അപകീർത്തികരവുമാണ് എന്ന് ഇവർ മനസ്സിലാക്കുന്നില്ല. ഈ ജിഹാദിന്റെ തത്വശാസ്ത്രവും അതിന്റെ രാഷ്ട്രീയവത്ക്കരണവും മുസ്ലിംകൾക്കുണ്ടാക്കിയ നാശത്തിനും പിന്നോക്കാവസ്ഥക്കും കൈയ്യും കണക്കുമില്ല. എതിരാളികൾക്ക് ഇസ്ലാം ജിഹാദിന്റെ മതമാണെന്ന അപഖ്യാതി പരത്തുവാനും അത്‌വഴി അക്രമിക്കാനുള്ള അവസരവുമാണ് നൽകുന്നത്. ഈ ജിഹാദാണ് ഇസ്ലാമിന്റെ ജീവ നാഡിയെന്നാണ് മതരാഷ്ട്ര മൗലിക വാദം പ്രചരിപ്പിക്കുന്ന മുസ്ലിംകളിലെ ഒരു പ്രബല വിഭാഗം പറയുന്നത്. ഇത്തന്നെയാണ് സയണിസവും ചെയ്യുന്നത്. സിയോൺ തീർത്ഥാടനം എന്ന യഹൂദമതത്തിലെ ആത്മീയ സങ്കൽപ്പത്തെ രാഷ്ട്രീയവത്ക്കരിച്ച് അധികാര കേന്ദ്രിതമായ ഒരു രാഷ്ട്രത്തിന് വേണ്ടിയുള്ള പോരാട്ട സമരമാക്കി അവർ മാറ്റുകയാണ് ചെയ്തത്. ഇങ്ങനെ മുസ്ലിംകളിൽ ജിഹാദ് നടത്തി പോരടിച്ച് ഈയ്യാം പാറ്റകളെ പോലെ മരിച്ചു വീഴുകയും നാശം ഏറ്റുവാങ്ങുകയും ചെയ്യുന്ന അവസരത്തിൽ പലവഴികളിലൂടെയും ജിഹാദീ തത്ത്വശാസ്ത്രത്തെ അവർ തങ്ങളുടെ വിപുലമായ മാദ്ധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും മുസ്ലിംകളുടെ ജിഹാദീ വികാരങ്ങളെ ത്രസിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഖുർആൻ പറഞ്ഞത് ഏത് വിയോജിപ്പികളെയും സംവാദം കൊണ്ട് നേരിടുവാനാണ്. **'തത്ത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗ്ഗത്തിലേക്ക് നീ (ജനങ്ങളെ) ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക.' (അന്നഹ്ൽ 16: 126)** ആ ബൗദ്ധികവും ധൈഷണികവുമായ സംവാദങ്ങളാണ് ഫലസ്തീനോട് അനുഭാവമുള്ളവർ നടത്തേണ്ടത്. സത്യാന്വേഷികൾ സത്യവും നീതിയും എളുപ്പത്തിൽ തിരിച്ചറിയും. മാറാരോഗികളിൽ മരുന്ന് പ്രവർത്തിക്കാത്തത് പോലെ, ഹൃദയം ദുഷിച്ചു പോയവരിൽ സത്യവും നീതിയും യാതൊരു ചലനവും ഫലവും സൃഷ്ടിക്കില്ല. അത് മരുന്നിന്റെ കുഴപ്പമല്ല അതിന്റെ സ്വീകർത്താക്കളുടെ കുഴപ്പമാണ്.

ആധുനിക ഡിജിറ്റൽ ലോകം തുറന്ന സംവാദങ്ങൾക്കും ചർച്ചകൾക്കുമുള്ള വാതായനങ്ങൾ തുറന്ന് തന്നിരിക്കുന്നു. വിവര സാങ്കേതിക വിദ്യയുടെ വിപ്ലവകരമായ പരിവർത്തനങ്ങൾ വാർത്തകളെ പഴയത് പോലെ അധികാര സ്ഥർക്കും കുത്തക മാദ്ധ്യമങ്ങൾക്കും തമസ്ക്കരിക്കാനും വളച്ചൊടിക്കാനും കഴിയാതെയാക്കിയിട്ടുണ്ട്. അത്കൊണ്ട് നിക്ഷിപ്ത താൽപര്യക്കാരുടെ പ്രചാരണങ്ങളെ മറികടന്ന് ഫലസ്തീൻ പ്രശ്നത്തിന്റെ സത്യം ലോകത്ത് പൂർവ്വാധികം പ്രചരിച്ചുകൊണ്ടിരിക്കുന്നു. ഫലസ്തീന് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് അമേരിക്കയിലും ബ്രിട്ടനിലും പാശ്ചാത്യ നാടുകളിലുമടക്കമുള്ള ലോക തലസ്ഥാനങ്ങളിൽ വൻ റാലികളും പ്രതിഷേധങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. എന്തിനധികം ഇസ്റയേലിൽ പോലും നീതിക്ക് വേണ്ടിയുള്ള മുറവിളി ഉയരുന്നു.

ഫലസ്തീൻ പ്രശ്നം ഒരു മത പ്രശ്നമല്ല മാനവീയ പ്രശ്നമാണ്. ഹൃദയത്തിൽ നന്മസൂക്ഷിക്കുന്ന ലോകമാകെയുള്ള നിരവധി യുവതീ യുവാക്കളും വിദ്യാർത്ഥികളും വനിതകളും പത്രപ്രവർത്തകരും ബുദ്ധിജീവികളും ആക്റ്റിവിസ്റ്റുകളും സത്യമറിയാനും പ്രതിഷേധിക്കുവാനും മുന്നോട്ട് വന്നുകൊണ്ടിരിക്കുന്നു. പ്രശ്നത്തിന്റെ നിജസ്ഥിതി ആ നിഷ്ക്കളങ്കരുമായി പങ്കുവെക്കുകയാണ് ഫലസ്തീനോട് അനുഭാവമുള്ളവർ ചെയ്യേണ്ടത്.


**ബൈബിൾ നീതി വാക്യം: നീതിമാന്മാർക്ക് നീക്കി വെച്ച ദേശത്ത് ദുഷ്ടതയുടെ ചെങ്കോൽ വാഴുകയില്ല.(സങ്കീർത്തനം 125:3) ഞാൻ കണ്ടിടത്തോളം അധർമ്മത്തെ ഉഴുതിളക്കി വിന വിതക്കുന്നവൻ അതുതന്നെ കൊയ്യുന്നു. ദൈവ നിശ്വാസത്താൽ അവൻ നശിക്കുന്നു. (ഇയ്യോബ് 4:8)**




കോഴിക്കോട് ലജ്നാ ഇമാഇല്ലായുടെ ആഭിമുഖ്യത്തിൽ കേശവമേനോൻ ഹാളിൽ 'സ്ത്രീകളും സാമൂഹിക സമാധാനവും' എന്ന വിഷയത്തെ അധികരിച്ചു നടന്ന സെമിനാറിൽ കോഴിക്കാട് മേയർ ബീനാ ഫിലിപ്പ് മുഖ്യ പ്രഭാഷണം നടത്തുന്നു. ഡോ. വസീമ സാഹിബ (പ്രസിഡണ്ട്, കോഴിക്കോട് ലജ്നാ), സിദ്ധീക്ക സയീദ് സാഹിബ (പ്രസിഡണ്ട്, ലജ്ന കോഴിക്കോട് ജില്ല), സഫിയാ ബീഗം സാഹിബ (കൊടിയത്തൂർ), ശ്രീമതി പ്രമീള, ഡോ. ജിഷ്ന എന്നിവർ വേദിയിൽ

## അനുസ്മരണം

# സൈനുൽ ആബ്ദീൻ സാഹിബ്



കൂടാളി ജമാത്തിലെ അംഗവും മർഹൂം കണ്ടനാട് അബൂബക്കർ കുഞ്ഞ് സാഹിബിന്റെയും മർഹൂം ആയിഷാ കുഞ്ഞ് സാഹിബയുടെയും (കരുനാഗപ്പള്ളി) മകനായ സൈനുൽ ആബ്ദീൻ സാഹിബ് ജൂൺ 5 ാം തിയ്യതി വഫാത്തായി. ഇന്നാലില്ലാഹി....

വിശുദ്ധ ഖുർആൻ നിരന്തരം പരായണം ചെയ്യുകയും നമസ്ക്കാരത്തിൽ കൃത്യത പാലിക്കുകയും ചെയ്യുന്ന ഭക്തനായ ഒരഹ്മദിയായിരുന്നു. ദീർഘകാലമായി അൻസാറുല്ലാഹ് മാൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു. ജാതിമത ഭേദമന്യേ എല്ലാവരോടും അടുപ്പമുണ്ടായിരുന്ന ആളായിരുന്നു പരേതൻ. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

**ഭാര്യ:** എം. പി. ഹാജറ. **മക്കൾ:** സുമയ്യ (ചെന്നൈ), സാജിദ്, നിഷാദ് (ദുബായ്). **മരുമക്കൾ** ഷറഫുദ്ദീൻ (ചെന്നൈ), ഫർസാൻ (കോഴിക്കോട്), നിഷാന (കോഴിക്കോട്).

പേജ് 15 ൽ നിന്ന് തുടർച്ച

ഏർപ്പെടുത്തുന്നതായി നാം കാണുന്നു. പക്ഷേ അക്ഷരാർത്ഥത്തിൽ തന്നെ സ്വർണ്ണത്തിന്റെ മലകൾ ഉണ്ടായിരുന്നിട്ടും സുരക്ഷാ സന്നാഹങ്ങളുടെ കാര്യത്തിൽ ഇവിടെ വെറും ശൂന്യമാണ്. ഇപ്പോഴത്തെ പ്രതിരോധ സന്നാഹങ്ങളൊന്നും തന്നെ അവിടുത്തെ സമ്പത്തുമായി താരതമ്യം ചെയ്യുമ്പോൾ ഒന്നുമല്ല. എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു?! എന്തുകൊണ്ട് ഈ ഭൂവിഭാഗം ഇത്ര ദുർബലമാക്കപ്പെടുന്നു. ഇതേ സമയം അതിന്റെ നിസ്സാരമായ അംശം ഉൾക്കൊള്ളുന്നതും എണ്ണ സമ്പത്ത് ഇല്ലാത്തതുമായ ഇസ്റായേൽ അസാധാരണമാം വിധം സംരക്ഷിക്കപ്പെടുന്നു. ഈ കടംകഥയുടെ ഉത്തരം ഇപ്പോൾ വ്യക്തമായിരിക്കുന്നു

മറ്റൊരു ദുർഗ്രഹത പ്രസിഡന്റ് സദ്ദാം ഇപ്പോഴത്തെ പ്രശ്നത്തെ സമാനമായ മറ്റൊരു പ്രശ്നവുമായി ബന്ധിപ്പിക്കാൻ ശ്രമിച്ചതിനെ നിഷ്ക്കരുണം തള്ളിക്കളഞ്ഞു എന്നതാണ്. സദ്ദാമിന്റെ നിർദ്ദേശം സ്വീകരിക്കുന്നുവെങ്കിൽ ഈ പ്രശ്നം ലളിതമായി അവസാനിപ്പിക്കാമായിരുന്നു. അതായത് സദ്ദാം ഹുസൈൻ കുവൈറ്റിലുള്ള തന്റെ മുന്നേറ്റം നിർത്തി പിൻവാങ്ങുന്നതോടൊപ്പം തന്നെ ജൂതന്മാർ അല്ലെങ്കിൽ സിയോണിസ്റ്റുകൾ കിഴക്കൻ ജോർദ്ദാന്റെ വെസ്റ്റ് ബാങ്കിൽ നിന്ന് പിൻവാങ്ങുക. പക്ഷേ അമേരിക്കയും സഖ്യകക്ഷികളും ഈ നിർദ്ദേശത്തെ തിരസ്ക്കരിക്കുന്ന കാര്യത്തിൽ ഉറച്ചു നിൽക്കുകയാണ് ചെയ്തത്.

Published on 07.11.2023

Pages 44

Vol: 95 Issue. 11
Price Rs. 30/-

RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly


## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ**

---

*കൂടുതൽ വിവരങ്ങൾക്ക്*

മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഇമെയിൽ sathyadoothan1@gmail.com
Phone No: 9447086862 (G. Pay)

ISLAM INTERNATIONAL PUBLICATIONS

Scan and pay with any BHIM UPI app

G Pay PhonePe Paytm


Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at A-One Offset Prints, Ramanattukara, Calicut, Kerala - 673 633.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim